# പുതിയനിയമ
# പഠനസഹായി

**റ്റി. കെ. ഏബ്രഹാം**


**ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**
**ന്യൂ ടെസ്റ്റമെന്റ് കമന്ററി**
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

## ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,
**റ്റി. കെ. ഏബ്രഹാം**

## അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

### 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

### ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കൊ. 24:27,44).

### ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

### പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

### സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

### ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# ലൂക്കൊസ് എഴുതിയ സുവിശേഷം

## അദ്ധ്യായം 1

## ക്രിസ്തുവിന്റെ ആഗമനം

**വായനഭാഗം: 1,2 അദ്ധ്യായങ്ങൾ**

### 1. ലൂക്കൊസ്

യേശുക്രിസ്തുവിന്റെ ശിഷ്യനും, അപ്പൊസ്തലനായ പൗലൊസിന്റെ സഹകാരിയും ആയിരുന്നു. കൂടാതെ താൻ ഒരു ഡോക്ടറും തെയോഫിലോസ് എന്ന റോമൻ ഉദ്യോഗസ്ഥപ്രധാനിയുടെ സ്നേഹിതനും ഒരു സൂക്ഷ്മ ചരിത്രകാരനുമായിരുന്നു. ക്രിസ്തുശിഷ്യനായിരുന്ന തെയോഫിലോസിന് എഴുതിയ ഈ സുവിശേഷത്തിന്റെ ഉദ്ദേശം താൻ ക്രിസ്തുവിനെക്കുറിച്ചുള്ള സംഗതികൾ എത്രയും സത്യമാണെന്ന് ഗ്രഹിക്കേണ്ടതിനാണ്. യേശുക്രിസ്തുവിനെ നിസ്തുല്യനായ രക്ഷകനും, സകല അനുഗ്രഹങ്ങളുടെയും ദാതാവുമായി ഈ സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. പാപത്തിന് അടിമപ്പെട്ടുപോയ ലോകത്തോടുള്ള ദൈവത്തിന്റെ മഹാസ്നേഹം വ്യക്തമാക്കുന്ന സുവിശേഷമാകുന്നു ഇത്.

### 2. ക്രിസ്തുവിന്റെ മുന്നോടി (1:5–25, 57–80, 3:1–20)

പുരോഹിതനായ സെഖര്യാവും ഭാര്യ എലീശബെത്തും വൃദ്ധരായി രുന്നു. അവർ ഒരു മകനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പുരോഹിതനായ സെഖര്യാവിന് ഗബ്രീയേൽ ദൂതൻ പ്രത്യക്ഷപ്പെട്ട് ക്രിസ്തുവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിവു നൽകി. അവൻ അത് വിശ്വസിക്കുവാൻ മടിച്ചു. തൽഫലമായി യോഹന്നാൻ ജനിക്കുവോളം സെഖര്യാവ് ഊമനായിരിക്കേണ്ടതായി വന്നു. ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ല എന്ന് വിശ്വസിച്ചുകൊണ്ട് പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനു മുന്നോടി ആയിരുന്നു (മലാ. 3:1). അവൻ ദൈവത്താൽ അയയ്ക്കപ്പെട്ടവൻ ആണ്. ക്രിസ്തുവിന് ആറു മാസം മുമ്പ് യോഹന്നാൻ ജനിച്ചു. ക്രിസ്തുവിന് വഴി ഒരുക്കുവാൻ യോഹന്നാൻ വന്നു. അവന്റെ ജനനം ഒരു പ്രവചനനിവൃത്തി ആയിരുന്നു (യെശ. 40:3–5). ദൈവപുത്രനായ ക്രിസ്തുവിനെ സാക്ഷിക്കുന്ന പ്രവാചകനായിരുന്നു യോഹന്നാൻ.

### 3. യോഹന്നാന്റെ യോഗ്യതകൾ

1. ദൈവത്താൽ അയയ്ക്കപ്പെട്ട പ്രവാചകൻ (യോഹ. 3:28).
2. ക്രിസ്തുവിന് മുന്നോടിയായി നിയമിക്കപ്പെട്ടവൻ (യെശ. 40:3).
3. അമ്മയുടെ ഗർഭത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞവൻ (ലൂക്കൊ. 1:15).
4. വീഞ്ഞും മദ്യവും കുടിച്ചിരുന്നില്ല. അതുകൊണ്ട് യോഹന്നാൻ സ്നാപകൻ നാസീർ വ്രതം എടുത്തു എന്ന് കരുതാം. ‘അവർ വീഞ്ഞും മദ്യവും വർജ്ജിക്കണം. തലമുടി വളർത്തണം. ശവത്തെ തൊടരുത്’ എന്നീ നിബന്ധനകൾക്ക് വിധേയരായിരുന്നു. ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട ജീവിതത്തെ അത്രെ ഇത് കാണിക്കുന്നത്. കർത്താവിൽ സന്തോഷിക്കയും കർത്താവിനുവേണ്ടി നിന്ദ സഹിക്കയും പാപത്തോട് വേർ പെട്ട് ജീവിക്കയും ചെയ്യുന്നവനായിരുന്നു യോഹന്നാൻ (സംഖ്യാ. 6:3–6).
5. സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല എന്ന സാക്ഷ്യം ക്രിസ്തുവിൽനിന്നും ലഭിച്ചിരുന്നു (മത്താ. 11:11). പഴയനിയമ പ്രവാചകന്മാരിൽ യോഹന്നാനു മാത്രമേ ക്രിസ്തുവിനെ കാണുവാൻ സാധിച്ചിരുന്നുള്ളൂ എന്ന സത്യമത്രെ ക്രിസ്തു ഇവിടെ വ്യക്തമാക്കിയത്.
6. ലളിതജീവിതം നയിച്ചു (മത്താ. 3:4).
7. പാപത്തെ ചൂണ്ടിക്കാണിച്ച ധീരനായ പ്രവാചകൻ.
8. ജീവിതലക്ഷ്യം, ക്രിസ്തുവിന്റെ മഹത്വം ആയിരുന്നു. യോഹന്നാന്റെ സാക്ഷ്യം അത് വ്യക്തമാക്കുന്നു:
   - ഞാൻ ക്രിസ്തുവല്ല (യോഹ. 1:20).
   - ഏലീയാവോ, മോശെ വാഗ്ദത്തം ചെയ്തിരുന്ന പ്രവാചകനോ അല്ല (1:21).
   - മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദം മാത്രമാകുന്നു (1:23).

- ക്രിസ്തുവിന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ യോഗ്യനല്ല (1:27).
- ഞാൻ മണവാളന്റെ (ക്രിസ്തു) സ്നേഹിതൻ ആകുന്നു. അവന്റെ സ്വരം കേട്ട് അത്യന്തം സന്തോഷിക്കുന്നു (3:29).
- ക്രിസ്തു വളരേണം, ഞാനോ കുറയേണം (3:30).

### 4. യോഹന്നാന്റെ സന്ദേശങ്ങൾ

1. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" (മത്താ. 3:2). മാനസാന്തരംകൊണ്ടുള്ള ആശയം മനസ്സിനുണ്ടാകുന്ന വ്യത്യാ സവും തൽഫലമായി ജീവിതത്തിൽ വരുന്ന മാറ്റവും ആണ്. മാനസാന്തരപ്പെടുമ്പോൾ പാപത്തെക്കുറിച്ചുള്ള ബോധം ഉണ്ടാകയും അത് ഉപേക്ഷിച്ചുകൊണ്ട് ദൈവത്തിങ്കലേക്ക് മടങ്ങുകയും ചെയ്യുന്നു.
2. "കർത്താവിന്റെ വഴി ഒരുക്കുവിൻ. അവന്റെ പാത നിരപ്പാക്കുവിൻ... സകലജഡവും ദൈവത്തിന്റെ രക്ഷയെ കാണും" (ലൂക്കൊ. 3:4-6). മശിഹയുടെ വരവിനായി ജനം മാനസാന്തരപ്പെടുവാൻ യോഹന്നാൻ ആഹ്വാനം നൽകി.
3. മാനസാന്തരപ്പെട്ടവരെ യോർദ്ദാനിൽ സ്നാനപ്പെടുത്തി (മത്താ. 3:6).
4. മാനസാന്തരസ്നാനത്തിനായി യോഹന്നാനെ സമീപിച്ച കപടഭക്തരായ പരീശന്മാരെയും പ്രമാണികളെയും ശാസിച്ചു (മത്താ. 3:7-10).
5. ക്രിസ്തുവിന്റെ വ്യക്തിമാഹാത്മ്യവും ശുശ്രൂഷയുടെ സ്വഭാവവും വ്യക്തമാക്കി. 'അവൻ എന്നിലും ബലവാനാകുന്നു. ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവരെ പരിശുദ്ധാത്മാവുകൊണ്ട് സ്നാനം കഴിപ്പിക്കും' (ലൂക്കൊ. 3:16). അത് പെന്തക്കൊസ്തുനാളിൽ സംഭവിച്ചു. തന്റെ രണ്ടാം വരവിൽ ക്രിസ്തുവിൽ വിശ്വസിക്കാത്തവരെ തീകൊണ്ട് അന്ത്യസ്നാനം കഴിപ്പിക്കും. ഇത് അന്ത്യന്യായവിധിയെ കാണിക്കുന്നു.
6. ചുങ്കക്കാർക്ക് നൽകിയ സന്ദേശം: "നിങ്ങളോട് കല്പിച്ചതിൽ അധികം ചുങ്കം പിരിക്കരുത്" (ലൂക്കൊ. 3:13).
7. പടയാളികൾക്കുള്ള സന്ദേശം: "ആരെയും ബലാൽക്കാരം ചെയ്യാതെയും ചതിവായി ഒന്നും വാങ്ങാതെയും നിങ്ങളുടെ ശമ്പളം മതി എന്നു വെപ്പിൻ" (ലൂക്കൊ. 3:14).
8. മാനസാന്തരത്തിനായി യോഹന്നാനെ സമീപിച്ച പുരുഷാരത്തിന് നൽകിയ സന്ദേശം: "രണ്ട് വസ്ത്രമുള്ളവർ ഇല്ലാത്തവന് കൊടുക്കട്ടെ. ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെ ചെയ്യട്ടെ" (ലൂക്കൊ. 3:11).

### 5. ക്രിസ്തു യോഹന്നാൻ സ്നാപകനെക്കുറിച്ച് സാക്ഷിച്ചിട്ടുള്ളത് ശ്രദ്ധേയമത്രെ

1. "സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും ഇല്ല" (മത്താ. 11:11).
2. ''യോഹന്നാൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്ക് ആയിരുന്നു'' (യോഹ. 5:35).

യോഹന്നാൻ ഹെരോദാവിന്റെ പാപം ചൂണ്ടിക്കാണിച്ചു. അവൻ സഹോദരന്റെ ഭാര്യയെ വിവാഹം ചെയ്തത് തെറ്റാണെന്ന് പ്രസ്താവിച്ചതിന്റെ ഫലമായി കാരാഗൃഹത്തിൽ യോഹന്നാന് കഴിയേണ്ടതായി വന്നു. അവിടെ അവൻ ക്രിസ്തുവിനെ സംശയിച്ചു. 'ക്രിസ്തു മശിഹാ ആണെങ്കിൽ അവന്റെ മുന്നോടിയായ എനിക്ക് ഇങ്ങനെ സംഭവിക്കുമോ' എന്ന് യോഹന്നാൻ ചിന്തിച്ചിരിക്കണം. മനുഷ്യന്റെ ബലഹീനതകൾക്ക് യോഹന്നാൻ അതീതനല്ലായിരുന്നു. എന്നാൽ ആ യോഹന്നാനെക്കുറിച്ച് കർത്താവു പ്രസ്താവിച്ചിരിക്കുന്നത് "അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായിരുന്നു" എന്നത്രെ. ഒരു മെഴുകുതിരിക്കു സമം ജ്വലിച്ച് പ്രകാശിക്കുന്ന അനുഭവം. അല്പകാലം മാത്രമേ കത്തിജ്വലിച്ചു പ്രകാശം നൽകുവാൻ ദീപത്തിന് സാധിക്കുകയുള്ളൂ. അങ്ങനെ ക്രിസ്തുവിന്റെ സാക്ഷികളായി നമുക്ക് ജ്വലിച്ചു ശോഭിക്കാം.

### 6. ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള പ്രഖ്യാപനം

മറിയയ്ക്ക് ഗബ്രീയേൽ ദൂതൻ പ്രത്യക്ഷപ്പെട്ട് യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിവു നൽകി (ലൂക്കൊ. 1:26-38). ഈ ബന്ധത്തിൽ ബൈബിൾ പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധേയമത്രെ. ദൂതൻ അവളോട്, "മറി യയേ, ഭയപ്പെടേണ്ടാ; നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന് യേശു എന്നു പേർ വിളിക്കണം" (1:30,31). ദൂതന്റെ സന്ദേശം മറിയ വിശ്വസിച്ചില്ല. അവൾ കന്യക ആയിരുന്നു. അതിന് ദൂതൻ അവളോട്, "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും" എന്നു പറഞ്ഞു (1:35). ഇവിടെ നാം കാണുന്നത് യേശുവിന്റെ ഉത്ഭവം അത്ഭുതം നിറഞ്ഞതായിരുന്നു എന്നത്രെ. എന്നാൽ അവന്റെ ജനനം സാധാരണ ജനനം ആയിരുന്നു. മറിയ ഒരു മകനു വേണ്ടി പ്രാർത്ഥിച്ചിരുന്നില്ല. അതുകൊണ്ടത്രെ ഗബ്രീയേൽ മറിയയോട് യേശുവിന്റെ ജനനത്തെക്കുറിച്ച് പറഞ്ഞപ്പോൾ അവൾക്ക് വിശ്വസിക്കുവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും സെഖര്യാവിന് ലഭിച്ച തുല്യമായ ശിക്ഷ ലഭിക്കാതിരുന്നത്.

മറിയയ്ക്ക് വിവാഹം നിശ്ചയിച്ചിരുന്ന യോസേഫിനും ദൂതന്റെ മുന്നറിവു ലഭിച്ചു (മത്താ. 1:20-25). യോസേഫ് മറിയയെ വിവാഹം കഴിച്ചിരുന്നില്ല. അവർ കൂടിവരും മുമ്പ് തന്നെ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി. യോസേഫ് നല്ലവനും നീതിമാനും ആയിരുന്നതിനാൽ പൗരസ്ത്യമര്യാദപ്രകാരം അവളെ ഉപേക്ഷിക്കുവാൻ നിശ്ച

യിച്ചു. ഈ സാഹചര്യത്തിലത്രെ ദൂതൻ യോസേഫിന് പ്രത്യക്ഷപ്പെട്ടത്. ദൂതന്റെ ഈ സന്ദേശം ശ്രദ്ധേയമത്രെ: 'മറിയ ഗർഭിണിയായിരിക്കുന്നത് പരിശുദ്ധാത്മാവിനാലാകുന്നു. അവൾ ഒരു മകനെ പ്രസവിക്കും. അവന്റെ പേർ യേശു എന്നായിരിക്കണം. അവൻ പാപികളുടെ രക്ഷകനും ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) എന്ന പേരു ള്ളവനും ആയിരിക്കും.'

## 7. ക്രിസ്തുവിന്റെ ജനനം

**i. നിസ്തുല്യൻ:** യേശുക്രിസ്തുവിന്റെ ജനനം അലൗകികവും അത്ഭുതം നിറഞ്ഞതുമത്രെ. "അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി" എന്നു പറഞ്ഞുകൊണ്ടാണ് മത്തായി സുവി ശേഷം ആരംഭിക്കുന്നത്. അവൻ യെഹൂദന്മാരുടെ രാജാവായി ജനിച്ചു. യേശുക്രിസ്തുവിനെക്കുറിച്ചു പഴയനിയമ ത്തിൽ അനേകം പ്രവചനങ്ങൾ ഉണ്ട്. ക്രിസ്തു സ്ത്രീയുടെ സന്തതിയായി ജനിക്കും എന്ന് 4000 വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ചിരുന്നു (ഉല്പ. 3:15). കന്യകമറിയയ്ക്ക് പ്രത്യക്ഷനായ ദൂതൻ, അവൾ ഒരു മകനെ ഗർഭം ധരിച്ച് പ്രസവിക്കും എന്നു പറഞ്ഞു. അവൻ അത്യുന്നതന്റെ പുത്രനെന്ന് വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന് കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിന് എന്നേയ്ക്കും രാജാവാ യിരിക്കും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ലെന്നും പ്രസ്താവിച്ചു (ലൂക്കൊ. 1:31-33). ലോകരക്ഷിതാ വായി ജനിച്ച ക്രിസ്തു സർവ്വലോകത്തിന്റെയും രാജാവായ നിത്യദൈവത്തിന്റെ നിത്യനായ പുത്രനാകുന്നു.

**ii. ജനിച്ചവൻ:** മത്തായി എഴുതിയ സുവിശേഷത്തിൽ ക്രിസ്തു ജനിച്ചവനാണെന്നുള്ള പ്രസ്താവന ശ്രദ്ധേയമ ത്രെ. ശേഷം മനുഷ്യർ ജനിപ്പിക്കപ്പെട്ടവരാണ്. എന്നാൽ ക്രിസ്തു മാത്രം ജനിച്ചവനാണ് (1:16). വിദ്വാന്മാർ യെരൂ ശലേമിൽ എത്തിയപ്പോൾ ചോദിച്ചത്, "യെഹൂദന്മാരുടെ രാജാവായി പിറന്ന വൻ എവിടെ?" എന്നായിരുന്നു (മ ത്താ. 2:2). ക്രിസ്തു ജനിച്ചിട്ട് രാജാവായിത്തീർന്നവനല്ല പ്രത്യുത രാജാവായി ജനിക്കുകയായിരുന്നു.

**iii. അത്ഭുത ഗർഭധാരണം:** കന്യകയായ മറിയ ഒരു മകനെ ഗർഭം ധരിച്ച് പ്രസവിക്കുമെന്നുള്ള ദൂതന്റെ പ്രസ്താ വന വിശ്വസിക്കുവാൻ മറിയയ്ക്കു സാധിച്ചില്ല. 'ഇതെങ്ങനെ സംഭവിക്കും' എന്നുള്ള ചോദ്യത്തിന് ദൂതൻ നൽകിയ മറുപടി ശ്രദ്ധേയമത്രെ: "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും" (ലൂക്കൊ. 1:34,35). മറിയയുടെ ഗർഭ ധാരണം അത്ഭുതം നിറഞ്ഞതായിരുന്നു. എന്നാൽ അവൾ ഒരു മകനെ പ്രസവിച്ചതിൽ അസാധാരണത്വം ഒന്നും ഉണ്ടായിരുന്നില്ല. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ല എന്നുള്ള സത്യമത്രെ മറിയയുടെ ഗർഭധാരണത്തിൽ വ്യക്തമാക്കിയിരിക്കുന്നത് (ലൂക്കൊ. 1:37).

**iv. വംശാവലി:** ക്രിസ്തുവിന്റെ വംശാവലിയിൽ അനേകം അത്ഭുതമേറിയ സത്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. മത്താ യിയുടെ സുവിശേഷം 1-ാം അദ്ധ്യായ ത്തിൽ 42 തലമുറകളെ എടുത്തുകാണിച്ചിട്ടുണ്ട്. ലൂക്കൊസ് നൽകുന്ന വംശാവലിയിൽ 74 പേരുകൾ കാണുവാൻ കഴിയും. മത്തായി നൽകുന്ന വംശാവലി ക്രിസ്തുവിന്റെ വളർത്തപ്പ നായ യോസേഫിന്റെ നിരയിലുള്ള ദാവീദിന്റെ മകനായ ശലോമോന്റെ വഴിയിൽ പോകുന്നതാണ്. എന്നാൽ ലൂക്കൊസ് നൽകുന്ന വംശാവലി ദാവീദിന്റെ മകനായ നാഥാന്റെ വഴിയിൽ ഉള്ളതത്രെ. ഉല്പത്തി മുതൽ മലാഖി വരെയുള്ള 2000 വർഷത്തെ ചരിത്രമാണ് സംക്ഷിപ്തമായി ഈ വംശാവലിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അബ്രഹാം മുതൽ ദാവീദ് വരെയുള്ള കാലഘട്ടം ദൈവം യിസ്രായേലിനെ തനിക്കായി വേർതിരിച്ച് അവരെ അനു ഗ്രഹിക്കുന്ന ചരിത്രമാകുന്നു. ദാവീദ് മുതൽ ബാബേൽ പ്രവാസകാലം വരെ യിസ്രായേലിനെ ഭരിച്ച രാജാക്കന്മാ രുടെ ലിസ്റ്റ് കാണാം. ബാബേൽ പ്രവാസത്തിൽനിന്നും സെരൂബ്ബാബേലിന്റെ നേതൃത്വത്തിൽ യിസ്രായേൽ വീണ്ടും യെരൂശലേമിൽ വന്നത് മുതൽ ക്രിസ്തു ജനിക്കുന്നതു വരെയുള്ള തലമുറകളുടെ ലിസ്റ്റാണ് പിന്നീട് വരു ന്നത്. ക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും ദൈവത്തിന്റെ ആലോചനയ്ക്കു ശുശ്രൂഷ ചെയ്യുന്നവരായിരുന്നു. നാലു സ്ത്രീകളുടെ പേരുകൾ വംശാവലിയിൽ വരുന്നുണ്ട്. താമാർ, രാഹാബ്, രൂത്ത്, ഊരീയാവിന്റെ ഭാര്യ. അശുദ്ധരും പുറജാതികളും എന്ന് യെഹൂദന്മാർ വിശേഷിപ്പിച്ച കൂട്ടത്തിൽ ഉള്ളവരാണ് ആ സ്ത്രീകൾ. എന്നാൽ ദൈവത്തിന്റെ തീർന്നുപോകാത്ത ദയ ആർക്കും ലഭ്യമാണ് എന്ന സത്യമാണ് ഈ വംശാവ ലിയിലൂടെ വെളിപ്പെടുത്തുന്നത്. ക്രിസ്തു ഒരു സാങ്കല്പിക പുരുഷനല്ല പ്രത്യുത ചരിത്രയാഥാർത്ഥ്യമാകുന്നു എന്നുള്ള സത്യവും വംശാവലി വ്യക്തമാക്കുന്നുണ്ട്. ഒരു തികഞ്ഞ മനുഷ്യനെ ചിത്രീകരിക്കുന്ന ലൂക്കൊസ്, ക്രിസ്തു വിന്റെ വംശാവലി ആദാമിൽ അവസാനിപ്പിക്കുന്നതും ശ്രദ്ധേയമത്രെ.

**v. വഴിയമ്പലത്തിൽ ജാതനായ ക്രിസ്തു (മത്താ. 2, ലൂക്കൊ. 2):** ലൂക്കൊസും മത്തായിയും ക്രിസ്തുവിന്റെ ജനനവൃത്താന്തം നൽകുന്നുണ്ട്. ക്രിസ്തുവിന്റെ ജനനം യാദൃച്ഛിക സംഭവം അല്ലായിരുന്നു. അത് പ്രവചന നിവൃ ത്തിയായിരുന്നു (മീഖാ 5:2). റോമൻ കൈസറിന്റെ ആജ്ഞപ്രകാരം പേർവഴി (census) ചാർത്തേണ്ടതിനായി മറി യയും അവൾക്ക് വിവാഹം നിശ്ചയിച്ചിരുന്ന യോസേഫും ബേത്ത്ലഹേമിൽ വന്നുചേർന്നു. ദൈവഹിതം നിവൃ ത്തിക്കപ്പെടുവാൻ ഭരണകർത്താക്കളെ നിയന്ത്രിക്കുവാൻ ശക്തിയുള്ളവനാകുന്നു ദൈവം. അവിടെവച്ച് മറിയ ആദ്യ ജാതനായ മകനെ പ്രസവിച്ചു. ശീലകൾ ചുറ്റി വഴിയമ്പലത്തിൽ സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിട ത്തി (ലൂക്കൊ. 2:1-7). ലോകത്തിന്റെ പാപം ചുമന്നൊഴിക്കുവാൻ മനുഷ്യനായി അവതരിച്ച ദൈവപുത്രന് കിടക്കു വാനായി ലഭിച്ച ഇടം ഒരു പശുത്തൊട്ടി മാത്രമായിരുന്നു. ഇന്നും ക്രിസ്തുവിന് വസിക്കുവാൻ മനുഷ്യഹൃദയങ്ങ ളിൽ സ്ഥലം ലഭിക്കുന്നില്ല എന്നത് സത്യമല്ലേ! ദൈവദൂതൻ ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള സന്ദേശം ഒരു

കൂട്ടം ഇടയന്മാരോട് അറിയിച്ചു. ദൈവത്തിന്റെ കുഞ്ഞാടായി അവതരിച്ചവനെ മനസ്സിലാക്കുവാൻ ഇടയ ന്മാർക്ക് അങ്ങനെ പദവി ലഭിച്ചു. അവർ ലോകത്തിന്റെയും മതത്തിന്റെയും ദൃഷ്ടിയിൽ അയോഗ്യരും അശുദ്ധരും ആയിരുന്നു. എന്നാൽ അങ്ങനെയുള്ളവർക്ക് ദൈവം തന്റെ ദയ പ്രകാശിപ്പിച്ചു. ക്രിസ്തു വന്നത് നീതിമാന്മാരെ രക്ഷിപ്പാനായിരുന്നില്ല, പ്രത്യുത പാപികളെ രക്ഷിപ്പാനായിരുന്നു. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം, ദൂതൻ ഇടയന്മാരെ അറിയിച്ചു. അത് 'കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു' എന്നതായിരുന്നു (ലൂക്കൊ. 2:11). നൂറ്റാണ്ടുകളായി ലോകം കാത്തിരുന്ന രക്ഷകന്റെ ജനനമായിരുന്നു അത്. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷത്തിന്റെ വാർത്ത. രണ്ടാമതായി അത് ദൈവമഹത്വത്തിന് യോഗ്യമായ ദൂതായിരുന്നു. മൂന്നാമതായി ദൈവപ്രസാദമുള്ളവർക്ക് ക്രിസ്തുവിന്റെ ജനനം സമാധാനത്തിന്റെ ദൂതാകുന്നു (ലൂക്കൊ. 2:14).

ഇടയന്മാർക്ക് ദൈവിക വെളിപ്പാട് ലഭിച്ചു. അവർക്കുണ്ടായ പ്രതികരണം ശ്രദ്ധേയമത്രെ. അവർ ബേത്ത്ലഹേമിലേക്ക് ഉടനെ പോയി. ബദ്ധപ്പെട്ടു ചെന്ന് ശിശുവിനെ കണ്ടു. പൈതലിനെക്കുറിച്ച് തങ്ങളോട് പറഞ്ഞത് അറിയിച്ചു. കേട്ടവർ എല്ലാവർക്കും അത് ആശ്ചര്യം ഉളവാക്കി. ഇടയന്മാർ ദൈവത്തെ മഹത്വപ്പെടുത്തിയും പുകഴ്ത്തിയുംകൊണ്ട് മടങ്ങിപ്പോയി.

യേശുക്രിസ്തുവിന്റെ സുവിശേഷം മഹാസന്തോഷത്തിന്റെ ദൂതാകുന്നു. മനുഷ്യവർഗ്ഗത്തിന്റെ ഏക രക്ഷാമാർഗ്ഗം ക്രിസ്തു മാത്രമാകുന്നു. പാപികളെ തേടി പാരിൽ പിറന്ന ക്രിസ്തു ഇടയന്മാരുടെ രക്ഷിതാവായി തീർന്നതിന്റെ ഫലമായി അവർ ദൈവത്തെ മഹത്വപ്പെടുത്തി. ആ ക്രിസ്തു താങ്കളുടെ രക്ഷിതാവായി തീർന്നിട്ടുണ്ടോ? ആർക്കും എപ്പോഴും കയറിവരാവുന്ന വഴിയമ്പലത്തിൽ ജാതനായ യേശു, പിശാചും അവന്റെ ദൂതന്മാരും സദാ സൈ്വര്യവിഹാരം നടത്തുന്ന നമ്മുടെ ഹൃദയങ്ങളിൽ ജാതനാകുമ്പോൾ നാം സന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവരായിത്തീരും. ലോകം ക്രിസ്തുമസ്സ് ആഘോഷിക്കുമ്പോൾ ഈ സത്യങ്ങൾ ഗ്രഹിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

**vi. ബേത്ത്ലഹേമിൽനിന്നും യെരൂശലേമിലേക്ക്:** ലൂക്കൊസ് 2-ാം അദ്ധ്യായ ത്തിൽ ക്രിസ്തുവിന്റെ ജനനവൃത്താന്തം കാണാം. അത് പ്രവചനനിവൃത്തിയായിരുന്നു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന് ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് പേർ വിളിക്കും" എന്ന് കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തത് നിവൃത്തിയാകാൻ ഇതൊക്കെയും സംഭവിച്ചു (മത്താ. 1:22,23). മോശെ തുടങ്ങി സകല പ്രവാചകന്മാരും ആരെക്കുറിച്ച് പല നൂറ്റാണ്ടുകൾക്കു മുമ്പ് പ്രവചിച്ചോ, ആ വ്യക്തിയാണ് ബേത്ത്ലഹേമിൽ ജനിച്ച ക്രിസ്തു. എട്ടാം ദിവസം യേശുവിനെ യെഹൂദന്മാരുടെ ന്യായപ്രമാണപ്രകാരം പരിച്ഛേദന ചെയ്തു. അത് അബ്രഹാമിനോടുള്ള ദൈവിക ഉടമ്പടിയുടെ അടയാളമായിരുന്നു. ശിശുവിന് ദൂതൻ കൽപ്പിച്ച പ്രകാരം യേശു എന്നു പേരിട്ടു. യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ്. ദൈവത്താൽ നിയോഗിതനായ ഏകരക്ഷകൻ. ക്രിസ്തു എന്ന പേരിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. യിസ്രായേലിനെ ഭരിക്കുവാനുള്ളവൻ എന്നു സാരം. കർത്താവ് എന്നതിന്റെ വിവക്ഷ മനുഷ്യനായി അവതരിച്ച ദൈവം എന്നാണ്. കർത്താവായ യേശുക്രിസ്തു ദൈവവും രാജാവും ആകുന്നു.

മറിയയുടെ ശുദ്ധീകരണകാലം തികഞ്ഞപ്പോൾ അതായത് നാല്പത് ദിവസങ്ങൾക്ക് ശേഷം യേശുവിനെ ദൈവത്തിനായി സമർപ്പിക്കുന്നതിനായി ദൈവാലയത്തിൽ കൊണ്ടുപോയി. മറിയയുടെ ശുദ്ധീകരണത്തിനായി, സാധുക്കൾക്കുള്ള യാഗങ്ങൾ അർപ്പിക്കുകയും യേശുവിനെ ദൈവത്തിനായി സമർപ്പിക്കുകയും ചെയ്തു. അവിടെ വൃദ്ധനായ ശിമ്യോൻ ശിശുവിനെ കണ്ട മാത്രയിൽ ലോകരക്ഷിതാവായി ദൈവം അഭിഷേകം ചെയ്ത് അയച്ച ശിശുവെന്ന് ആത്മനിയോഗത്താൽ മനസ്സിലാക്കി. ശിശുവിനെ കയ്യിലേന്തി ദൈവ ത്തെ സ്തുതിച്ചു. യേശുവിനെ അവൻ, ജാതികളുടെ പ്രകാശമായും യിസ്രായേലിന്റെ മഹത്വമായും സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന രക്ഷയായും സാക്ഷിച്ചു. ജീവിതത്തിൽ സമാധാനമുള്ളവർ ആകുവാൻ രക്ഷകനായ ക്രിസ്തുവിനെ കാണേണ്ടത് ആവശ്യമാണ് (ലൂക്കൊ. 2:29). യെരൂശലേമിന്റെ വീണ്ടെടുപ്പിനുവേണ്ടി കാത്തിരുന്ന വൃദ്ധയായ പ്രവാചകിയായിരുന്നു ഹന്നാ. അവൾ ദൈവാലയം വിട്ടുപിരിയാതെ കഴിഞ്ഞിരുന്നു. യേശുവിനെ യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനായി അവൾ ഈ സന്ദർഭത്തിൽ മനസ്സിലാക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. അതിനുശേഷം മറിയയും യോസേഫും ശിശുവായ യേശുവിനോടൊപ്പം നസറെത്തിലേക്ക് മടങ്ങിപ്പോയി.

യേശുവിന് രണ്ട് വയസ്സ് പ്രായമുള്ളപ്പോൾ കിഴക്കുനിന്നു വിദ്വാന്മാർ അവനെ സന്ദർശിച്ചു. അവർ വീട്ടിൽ ചെന്ന് ശിശുവിനെ അമ്മയായ മറിയയോടു കൂടെ കണ്ട് വീണ് അവനെ നമസ്കരിച്ചു. ക്രിസ്തു സകല ജാതികളുടെയും ആരാധ്യനാണെന്നുള്ള സത്യം വിദ്വാന്മാരുടെ സന്ദർശനം തെളിയിക്കുന്നു. യെഹൂദന്മാരുടെ രാജാവായി ജനിച്ച ക്രിസ്തുവിനെ തിരിച്ചറിയാനോ ആദരിക്കാനോ ആരാധിക്കാനോ യെഹൂദരാജാവിനോ അന്നത്തെ മതനേതാക്കൾക്കോ കഴിഞ്ഞില്ല. അവരെല്ലാം ക്രിസ്തുവിന് എതിരായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ക്രൂരനായ ഹെരോദാവിന്റെ ദയയില്ലാത്ത കൊലപാതകം ബേത്ത്ലഹേമിലും പരിസരത്തുമുള്ള അനേകം ശിശുക്കൾ മരിക്കുവാൻ കാരണമായിത്തീർന്നു. എന്നാൽ ദൈവം തന്റെ അഭിഷിക്തനെ സൂക്ഷിക്കുവാൻ മിസ്രയീമാണ് തിരഞ്ഞെടുത്തത്. "മിസ്രയീമിൽനിന്ന് ഞാൻ എന്റെ മകനെ വിളിച്ചുവരുത്തി" എന്നുള്ള പ്രവചനനിവൃത്തി ക്രിസ്തുവിൽ ഉണ്ടായി (ഹോശേ. 11:1). ഇവിടെ കാണുന്ന സത്യം ദൈവം തന്റെ അഭിഷിക്തനെ സൂക്ഷിക്കുവാൻ ദൈവജ

നത്തിന്റെ ശത്രുക്കൾ വസിക്കുന്ന മിസ്രയീം തിരഞ്ഞെടുത്തു എന്നുള്ളതാണ്. ഏത് കാലത്തും ദൈവത്തിനെതിരായി മനുഷ്യൻ മത്സരിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്നും അത് ആവർത്തിക്കപ്പെടുന്നു. എന്നാൽ ദൈവത്തിന്റെ പദ്ധതിക്ക് യാതൊരു ഭംഗവും സംഭവിക്കുന്നില്ല (മത്താ. 2).

ഏകദേശം ഒരു വർഷത്തിനുശേഷം യെഹൂദ്യയിൽ ഹെരോദാവിന് പകരം മകനായ അർക്കെലയൊസ് വാഴുന്നു എന്നു കേട്ടതുകൊണ്ട് യോസേഫ് അവിടെ പോകുവാൻ ഭയപ്പെട്ടു. എന്നാൽ സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ട് ഗലീലയിലെ നസറെത്തിലേക്ക് മടങ്ങിപ്പോന്നു (മത്താ. 2:22,23; ലൂക്കൊ. 2:39). യേശുവിന് നസറായൻ എന്നു പേർ ലഭിക്കുവാൻ ഇത് കാരണമായി.

**vii. നസറെത്തിൽനിന്നും യെരൂശലേമിലേക്ക് (ലൂക്കൊ. 2:41-50):** യേശു തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ പെസഹപ്പെരുന്നാളിനു പങ്കുകൊള്ളുവാൻ മാതാപിതാക്കളോടൊപ്പം യെരൂശലേമിലേക്ക് പോയി. പെരുന്നാൾ കഴിഞ്ഞ് മടങ്ങിപ്പോകുമ്പോൾ സഹയാത്രക്കാരുടെ കൂട്ടത്തിൽ യേശു ഉണ്ടായിരിക്കും എന്ന് മാതാപിതാക്കൾ കരുതി. എന്നാൽ അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കളുടെ നടുവിൽ ഇരുന്ന് ചോദ്യങ്ങൾ ചോദിക്കയും സംസാരിക്കയും ചെയ്യുക ആയിരുന്നു. അവന്റെ വാക്കു കേട്ടവർക്കെല്ലാം യേശുവിന്റെ വിവേകത്തിലും ഉത്തരങ്ങളിലും വിസ്മയം തോന്നി. ക്രിസ്തു, എന്നും അത്ഭുത പുരുഷൻ ആകുന്നു. പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. അവന്റെ വാക്കുകൾ ലാവണ്യവാക്കുകൾ ആയിരുന്നു. അവൻ അധികാരമുള്ളവനായിട്ടത്രെ ജനത്തെ ഉപദേശിച്ചത്. ക്രിസ്തുവിന്റെ ഉപദേശങ്ങൾ അവന്റെ പ്രവൃത്തികൾക്ക് യോജിച്ചവ ആയിരുന്നു. സ്വർഗ്ഗസ്ഥപിതാവിന്റെ വേലയിൽ ഇരിക്കേണ്ടതിന് വന്നവനത്രെ ക്രിസ്തു. ദൈവാലയത്തിൽനിന്നും യേശു നസറെത്തിലേക്ക് മടങ്ങുകയും മാതാപിതാക്കന്മാർക്ക് കീഴടങ്ങിയിരിക്കുകയും ചെയ്തു; യോസേഫിനോടു കൂടെ താമസിച്ചു പണിശാലയിൽ വേല ചെയ്തിരുന്നതായി മനസ്സിലാക്കാം. തന്നിമിത്തം ജീവിതത്തിലെ വിവിധ പരിശോധനകളും സാഹചര്യങ്ങളും മനസ്സിലാക്കുവാൻ കർത്താവിന് കഴിഞ്ഞിരുന്നു.

**അദ്ധ്യായം 2**

# ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ഒരുക്കം

**വായനഭാഗം: 3,4 അദ്ധ്യായങ്ങൾ**

**1.** യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പായി യോഹന്നാൻ സ്നാപകനാൽ സ്നാനം ഏറ്റു. യോഹന്നാൻ നൽകിയത് മാനസാന്തരസ്നാനം ആയിരുന്നു. ജനത്തിന് പാപബോധം നൽകുമാറ് ദൈവിക സന്ദേശം അറിയിക്കുന്നവനായിരുന്നു യോഹന്നാൻ. മാനസാന്തരം കൊണ്ടുള്ള വിവക്ഷ, പാപത്തെക്കുറിച്ച് ഓർത്ത് ദുഃഖിച്ച് അനുതപിക്കുകയും, അത് ഉപേക്ഷിച്ചുകൊണ്ട് ദൈവത്തിങ്കലേക്ക് മടങ്ങുകയും ചെയ്യുക എന്നുള്ളതാണ്. രക്ഷിക്കപ്പെടുവാൻ മാനസാന്തരവും ക്രിസ്തുവിലുള്ള വിശ്വാസവും ആവശ്യമാണ്. രക്ഷിക്കപ്പെട്ടവർക്കും മാനസാന്തരത്തിന്റെ അനുഭവം ഉണ്ടായിരിക്കണം. യോഹന്നാന്റെ മാനസാന്തരപ്രസംഗം ജനത്തിന് ആത്മിക ഉണർവ്വിന് മുഖാന്തരമായി ഭവിച്ചു. അവർ ക്രിസ്തുവിനെ സ്വീകരിക്കുവാൻ ഒരുക്കമുള്ളവരായിത്തീർന്നു. ഉണർവ്വ് എന്ന വാക്ക് വളരെ തെറ്റിദ്ധാരണകൾക്ക് വിഷയീഭവിച്ചിട്ടുണ്ട്. പാപങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുമ്പോൾ ഉണ്ടാകുന്ന സമൂലമായ ആത്മിക പരിവർത്തനമാണ് യഥാർത്ഥമായ ഉണർവ്വ്. മാനസാന്തരപ്പെട്ടവരെ യോഹന്നാൻ അതിന്റെ ബാഹ്യയടയാളമായി യോർദ്ദാൻ നദിയിൽ സ്നാനപ്പെടുത്തി.

**2. യേശുവിന്റെ സ്നാനത്തിനുള്ള പ്രത്യേകത (ലൂക്കൊ. 3:21,22)**

ക്രിസ്തു പാപരഹിതൻ ആകയാൽ മാനസാന്തരസ്നാനം ഏൽക്കു വാൻ ആവശ്യമുള്ളവൻ ആയിരുന്നില്ല. എന്നാൽ അവൻ സ്നാനം ഏറ്റത് സകല നീതിയും നിവർത്തിക്കപ്പെടാൻ ആയിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ പാപത്തോട് താദാത്മ്യം പ്രാപിക്കാൻ സ്വമനസ്സാലെ ചെയ്ത ഒരു പ്രവൃത്തി മാത്രമായിരുന്നു യേശുവിന്റെ സ്നാനം. “ലോകത്തിന്റെ പാപത്തെ ചുമ ക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” എന്ന് പ്രസ്താവിച്ചുകൊണ്ട് യോഹന്നാൻ സ്നാപകൻ പുരുഷാരത്തിന് ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചതും ഈ സന്ദർഭത്തിലത്രെ. കൂടാതെ ഈ സന്ദർഭത്തിൽ സ്വർഗ്ഗം തുറന്ന് ദൈവാ ത്മാവ് പ്രാവെന്നപോലെ യേശുവിന്റെ മേൽ വരുന്നത് യോഹന്നാൻ കണ്ടു. “ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” എന്ന് സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദവും ഉണ്ടായി. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങൾ ഒരുമിച്ച് സമ്മേളിച്ച ഒരു രംഗവുമായിരുന്നു ഇത്. ക്രിസ്തുവിന്റെ മുപ്പത് വയസ്സ് വരെയുള്ള ജീവിതത്തെക്കുറിച്ച് സർവ്വജ്ഞാനിയായ പിതാവിന്റെ സാക്ഷ്യവും ഇവിടെ ഉണ്ടായി. കൂടാതെ പരസ്യശുശ്രൂഷയ്ക്കുള്ള പരിശുദ്ധാത്മാവിന്റെ നിറവും ശക്തിയും ക്രിസ്തുവിന് ലഭിക്കുന്നതായും ഇവിടെ കാണാവുന്നതാണ്. ക്രിസ്തു പാപരഹിതൻ ആയിരുന്നു എന്നുള്ളതത്രെ ഇവിടെ വ്യക്തമാകുന്നത്.

**3. യേശുവിന്റെ പരീക്ഷ (ലൂക്കൊ. 4:1-13)**

യോഹന്നാന്റെ കൈക്കീഴ് സ്നാനം ഏറ്റശേഷം ക്രിസ്തുവിനെ ആത്മാവ് മരുഭൂമിയിലേക്കു നടത്തി. പിശാചിനാൽ പരീക്ഷിക്കപ്പെടുക എന്നുള്ളതായിരുന്നു അതിന്റെ ഉദ്ദേശം. പിശാച് ക്രിസ്തുവിനെ പരീക്ഷിച്ചത് യാദൃ

ച്ഛികമായി സംഭവിച്ചതല്ല. യേശുക്രിസ്തു ദൈവപുത്രൻ ആണെന്ന് ദൈവം പ്രഖ്യാപിച്ചതുപോലെ തന്നെ പിശാചും അത് അംഗീകരിക്കുവാൻ ആവശ്യമുണ്ട്. നീ ദൈവപുത്രൻ എങ്കിൽ എന്ന പിശാചിന്റെ വെല്ലുവിളിയെ ക്രിസ്തു നേരിട്ടത് ആ നിലയിൽ ആയിരുന്നു.

മൂന്ന് വിധത്തിലുള്ള പരീക്ഷകളാണ് പിശാച് കൊണ്ടുവന്നത്. ക്രിസ്തു സമ്പൂർണ്ണ മനുഷ്യനായി വന്ന ദൈവ മാണ്. ദേഹം, ദേഹി, ആത്മാവ് എന്നീ മനുഷ്യനിലെ മൂന്ന് ഘടകങ്ങൾ ക്രിസ്തുവിൽ ഉണ്ടായിരുന്നു. മനുഷ്യന്റെ വീണ്ടെടുപ്പിനായി അവതരിച്ച ക്രിസ്തു സമ്പൂർണ്ണൻ ആകുന്നു എന്ന് തെളിയിക്കപ്പെടുവാൻ ഈ പരീക്ഷകൾ ആവശ്യമായിരുന്നു.

1. അപ്പം ശരീരത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. എന്നാൽ അപ്പം ഇല്ലെങ്കിലും ശരീരത്തെ നിലനിർത്തു വാൻ ദൈവത്തിന് കഴിയുമെന്ന് ക്രിസ്തു തെളിയിച്ചു. 'ദൈവപുത്രൻ എങ്കിൽ കല്ല് അപ്പമായിത്തീരുവാൻ കൽപ്പിക്ക' എന്ന് പിശാച് ആവശ്യപ്പെട്ടപ്പോൾ ക്രിസ്തു മറുപടി പറഞ്ഞത്, "മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു" എന്നായിരുന്നു. യിസ്രായേൽ മക്കൾ ക്ക് മരുഭൂമി യിൽ മന്ന കൊടുത്തു പോഷിപ്പിച്ചതിനെക്കുറിച്ച് മോശെ പറഞ്ഞ ഒരു വാക്യമാണിത് (ആവ. 8:3). യിസ്രായേൽ 40 വർഷം മരുഭൂമിയിൽ ജീവി ച്ചത് സ്വർഗ്ഗത്തിൽനിന്നുള്ള അപ്പംകൊണ്ടാണ്, അഥവാ മന്നകൊണ്ടാണ്. ആ മന്ന ക്രിസ്തുവാണെന്ന് യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ട് (6:50,51). സ്വന്തഹിതമല്ല പ്രത്യുത ദൈവഹിതം ചെയ്യുകയാണ് തന്റെ ഉദ്ദേശം എന്ന് ക്രിസ്തു വ്യക്തമാക്കി.

2. ദൈവാലയത്തിന്റെ അഗ്രത്തിൽനിന്ന് താഴോട്ടുചാടി ദൈവപുത്രനെന്ന് തെളിയിക്കുവാനുള്ള വെല്ലുവിളി യായിരുന്നു ക്രിസ്തു രണ്ടാമത് നേരിട്ടത്. സ്വന്തകഴിവ് പ്രദർശിപ്പിക്കുന്ന മനസ്സിന്റെ പ്രേരണയെയാണ് ഈ പരീക്ഷ യിൽ കാണുന്നത്. ദൈവാലയത്തെക്കാൾ വലിയവനായ ക്രിസ്തു ദൈവാലയത്തിന്റെ മുകളിൽനിന്ന് ചാടിയിട്ടു വേണ്ടാ അവൻ ദൈവപുത്രൻ എന്ന് തെളിയിക്കുവാൻ എന്ന് വ്യക്തമാക്കിക്കൊണ്ട് "നിന്റെ ദൈവമായ കർത്താ വിനെ പരീക്ഷിക്കരുത്" എന്ന് യേശു കൽപ്പിച്ചു (മത്താ. 12:6).

3. മൂന്നാമത് 'വീണു നമസ്കരിക്ക' എന്നാണ് പിശാച് പറഞ്ഞത്. ആരാധിക്കുന്ന ഹൃദയത്തിന്റെ അവസ്ഥയെ ആണ് പിശാച് ഇവിടെ സ്പർശിക്കുന്നത്. ദൈവത്തെ ആരാധിക്കേണ്ടത് ആത്മാവിൽ ആകുന്നു. സാത്താനെ ആരാധിക്കുന്നവർക്ക് നിത്യശിക്ഷാവിധിയുണ്ടാകും. ക്രിസ്തുവിന്റെ മറുപടി 'സാത്താനേ, എന്നെ വിട്ടു പോ' എന്നാ യിരുന്നു. ദൈവത്തിനല്ലാതെ വേറെ ആർക്കും സാത്താനെ ശാസിക്കുവാൻ സാധ്യമല്ല. അതിന് അധികാരമുള്ള വൻ ദൈവപുത്രനായ ക്രിസ്തു മാത്രമാണ്. ശിഷ്യനായ തോമസ് ക്രിസ്തുവിനെ വിളിച്ചത് 'എന്റെ കർത്താവും ദൈവവുമായുള്ളോവേ' എന്നാണ് (യോഹ. 20:28). ആദ്യമനുഷ്യനായ ആദാം പിശാചിന്റെ പരീക്ഷയിൽ പരാജയ പ്പെട്ടു. കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ മണ്ഡലങ്ങളിൽ ഉണ്ടായ പരീക്ഷകളെ ജയി ക്കുവാൻ അവൻ പരാജയപ്പെടുകയും മനുഷ്യവർഗ്ഗം പാപത്തിന് അടിമകളാകുകയും ചെയ്തു. എന്നാൽ ഒടുക്കത്തെ ആദാമായ ക്രിസ്തു സാത്താന്റെ മേൽ സമ്പൂർണ്ണവിജയം കൈവരിച്ചു. ക്രിസ്തു എത്ര നിസ്തുല്യൻ! ക്രിസ്തു ദൈവപുത്രൻ എന്ന് സാത്താൻ സമ്മതിച്ചു. സകല പരീക്ഷയും തികച്ച ശേഷം കുറെക്കാലത്തേക്ക് പിശാച് ക്രിസ്തു വിനെ വിട്ടുപോയി. ദൂതന്മാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു.

നമ്മുടെ പരീക്ഷകളിൽ നമ്മെ സഹായിക്കുവാൻ കഴിവും മനസ്സും ഉള്ളവനാണ് ക്രിസ്തു. പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ അവൻ. തൽസമയത്ത് സഹായത്തിനുള്ള കൃപ ലഭി ക്കുവാൻ ധൈര്യത്തോടെ കൃപാസനമായ ക്രിസ്തുവിനെ സമീപിക്കുവാൻ നമ്മെ അവൻ ആഹ്വാനം ചെയ്തിരി ക്കുന്നു. ഈ രക്ഷിതാവിനെ സ്നേഹിച്ചും സേവിച്ചും ജീവിക്കുവാൻ നമുക്ക് ഇടയാകട്ടെ (എബ്രാ. 4:15,16).

## 4. യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം (യോഹ. 1:29-40)

ക്രിസ്തു മരുഭൂമിയിലെ പരീക്ഷയിൽ ജയിച്ചശേഷം യോഹന്നാൻ സ്നാപകൻ പ്രവർത്തിച്ചുകൊണ്ടിരുന്ന യോർദ്ദാന് സമീപം വന്നു. ക്രിസ്തുവിനെ ദർശിച്ച യോഹന്നാൻ "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവ ത്തിന്റെ കുഞ്ഞാട്" എന്ന് സാക്ഷിച്ചു. മനുഷ്യന്റെ കാതലായ പ്രശ്നം പാപ മാകുന്നു. അതിന് പരിഹാരം വരു ത്തുവാൻ ദൈവം മനുഷ്യനായി അവതരി ച്ചതാണ് ക്രിസ്തു. ലോകം എന്ന വാക്കുകൊണ്ടുള്ള വിവക്ഷ മനുഷ്യ വർഗ്ഗം എന്നാണ്. പാപം മുഴുവൻ ചുമക്കുന്ന കുഞ്ഞാടാണ് ക്രിസ്തു എന്നുള്ളത് ശ്രദ്ധിക്കേണ്ട വിഷയം ആകു ന്നു. മനുഷ്യന്റെ വലിയ പാപം അവന്റെ സ്രഷ്ടാവായ ദൈവത്തെയും അവൻ ക്രിസ്തുവിൽക്കൂടി ഒരുക്കിയിട്ടുള്ള രക്ഷാമാർഗ്ഗവും നിരസിക്കുന്നതാണ്. ദൈവവുമായി വിച്ഛേദിക്കപ്പെട്ട ബന്ധം ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണ ത്താൽ പുനഃസ്ഥാപിക്കപ്പെടുന്നു. പാപത്തിന്റെ ശമ്പളം മരണം അത്രെ. എന്നാൽ പാപരഹിതനായ ക്രിസ്തു പാപികളായ നമുക്കുവേണ്ടി മരിച്ചു. അങ്ങനെ ദൈവനീതിക്ക് നിവൃത്തി വരുത്തി. ദൈവം ക്രിസ്തുവിന്റെ പ്രായ ശ്ചിത്തമരണത്തിൽ പ്രസാദിച്ചു എന്നുള്ളതിന്റെ തെളിവാകുന്നു അവന്റെ പുനരുത്ഥാനം. ആ ക്രിസ്തുവിൽ ആശ്ര യിച്ച് വിശ്വസിക്കുന്നവർക്ക് പാപമോചനവും നിത്യജീവനും ഉണ്ട്. ക്രിസ്തുവിനെ ലോകസമക്ഷം ഈ നിലയിൽ ഉയർത്തിക്കാണിക്കുന്നതിനേക്കാൾ വലിയ ഭാഗ്യം മറ്റൊന്നില്ല.

യോഹന്നാൻ പിന്നെയും ക്രിസ്തുവിനെക്കുറിച്ച് സാക്ഷിക്കുന്നത്, "ആത്മാവു പ്രാവുപോലെ സ്വർഗ്ഗ ത്തിൽനിന്നിറങ്ങിവരുന്നത് ഞാൻ കണ്ടു; അത് അവന്റെ മേൽ വസിച്ചു" എന്നാണ്. യേശു ആത്മാവിനാൽ ഉരു വായതു പോലെ അവനെ ശുശ്രൂഷയ്ക്കായി ഒരുക്കുന്നതും പരിശുദ്ധാത്മാവാകുന്നു. ആ സംഭവം മൂന്ന് സത്യ

ങ്ങൾ വ്യക്തമാക്കുന്നു. യേശുവാകുന്നു യഥാർത്ഥ മശിഹാ. അവൻ പരസ്യശുശ്രൂഷയ്ക്കായി ഒരുക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ മുപ്പത് വർഷത്തെ ജീവിതം ദൈവദൃഷ്ടിയിൽ പ്രാധാന്യമുള്ളതായിരുന്നു. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ശ്രേഷ്ഠതയെ വ്യക്തമാക്കിക്കൊണ്ട് "ഞാൻ വെള്ളത്തിൽ മാത്രം സ്നാനം കഴിപ്പിക്കുന്നു, എന്നാൽ അവൻ നിങ്ങളെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കും" എന്ന് പ്രസ്താവിച്ചിരിക്കുന്നതും ശ്രദ്ധേയമത്രെ.

ക്രിസ്തുവിനെ അനുഗമിക്കുവാൻ യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാരെ ആഹ്വാനം ചെയ്തു. രണ്ട് ശിഷ്യന്മാർ അതുകേട്ട് യേശുവിനെ അനുഗമിച്ചു. ഇവരിൽ ഒരാൾ അന്ത്രെയാസും (1:40), മറ്റേത് യോഹന്നാനും ആയിരുന്നു എന്ന് കരുതാം. അവർ ക്രിസ്തുവിന്റെ യാഗമരണത്തിന്റെ സാക്ഷ്യത്താൽ ആകർഷിക്കപ്പെട്ടവരാണ്. ക്രിസ്തുവിനെ പ്രഥമവും പ്രധാന മായും അംഗീകരിക്കേണ്ടത് ഈ വിധം അത്രെ. അവർ കർത്താവിനെ അനുഗമിച്ചു. ആത്മിക കാര്യങ്ങളിൽ വിശ്വാസം മുമ്പെയും അറിവ് പിന്നാലെയുമാണ് ഉണ്ടാകുന്നത്. ലോകത്തിന്റെ പ്രമാണം "കണ്ടാൽ മാത്രമേ വിശ്വസിക്കൂ" എന്നാണ്. ക്രിസ്തീയ ജീവിതത്തിൽ വിശ്വാസത്തിനുള്ള സ്ഥാനം ഒന്നാമതാകുന്നു. അപ്പോൾ നാം ക്രിസ്തുവിനെ അനുഭവിച്ചറിയുന്നവരാകും. ആത്മാർത്ഥതയോടും ആവശ്യബോധത്തോടും കൂടെ ക്രിസ്തുവിനെ അന്വേഷിക്കുന്നവർ ഒരിക്കലും നിരാശരാകയില്ല. 'നിങ്ങൾ എന്ത് അന്വേഷിക്കുന്നു' എന്നുള്ള ചോദ്യത്തിന് അന്ത്രെയാസും യോഹന്നാനും നൽകിയ ഉത്തരം "നീ എവിടെ പാർക്കുന്നു" എന്നായിരുന്നു. അവർക്ക് ക്രിസ്തുവിനെ അറിയുവാനുള്ള ആഴമായ ആഗ്രഹം ഇവിടെ വ്യക്തമാണല്ലോ. ഭൗതിക അനുഗ്രഹങ്ങൾക്കായി ക്രിസ്തുമാർഗ്ഗം അന്വേഷിക്കുന്നവർക്ക് ഇത് ഒരു പാഠമായി ത്തീരട്ടെ. കർത്താവിനോടുകൂടെ ആയിരിക്കുന്നത് മഹാഭാഗ്യമാകുന്നു.

### 5. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിന്റെ സാക്ഷികൾ ആകണം

അന്ത്രെയാസ് ക്രിസ്തുവിനെ അനുഗമിച്ചു. ക്രിസ്തുവിലുള്ള വിശ്വാസവും അവനെക്കുറിച്ചുള്ള അറിവും അന്ത്രെയാസിൽ വലിയ പരിവർത്തനം ഉളവാക്കി. തൽഫലമായി സ്വന്തസഹോദരനായ ശീമോനോട് ക്രിസ്തുവിനെ ക്കുറിച്ച് സാക്ഷിക്കുവാൻ താൽപര്യം ഉള്ളവനായി. കർത്താവിനെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നവരിൽ ഉണ്ടായിരിക്കേണ്ട ഒരു സ്വഭാവവിശേഷമാണ് ഇത്. രഹസ്യശിഷ്യത്വം ബൈബിൾ അനുവദിക്കുന്നില്ല. നാം രക്ഷിക്കപ്പെടുവാൻ യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്യണം (റോമ. 10:9).

രക്ഷിക്കപ്പെട്ടവർ ആദ്യമായി സ്വന്തബന്ധുമിത്രാദികളോടും സ്നേഹിതരോടും ക്രിസ്തുവിനെക്കുറിച്ച് സാക്ഷിക്കുന്നവർ ആകണം. 82 ശതമാനത്തോളം വ്യക്തികൾ രക്ഷിക്കപ്പെടുന്നത് വ്യക്തിപരമായ ഇടപാടുകൾ മുഖാന്തരമാകുന്നു. അന്ത്രെയാസ് ശീമോനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവനെ നോക്കി "നീ യോഹന്നാന്റെ പുത്രനായ ശീമോൻ ആകുന്നു. നിനക്കു കേഫാ എന്നു പേരാകും" എന്നു പറഞ്ഞു. അതായത് അവന് പത്രൊസ് എന്ന പേര് കർത്താവു നല്കി. നാം നിർബന്ധിച്ച് മറ്റുള്ളവരെ കർത്താവിലേക്ക് കൊണ്ടുവരുവാൻ കടപ്പെട്ടവർ ആകുന്നു. അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും ഉതവി ചെയ്യുവാനും നാം മനസ്സുള്ളവർ ആയിരിക്കണം. നമ്മുടെ ജീവിതം മാതൃക ഉള്ളതായിരിക്കണം; അങ്ങനെ നമ്മുടെ പ്രവൃത്തിയും വാക്കുകളും കർത്താവിങ്കലേക്ക് മറ്റുള്ളവർ വരുവാൻ കാരണ മാകട്ടെ. ക്രിസ്തു തന്റെ അടുക്കൽ വരുന്നവരെ മുഴുവനായി അറിയുന്നവൻ ആണ്. അവരെ സ്വീകരിക്കുകയും അവരിൽ പരിവർത്തനം വരുത്തുകയും ചെയ്യുവാൻ ക്രിസ്തു മതിയായവൻ ആകുന്നു.

### 6. ഫിലിപ്പോസിനെ ക്രിസ്തു വിളിക്കുന്നു (യോഹ. 1:43-46)

ആദ്യത്തെ മൂന്ന് ശിഷ്യന്മാർ കർത്താവിന്റെ അടുക്കൽ വരികയായിരുന്നു. എന്നാൽ ഫിലിപ്പോസിനെ ക്രിസ്തു നേരിട്ട് വിളിച്ചു. അവൻ കർത്താവിന്റെ ശിഷ്യനായി. ഒരു യഥാർത്ഥ ശിഷ്യൻ ഗുരുവിന്റെ മാതൃകയെ അനുകരിക്കുന്നവൻ ആയിരിക്കും. ഫിലിപ്പോസ് നഥനയേലിനെ കണ്ട് അവനോട് ക്രിസ്തുവിനെക്കുറിച്ച് സാക്ഷിച്ചു. അവൻ ദൈവത്തെ സ്നേഹിക്കുന്നവനും ന്യായപ്രമാണം അനുസരിക്കുന്നവനും ആയിരുന്നു. "നസറെത്തിൽനിന്നും വല്ല നന്മയും വരുമോ" എന്നുള്ളതായിരുന്നു നഥനയേലിന്റെ ചോദ്യം. യെഹൂദ ന്മാർക്കുള്ള പൊതുവായ ധാരണ അതായിരുന്നു. ഫിലിപ്പോസ് വാദപ്രതിവാദത്തിന് തുനിയാതെ ക്രിസ്തുവിനെ വന്ന് കാണുവാൻ നഥനയേലിനെ ക്ഷണിച്ചു. ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ വേദപാണ്ഡിത്യം ആവശ്യമില്ല. രക്ഷിക്കപ്പെട്ടവർ മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്ക് ആഹ്വാനം ചെയ്യണം. ക്രിസ്തു നമ്മുടെ ജീവിതത്തിൽ വരുത്തിയ വ്യത്യാസം മറ്റുള്ളവരോട് പറയുന്നതുമൂലം നമുക്ക് അവന്റെ സാക്ഷികൾ ആകുവാൻ കഴിയും. ഏത് തരത്തിലുള്ളവരെയും മുഴുവനായി അറിഞ്ഞ് അവരോട് ഏർപ്പെടുവാൻ ദൈവം മതിയായവൻ ആകുന്നു. ആദിമശിഷ്യന്മാർ ക്രിസ്തുവിങ്കലേക്കു വന്നത് പ്രസംഗം, വ്യക്തികളുടെ സ്വാധീനത, നേരിട്ടുള്ള വിളി, സാക്ഷ്യം എന്നീ മുഖാന്തരങ്ങൾ വഴിയായിരുന്നു. നമുക്കും അത് തുടരാം.

### 7. യേശു കാനാവിലെ കല്യാണത്തിൽ (യോഹ. 2)

ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിലെ പ്രഥമ ആഴ്ചയുടെ ഒടുവിലേക്ക് നാം വന്നിരിക്കുകയാണ്. യോഹന്നാന്റെ സുവിശേഷം രണ്ടാം അദ്ധ്യായം ക്രിസ്തുവിന്റെ കരുണയും ശക്തിയും അധികാരവും വെളിപ്പെടുത്തിയ സംഭവങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗലീലയിലെ കാനാവിൽ യേശു തന്റെ ശിഷ്യന്മാരോട് ചേർന്നു കല്യാണത്തിന് പോയി. തന്റെ അമ്മയും ക്ഷണിക്കപ്പെട്ടിരുന്നു. ക്രിസ്തുവിനോട് ബന്ധപ്പെട്ട ഓരോ സംഭവങ്ങളും ചില

ആത്മിക സത്യങ്ങൾ നമുക്ക് നൽകുന്നുണ്ട്. കല്യാണം, മനുഷ്യന്റെ സന്തോഷത്തെയും സംതൃപ്തിയെയും പ്രകടമാക്കുന്ന ആഘോഷമാകുന്നു. കാനാവിലെ കല്യാണത്തിൽ വീഞ്ഞുപോരാതെ വന്നു. ലോകത്തിലെ ആഘോഷങ്ങൾ സമ്പൂർണ്ണമല്ല എന്നുള്ള സത്യമത്രെ ഇത് കാണിക്കുന്നത്.

"യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു" എന്നുള്ള പ്രസ്താവന ശ്രദ്ധേയമത്രെ (2:1). ഇവിടെ ക്രിസ്തുവിനാണ് മുഖ്യസ്ഥാനം. ലൂക്കൊസിന്റെ സുവിശേഷത്തിൽ മറിയ കർത്താവിനെ മഹിമപ്പെടുത്തുകയും രക്ഷിതാവായി അംഗീകരിച്ച് അവനിൽ ഉല്ലസിക്കുകയും ചെയ്തു എന്നത്രെ സൂചിപ്പിച്ചിരിക്കുന്നത് (ലൂക്കൊ. 1:46,47).

അവിടെ വീഞ്ഞ് പോരാതെ വന്നു. വീഞ്ഞ് സന്തോഷത്തെ കാണി ക്കുന്നു. ക്രിസ്തുവില്ലാത്ത ജീവിതം സന്തോഷരഹിതമാണ്. എന്നാൽ അവ നിൽ വിശ്വസിച്ച് ആശ്രയിക്കുന്നവർ സന്തോഷമുള്ളവരാകും. ക്രിസ്തീയ ജീവിതം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ജീവിതമാകുന്നു. സന്തോഷത്തിന്റെ രഹസ്യം കർത്താവിനെ അനുസരിക്കുക എന്നുള്ളതാണ്. രക്ഷിക്കപ്പെട്ടവർ ദൈവവചനം അനുസരിക്കാത്തതിനാൽ സന്തോഷരഹിതരാകുന്നു. അതിനുള്ള പ്രതിവിധി സ്വന്ത പാപങ്ങൾ ഏറ്റുപറഞ്ഞു കർത്താവി നോട് നിരപ്പ് പ്രാപിക്കുകയാണ് (1 യോഹ. 1:9). ലോകത്തിന്റെ മോഹങ്ങളാൽ ആകർഷിക്കപ്പെട്ട് താൽക്കാലിക ഭോഗങ്ങൾക്ക് അടിമപ്പെടുന്നവർ നിത്യസന്തോഷം ഉള്ളവർ ആകുവാൻ ക്രിസ്തുവിൽ ആശ്രയിക്കണം. മതങ്ങളും സൽക്കർമ്മങ്ങളും അതിന് പര്യാപ്തമല്ല. കാനാവിലെ കല്യാണത്തിൽ അവർ ക്രിസ്തുവിനെ അനുസരിച്ചു. അപ്പോൾ സന്തോഷം അവിടെ ഉണ്ടായി. അവർ നല്ല വീഞ്ഞ് കുടിച്ച് തൃപ്തരായി.

ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മദ്യം ഉപയോഗിക്കരുത്. പലരും മദ്യപാനത്തിന് തണലായി ഈ വേദഭാഗം എടുക്കാറുണ്ട്. വൈദ്യവിധിപ്രകാരം മരുന്നായി വീഞ്ഞ് ഉപയോഗിക്കുവാൻ ബൈബിൾ അനുവദിക്കുന്നുണ്ടെ ങ്കിലും, വീഞ്ഞ് കുടിച്ച് മത്തരാകുന്നതിനെ ബൈബിൾ ശക്തിയുക്തം വിലക്കിയിട്ടുണ്ട് (1 തിമൊ. 5:23; 1 കൊരി. 6:10; എഫെ. 5:18).

കാനാവിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയത് ക്രിസ്തു ചെയ്ത ഒന്നാമത്തെ അടയാളമാകുന്നു (2:11). തൽഫലമായി തന്റെ മഹത്വം വെളിപ്പെടുത്തുകയും ശിഷ്യന്മാർ അവനിൽ വിശ്വസിക്കുകയും ചെയ്തു. യേശുവിന്റെ അതിശയപ്രവൃത്തികളെ അടയാളങ്ങൾ എന്നു വിളിക്കുന്നു. അവൻ ദൈവപുത്രനാകുന്നു എന്നുള്ളതിന്റെ അടയാളമായിരുന്നു അത്. അടയാളങ്ങൾ ക്രിസ്തുവിന്റെ മഹത്വം വെളിപ്പെടുത്തുന്നു. മഹത്വം, സ്വഭാവത്തിന്റെയും ശക്തിയുടെയും പ്രകാശനം ആണ്. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നവർ ആയിരിക്കണം (1 കൊരി. 10:31). കർത്താവ് ബഹുശതം അതിശയപ്രവൃത്തികൾ ചെയ്തിരുന്നു എങ്കിലും സുവിശേഷങ്ങളിൽ 86 അതിശയങ്ങൾ മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ദൈവം ഇന്ന് ചെയ്യുന്ന ഏറ്റവും വലിയ അത്ഭുതം പാപിയെ രക്ഷിച്ച് ദൈവമകനാക്കുന്നു എന്നുള്ളതാണ്.

## 8. യെരൂശലേമിലെ ക്രിസ്തുവിന്റെ ശുശ്രൂഷ (യോഹ. 2:13-3:21)

കാനാവിലെ കല്യാണത്തിനുശേഷം യേശുവും അവന്റെ അമ്മയും ശിഷ്യന്മാരും കഫർന്നഹൂമിലേക്കു പോയി. എന്നാൽ അവിടെ അധികനാൾ പാർത്തില്ല. അവിടെനിന്നും യേശു യെരൂശലേമിലേക്ക് പോയി. ഒരു യെഹൂദനായി ജനിച്ച ക്രിസ്തു ന്യായപ്രമാണം അനുസരിക്കുന്നവനും യെഹൂദമതകർമ്മങ്ങൾ അനുഷ്ഠിക്കുന്നവനും ആയിരുന്നു. യെഹൂദന്മാരുടെ പെസഹ എന്ന പ്രസ്താവന ശ്രദ്ധേയമത്രെ. യിസ്രായേൽ മക്കൾ മിസ്രയീമിൽനിന്നും വിടുവിക്കപ്പെട്ടതിന്റെ അനുസ്മരണയാണ് പെസഹപ്പെരുന്നാൾ നൽകുന്നത്. അത് യഹോവയുടെ പെസഹ എന്നാണ് അറിയപ്പെട്ടിരുന്നത് (പുറ. 12:11). എന്നാൽ ഇന്ന് അത് ഒരു മതമഹോൽസവമായിത്തീർന്നിരിക്കുന്നു. മതത്തിന്റെ ആചാരങ്ങൾക്കും ആഘോഷങ്ങൾക്കും അടിമപ്പെടുമ്പോൾ ഇന്നും നാമമാത്രമായ ചടങ്ങുകളായി പല ആത്മിക ശുശ്രൂഷകളും തീർന്നുപോകാവുന്നതാണ്. ക്രിസ്തു മൂന്ന് പെസഹപ്പെരുന്നാളിന് സംബന്ധിച്ചു എന്ന് യോഹന്നാന്റെ സുവിശേഷം വ്യക്തമാക്കുന്നു (2:13, 6:4, 11:55).

പെസഹപ്പെരുന്നാൾ യെഹൂദന്മാരുടെ ഏറ്റവും വലിയ പെരുന്നാൾ ആയിരുന്നു. 20 ലക്ഷത്തിലധികം യെഹൂദന്മാർ ഇതിൽ സംബന്ധിക്കേണ്ടതിന് യെരൂശലേമിൽ വന്നുകൂടുമായിരുന്നു. അവർക്കു യാഗം അർപ്പിക്കുന്നതിന് ആവശ്യമായ മൃഗങ്ങളെ വിൽക്കുന്നവരും വീണ്ടെടുപ്പ് വിലയായ യെഹൂദ നാണയം മാറിക്കൊടുക്കുന്നവരും, ജാതികളുടെ പ്രാകാരം എന്നറിയപ്പെടുന്ന സ്ഥലത്ത് ഉണ്ടായിരുന്നു. പുരോഹിതന്മാരുടെ പിന്തുണയോട് കൂടിയാണ് സാധുജനങ്ങളെ ചൂഷണം ചെയ്യുന്ന ഈ വ്യാപാരം നടന്നിരുന്നത്. ദൈവാരാധനയ്ക്കായി 46 വർഷങ്ങൾകൊണ്ട് പണിയപ്പെട്ട ദൈവാലയം വെറും വാണിഭശാലയായി മാറ്റപ്പെട്ടു.

ആത്മിക കാര്യങ്ങളെ തരംതാഴ്ത്തി ഭൗതിക നന്മകൾക്ക് ഉപാധിയാക്കിത്തീർക്കുന്ന പ്രവണത ഇന്നും കാണാവുന്നതാണ്. ദൈവാലയത്തിലെ ആത്മികമായ താഴ്ച കണ്ട് കർത്താവ് ഹൃദയത്തിൽ എരിവുള്ളവൻ ആയിത്തീർന്നതുപോലെ ഇന്നും മതത്തിന്റെ ക്രിസ്തുവില്ലാത്ത ആചാരങ്ങൾ കണ്ടു കർത്താവ് എരിവുള്ളവൻ ആയിത്തീരുന്നു. ദൈവാലയത്തിൽ വിൽക്കുന്നവരെയും പൊൻവാണിഭക്കാരെയും ചമ്മട്ടികൊണ്ട് അടിച്ച് പുറത്താക്കി ദൈവാലയത്തെ ശുദ്ധീകരിച്ച കർത്താവ് ഇന്നും ജീവിക്കുന്നു. ക്രിസ്തു വിശ്വാസികൾ ക്രിസ്തുവിന് ജീവിതത്തിൽ പ്രഥമ സ്ഥാനം നൽകുന്നവർ ആയിരിക്കണം. അങ്ങനെ ആത്മിക വിഷയങ്ങളിൽ സമ്പന്നരാകുമ്പോൾ ക്രിസ്തു നമ്മിൽ മഹിമപ്പെടും. ചമ്മട്ടി അധികാരത്തിന്റെയും ന്യായവിധിയുടെയും ചിഹ്നമാകുന്നു. കാനാവിലെ കൃപാലുവായ ക്രിസ്തു ദൈവാലയത്തിൽ അധികാരമുള്ള ന്യായാധിപൻ ആകുന്നു.

ദൈവത്തിന് പ്രവർത്തിക്കുവാൻ ശുദ്ധീകരണം ആവശ്യമാണ്. രക്ഷിക്കപ്പെട്ടവർ ദൈവത്തിന്റെ ആലയം ആകുന്നു (1 കൊരി. 6:19,20). അവർ വിശുദ്ധ ജീവിതം നയിക്കുന്നവർ ആയിരിക്കണം. ക്രിസ്തുവിന്റെ അധികാരവും ആത്മികതീക്ഷ്ണതയും കണ്ട യെഹൂദന്മാർ അവനിൽ വിശ്വസിച്ചില്ല എന്നത്രെ നാം കാണുന്നത്. അവർ പിന്നെയും അടയാളം അന്വേഷിച്ചു. വിശ്വസിക്കുവാൻ മതിയായ തെളിവുകൾ ഉള്ളപ്പോൾ കൂടുതൽ തെളിവുകൾ ആവശ്യപ്പെടുന്നത് പാപമാകുന്നു. ശിഷ്യന്മാർ കർത്താവിൽ വിശ്വസിക്കുവാൻ ഇടയായി എന്നത്രെ ബൈബിൾ പ്രസ്താവിക്കുന്നത്. രക്ഷിക്കപ്പെടാത്തവർക്ക് ആത്മിക വിഷയങ്ങൾ ഭോഷത്വം ആകുന്നു (1 കൊരി. 2:14). ക്രിസ്തു ചെയ്ത അടയാളങ്ങൾ ചിലരിൽ ഉപരിപ്ലവമായ വികാരങ്ങൾ ഉളവാക്കി. അങ്ങനെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ നിജസ്ഥിതി അറിഞ്ഞ് അവരോട് ഏർപ്പെടുന്നവനാണ് നമ്മുടെ കർത്താവ്. അങ്ങനെയുള്ള വിശ്വാസം ആരെയും രക്ഷിക്കുകയില്ല (യോഹ. 2:23–25).

അടയാളം അന്വേഷിക്കുന്ന യെഹൂദന്മാരോട്, "ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്ന് ദിവസത്തിനകം അതിനെ പണിയും" എന്ന് ക്രിസ്തു പറഞ്ഞു (2:19). ഈ പ്രസ്താവനയിൽ ഉൾക്കൊണ്ടിരിക്കുന്ന ആത്മിക അർത്ഥം കർത്താവിന്റെ മരണപുനരുത്ഥാനമായിരുന്നു. അത് ഗ്രഹിക്കുവാൻ ശിഷ്യന്മാർക്ക് കഴിഞ്ഞില്ല. എന്നാൽ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനുശേഷം ശിഷ്യന്മാർ അവന്റെ വാക്ക് ഓർത്തു (ലൂക്കൊ. 24:8). ക്രിസ്തുവിന്റെ ആളത്വവും, പ്രവൃത്തിയും ദൈവാത്മാവിന്റെ സഹായം കൂടാതെ ആർക്കും ഗ്രഹിക്കുവാൻ സാധിക്കുന്നതല്ല.

### 9. ക്രിസ്തുവും നിക്കൊദേമൊസുമായുള്ള കൂടിക്കാഴ്ച (യോഹ. 3:1–21)

ഒരു വ്യക്തി എങ്ങനെ വീണ്ടും ജനിക്കുന്നു എന്നുള്ള സത്യം ഈ വേദഭാഗം വ്യക്തമാക്കുന്നുണ്ട്. ദൈവരാജ്യമാണ് ഇവിടെ പ്രധാന വിഷയം. യെഹൂദന്മാരുടെ മതകോടതിയായ സന്നിദ്രിം സംഘത്തിലെ ഒരു അംഗവും മതഭക്തനും പരീശനുമായ നിക്കൊദേമൊസ് ക്രിസ്തുവിനെ കാണുവാൻ രാത്രിയിൽ അവന്റെ അടുക്കൽ വന്നു. അവൻ വൃദ്ധനും കർത്താവിനെ ബഹുമാനപുരസ്സരം റബ്ബീ എന്ന് സംബോധന ചെയ്യുന്നവനും ആയിരുന്നു. ക്രിസ്തു ചെയ്ത അടയാളങ്ങൾ കണ്ട് അവൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണെന്ന് പറഞ്ഞ നിക്കൊദേമൊസിനോട് ക്രിസ്തു പ്രസ്താവിച്ചത് ശ്രദ്ധേയമത്രെ: "പുതുതായി ജനിച്ചില്ലെങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴികയില്ല."

വീണ്ടും ജനനം ഒരു ആത്മിക അനുഭവമാകുന്നു. സകല മനുഷ്യരും ജഡത്തിൽനിന്നും ജനിച്ചവർ ആണ്. അവർക്ക് ജഡസ്വഭാവം ഉള്ളതിനാൽ ദൈവത്തെ അനുസരിക്കുവാനും ആരാധിക്കുവാനും കഴിയുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽ വിശ്വസിക്കുമ്പോൾ നാം വീണ്ടും ജനിക്കുന്നു. തൽഫലമായി ദൈവിക ജീവനും ദിവ്യസ്വഭാവവും ലഭിക്കുന്നു. അവർക്ക് മാത്രമേ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുകയുള്ളൂ.

യെഹൂദനായി ജനിച്ചു മതഭക്തനായി വളർന്ന നിക്കൊദേമൊസിനു ക്രിസ്തു പ്രസ്താവിച്ചതു ഗ്രഹിക്കാൻ കഴിഞ്ഞില്ല. ബൈബിൾ പ്രസ്താവിക്കുന്നത്, വീണ്ടും ജനിക്കാത്തവർക്ക് ആത്മികവിഷയങ്ങൾ ഭോഷത്വം ആകുന്നു എന്നത്രെ (1 കൊരി. 2:14). ദൈവവചനം കേൾക്കുന്നതുമൂലം ക്രിസ്തുവിൽ വിശ്വാസം ഉണ്ടാകുന്നു. അതുകൊണ്ടുള്ള ആശയം കർത്താവു പറഞ്ഞത് സത്യമാണെന്ന് അംഗീകരിച്ച് അതിനനുസരണമായി ജീവിക്കുക എന്നതാകുന്നു.

വീണ്ടും ജനിക്കേണ്ടത് വെള്ളത്താലും ആത്മാവിനാലും ആകുന്നു. ഇവിടെ വെള്ളം ദൈവവചനത്തെ കാണിക്കുന്നു (എഫെ. 5:25,26). വചന കേൾവി ഹൃദയത്തിൽ മാനസാന്തരം ഉളവാക്കുന്നു. മാത്രമല്ല ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ വിശ്വസിക്കുവാനുള്ള കഴിവും അപ്പോൾ ദൈവം ദാനമായി നൽകുന്നു. ദൈവാത്മാവിന്റെ പ്രവൃത്തിയാകുന്നു വീണ്ടും ജനനം. അത് അദൃശ്യനായ ആത്മാവിന്റെ വ്യാപാരം ആകുന്നു. എന്നാൽ വിശ്വസിക്കുന്നവരിൽ ദൃശ്യമായ ആത്മികഫലങ്ങൾ കാണുവാൻ കഴിയും. വീണ്ടും ജനിക്കുമ്പോൾ നാം നിത്യജീവനെ പ്രാപിക്കുന്നു. അത് എന്നേയ്ക്കുമുള്ള ജീവനും ദൈവത്തോടുള്ള കൂട്ടായ്മയ്ക്ക് നമ്മെ പ്രാപ്തരാക്കുന്ന ആത്മിക അനുഭവവും ആകുന്നു. നിക്കൊദേമൊസ്, ക്രിസ്തുവിനെ സ്വന്ത രക്ഷിതാ വായി അംഗീകരിക്കുവാൻ ഈ കൂടിക്കാഴ്ച കാരണമായി എന്നത്രെ നാം കാണുന്നത് (യോഹ. 7:50, 19:39). ഇന്നും ക്രിസ്തുവിന്റെ വചനം കേൾക്കുന്നത് മുഖാന്തരം സംഭവിക്കേണ്ടത് അതാകുന്നു. അതിന് വചനപഠിതാക്കളെ കർത്താവ് സഹായിക്കട്ടെ.

വീണ്ടും ജനിച്ചവർ ദൈവമക്കൾ ആകുന്നു. ശാരീരിക ജനനംകൊണ്ട് മാതാപിതാക്കളുടെ പാപപ്രകൃതിയിൽ നാം ഓഹരിക്കാരാകുന്നു. എന്നാൽ ആത്മികപരിവർത്തനം ഉണ്ടാകുന്നത് വീണ്ടും ജനിക്കുമ്പോൾ മാത്രമാണ്. ദൈവം തന്റെ ഏകജാതനായ പുത്രനെ നൽകി നമ്മെ വീണ്ടെടുക്കാൻ പ്രസാദിച്ചു. അതിനായി ദൈവപുത്രനായ ക്രിസ്തു പാപപരിഹാരമായി ക്രൂശിൽ മരിച്ചു. വീണ്ടും ജനനം നടക്കുവാൻ പാപത്തിന് പരിഹാരം വരുത്തേണ്ടിയിരിക്കുന്നു. സകലമനുഷ്യരും പാപികൾ ആകയാൽ ദൈവത്തിന് മാത്രമേ പാപത്തിന് പരിഹാരം വരുത്തുവാൻ കഴിയൂ. പാപികൾക്ക് സൽ പ്രവൃത്തികൾ ചെയ്തു വീണ്ടും ജനിക്കുവാൻ കഴിയുന്നതല്ല. ആത്മാർത്ഥതയോടും ആവശ്യബോധത്തോടും കൂടെ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നിത്യജീവൻ ലഭിക്കുന്നു. നിത്യജീവൻകൊണ്ടുള്ള ആശയം ദൈവത്തോടുള്ള നിത്യമായ കൂട്ടായ്മയ്ക്കുള്ള യോഗ്യത എന്നാകുന്നു.

ക്രിസ്തുവും നിക്കൊദേമൊസുമായുള്ള സംഭാഷണത്തിൽ വീണ്ടും ജനനത്തോട് ബന്ധമുള്ള അതിപ്രധാനങ്ങളായ സത്യങ്ങൾ കാണാവുന്നതാണ്. വീണ്ടും ജനനം എന്താകുന്നു, വീണ്ടും ജനിക്കേണ്ടതിന്റെ ആവശ്യം എന്ത്, വീണ്ടും ജനിക്കുന്നത് എങ്ങനെ, എപ്പോൾ വീണ്ടും ജനിക്കണം, വീണ്ടും ജനിക്കുന്നതുകൊണ്ടുള്ള ഫല

ങ്ങൾ തുടങ്ങിയവ.

ഗലീലപ്രദേശങ്ങളിൽ ക്രിസ്തു പ്രവർത്തിക്കുന്നതിനു മുമ്പായി ഏകദേശം ഒരു വർഷക്കാലം യെഹൂദാപ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. അതിന്റെ ചരിത്രം നാം യോഹന്നാന്റെ സുവിശേഷം 2 മുതൽ 5 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്നു. ക്രിസ്തു ശമര്യയിൽ കൂടി കടന്നുപോകുന്നു; പാപിനിയായ സ്ത്രീയുടെ ആത്മദാഹത്തിന് ശമനം നൽകുവാൻ അവൻ പ്രസാദിച്ചു. അവളുടെ സാക്ഷ്യം നിമിത്തം പല ശമര്യരും ക്രിസ്തുവിൽ വിശ്വസിച്ചു. ക്രിസ്തു ലോകരക്ഷകനാണ്. അവൻ മതത്തിന്റെയും ജാതിയുടെയും മതിലുകൾ കടന്നുചെല്ലുവാൻ കഴിവും മനസ്സും ഉള്ള രക്ഷകനാണ്. രാജഭൃത്യന്റെ മകനെയും ബേഥെസ്ദാകുളത്തിന്റെ മണ്ഡപത്തിൽ 38 വർഷങ്ങളായി കിടന്നവനെയും സൗഖ്യമാക്കുവാൻ ക്രിസ്തുവിന് മനസ്സായി. അങ്ങനെ അവന്റെ പ്രസിദ്ധി യെഹൂദയിൽ ഒക്കെയും പരന്നു.

### അദ്ധ്യായം 3

## ക്രിസ്തുവിന്റെ ഗലീലയിലെ ശുശ്രൂഷകൾ

**വായനഭാഗം: 4,5 അദ്ധ്യായങ്ങൾ**

ലൂക്കൊസിന്റെ സുവിശേഷം നാലാം അദ്ധ്യായം മുതൽ ഒൻപതാം അദ്ധ്യായം വരെ ഗലീലയിൽ ക്രിസ്തു ചെയ്ത പരസ്യശുശ്രൂഷയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1. ക്രിസ്തുവിന്റെ ആഗമന ഉദ്ദേശം (4:16-30)

ക്രിസ്തു വന്നതിന്റെ ഉദ്ദേശം സ്വന്തപട്ടണമായ നസറെത്തിലുള്ള പള്ളിയിൽ പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധേയമത്രെ. ക്രിസ്തു ഒരു വിപ്ലവകാരിയോ, തത്വചിന്തകനോ, ഗുരുവോ, മതസ്ഥാപകനോ അല്ല. അവൻ മനുഷ്യാവതാരം ചെയ്തത് ദരിദ്രരോട് സുവിശേഷം അറിയിക്കുവാനും, ഹൃദയം തകർന്നവരെ മുറിവു കെട്ടാനും, ആത്മികയന്ധതയിലും തടവിലും കഴിയുന്ന വർക്ക് സ്വാതന്ത്ര്യത്തിന്റെ സന്ദേശം അറിയിക്കുവാനുമായിരുന്നു. കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കുവാനും മനുഷ്യവർഗ്ഗത്തിന് സ്വാതന്ത്ര്യവും സന്തോഷവും ആത്മികചൈതന്യവും ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനവും നൽകുന്നതുമായ അതിമനോഹരമായ പ്രവൃത്തി ചെയ്യുവാൻ വന്ന ക്രിസ്തു നിസ്തുല്യനത്രെ. 700 വർഷങ്ങൾക്ക് മുമ്പ് യെശയ്യാവ് പ്രവചിച്ചതിന്റെ നിവൃത്തിയായിരുന്നു ഈ സംഭവം (യെശ. 61:1,2). ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും ഈ അനുഗ്രഹങ്ങൾ വാഗ്ദത്തം ചെയ്തിരിക്കുന്നു. ക്രിസ്തുവിന്റെ വാക്കുകൾ കേട്ടവർ അവന്റെ കഴിവുകൾ മനസ്സിലാക്കി അവനെ പുകഴ്ത്തി. അവൻ പ്രസ്താവിച്ച ലാവണ്യവാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു. എന്നാൽ സ്വന്തപട്ടണമായ നസറെത്തിലെ ജനങ്ങൾ യേശുവിന്റെ സന്ദേശം സ്വീകരിച്ചില്ല. അവർ കോപം നിറഞ്ഞവരായി യേശുവിനെ പട്ടണത്തിനു പുറത്തുകൊണ്ടുപോയി തള്ളിയിടുവാൻ ഭാവിച്ചു. ഇക്കാലത്തും ക്രിസ്തുവിന്റെ പ്രഭാഷണങ്ങളോടും മറ്റും ബഹുമാനം പ്രകടിപ്പിക്കുന്ന പലർക്കും അവനെ രക്ഷകനായി സ്വീകരിക്കുവാൻ മടിയാണ്. അതുപോലെ തന്നെ ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് മുമ്പോട്ട് വരുന്നവർ സ്വന്തജനങ്ങളിൽനിന്നും പല ഉപദ്രവങ്ങളും അനുഭവിക്കേണ്ടതായി വരുന്നുണ്ട്. 'ഒരു പ്രവാചകനും തന്റെ പിതൃനഗരത്തിൽ സമ്മതനല്ല' എന്നുള്ള ക്രിസ്തുവിന്റെ വാക്കുകൾ അവർക്ക് ആശ്വാസവും ധൈര്യവും പ്രദാനം ചെയ്യട്ടെ. ക്രിസ്തു മനുഷ്യരുടെ ബാഹ്യമായ ബഹുമാനം ആഗ്രഹിക്കുന്നില്ല (യോഹ. 5:41). അവൻ മനുഷ്യരുടെ പാപം തുറന്നുകാട്ടുവാൻ മടിച്ചില്ല. ക്രിസ്തു പ്രാർത്ഥനയിലും ജനത്തെ ഉപദേശിക്കുന്നതിലും കൃത്യനിഷ്ഠ ഉള്ളവനായിരുന്നു.

### 2. ക്രിസ്തു അധികാരം ഉള്ളവൻ (4:32)

ക്രിസ്തുവിന്റെ ഉപദേശങ്ങൾ കേട്ടവർ അവനെ അനുഗമിച്ചു. തുടർ ന്നുള്ള അത്ഭുതപ്രവൃത്തികൾ തന്റെ ഉപദേശങ്ങൾ സത്യമാണെന്ന് തെളിയിക്കുവാൻ കാരണമായിത്തീർന്നു. ക്രിസ്തു ചെയ്ത പ്രവൃത്തികളിൽ തന്റെ മഹത്വവും ശക്തിയും ദർശിക്കാവുന്നതാണ്. പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകൻ എന്ന് ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട് (ലൂക്കൊ. 24:19). മനുഷ്യരിൽ കാണുവാൻ പ്രയാസമുള്ള ഒരു കാര്യമാണിത്. പലർക്കും ഉപദേശമുണ്ട്, പ്രവൃത്തികൾ ഇല്ല. പലർക്കും പ്രവൃത്തികൾ ഉണ്ട്, ഉപദേശമില്ല. ഇവ രണ്ടും അന്യോന്യം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഒരു ക്രിസ്തുഭക്തനിൽ ഈ സ്വഭാവം ഉണ്ടായിരിക്കേണ്ടതാണ്.

#### i. ക്രിസ്തു സാത്താന്റെ മേൽ അധികാരമുള്ളവൻ (4:31-37)

ക്രിസ്തു ഭൂതം ബാധിച്ച മനുഷ്യനെ സൗഖ്യമാക്കി. സാത്താൻ ദൈവത്തിന്റെയും മനുഷ്യന്റെയും ശത്രുവാണ്. ആദ്യമനുഷ്യനായ ആദാമിനെ സാത്താൻ പരീക്ഷിച്ചു പരാജയപ്പെടുത്തി. എന്നാൽ ക്രിസ്തു സാത്താനെ പരീക്ഷയിൽ പരാജയപ്പെടുത്തുകയാണുണ്ടായത്. സാത്താൻ ബാധിച്ചവൻ ക്രിസ്തുവിനെ ദൈവത്തിന്റെ പരിശുദ്ധൻ എന്ന് സാക്ഷിച്ചു. ക്രിസ്തുവിന്റെ ശക്തിയും അധികാരവും അവൻ മനസ്സിലാക്കിയിരുന്നു. മനുഷ്യർ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിക്കാൻ അവരുടെ ഹൃദയക്കണ്ണ് അഥവാ മനസ്സ് സാത്താൻ കുരുടാക്കി എന്നത്രെ ബൈബിൾ പ്രസ്താവിക്കുന്നത് (2 കൊരി. 4:4). ആവശ്യബോധത്തോടുകൂടി ക്രിസ്തുവിനെ സമീപിക്കുന്നവരെ സൗഖ്യമാക്കുവാൻ കർത്താവിന്

ഇന്നും ശക്തിയും മനസ്സുമുണ്ട്. സാത്താന്റെ അധികാരത്തിൽ കഴിഞ്ഞിരുന്ന മഗ്ദലനക്കാരത്തി മറിയ സൗഖ്യമുള്ളവളായി. ഗെരസേന്യദേശത്തെ ഭൂതഗ്രസ്തനെ സൗഖ്യമാക്കുവാൻ ക്രിസ്തുവിനു കഴിഞ്ഞു. ബഹുകാലമായി ഭൂതങ്ങൾ ബാധിച്ച് വസ്ത്രം ധരിക്കാതെയും വീട്ടിൽ പാർക്കാതെയും ശവക്കല്ലറകളിൽ കഴിഞ്ഞവനായിരുന്നു അവൻ (8:26-39). യേശുവിനെ "മഹോന്നതനായ ദൈവത്തിന്റെ പുത്രൻ" എന്ന് ഭൂതഗ്രസ്തൻ വിളിച്ചത് ശ്രദ്ധേയമത്രെ. മനുഷ്യന്റെ പാപം എത്ര കഠിനമായാലും ക്രിസ്തുവിന്റെ ആഗമനം അവന് സൗഖ്യം നൽകുവാൻ മതിയായതാകുന്നു. ശത്രുവായ സാത്താന്റെ മേൽ അന്തിമവിജയം ക്രിസ്തു തന്റെ ക്രൂശിലെ മരണം മൂലം സാധിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ക്രിസ്തു വിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ സാത്താനെ ഭയപ്പെടേണ്ട ആവശ്യമില്ല. അവന്റെ മേൽ ജയം നൽകുവാൻ യേശുക്രിസ്തു ഇന്ന് ശക്തിയുള്ളവനായി ജീവിക്കുന്നു (1 യോഹ. 4:4).

**ii. ക്രിസ്തു രോഗത്തിന്റെ മേൽ അധികാരം ഉള്ളവൻ**

പത്രൊസിന്റെ അമ്മാവിയമ്മയുടെ പനി മാറ്റിക്കൊടുക്കുവാൻ ക്രിസ്തു ശക്തി ഉള്ളവൻ ആയിരുന്നു. സൗഖ്യമായവൾ അവനെ ശുശ്രൂഷിച്ചു. നാമും അനുകരിക്കേണ്ട നല്ല മാതൃകയത്രെ ഇത്. ശതാധിപന്റെ ദാസൻ ദീനം പിടിച്ച് മരിപ്പാറായിരുന്നു. ഒരു റോമൻ സൈനിക ഉദ്യോഗസ്ഥനായിരുന്ന ശതാധിപൻ അധികാരം ഉള്ളവനാണ്. ധനം, മാനം, സ്വാധീനശക്തി, ബലം, അധികാരം തുടങ്ങിയ സകല സംഗതികളും കൈമുതലുള്ള ശതാധിപൻ ദാസന്റെ രോഗത്തിൽ പരാജയം സമ്മതിക്കുന്നു. ഇതത്രെ ലോകത്തിന്റെ യഥാർത്ഥ ചിത്രം. എന്നാൽ ശതാധിപൻ ക്രിസ്തുവിൽ ആശ്രയിച്ചു വിശ്വസിച്ചു. തൽഫലമായി തന്റെ ദാസൻ സൗഖ്യമുള്ളവനായി തീർന്നു. ക്രിസ്തു മനുഷ്യന്റെ സകല പ്രശ്നങ്ങൾക്കും മതിയായവൻ ആകുന്നു. ക്രിസ്തുവിൽ ആശ്രയിക്കുന്നവർ നിരാശരാകയില്ല.

## കുഷ്ഠരോഗിയെ സൗഖ്യമാക്കുന്ന ക്രിസ്തു

കുഷ്ഠരോഗം പാപത്തിന്റെ ശാപത്തെ കാണിക്കുന്നു. കുഷ്ഠരോഗികൾ, അശുദ്ധരും അവഗണിക്കപ്പെട്ടവരും ആണ്. അവർക്ക് സമൂഹത്തിൽ സ്ഥാനമില്ല. അങ്ങനെയുള്ളവരെ തേടി രക്ഷിപ്പാൻ ക്രിസ്തു വന്നു. ക്രിസ്തുവിനെ സമീപിക്കുന്ന കുഷ്ഠരോഗിയുടെ ആത്മാർത്ഥതയും, താഴ്മയും, ആവശ്യബോധവും, വിശ്വാസവും അവന്റെ അപേക്ഷയിൽ വ്യക്തമായി കാണാം. "കർത്താവേ, നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കാൻ കഴിയും" എന്ന് അവനോട് അപേക്ഷിച്ചു. യേശു കൈനീട്ടി അവനെ തൊട്ട് "എനിക്ക് മനസ്സുണ്ട്, ശുദ്ധമാക" എന്നു പറഞ്ഞു. ഉടനെ കുഷ്ഠം അവനെ വിട്ടുമാറി. അവനെ തൊടുവാൻ മനസ്സുള്ളവനും ആശ്വാസത്തിന്റെ വാക്കു കൾ അരുളിച്ചെയ്യുന്നവനും തൽക്ഷണം സൗഖ്യം നൽകുന്നവനുമായ ക്രിസ്തുവിന് തുല്യം മറ്റൊരു രക്ഷകനെ ലോകം കണ്ടിട്ടില്ല. അവനിൽ വിശ്വസിച്ച് ആത്മസൗഖ്യം പ്രാപിക്കുവാൻ നിങ്ങളെ ദൈവം സഹായിക്കട്ടെ.

**iii. പ്രകൃതിശക്തികളുടെ മേൽ അധികാരമുള്ളവൻ**

ഇളകിമറിയുന്ന കടലും കാറ്റും ശിഷ്യന്മാരെ പ്രാണഭയമുള്ളവരാക്കി. ക്രിസ്തുവിന്റെ സാന്നിദ്ധ്യവും അവന്റെ ഉപദേശങ്ങളും അത്ഭുതപ്രവൃത്തി കളും ശിഷ്യന്മാർ വിസ്മരിച്ചു. മനുഷ്യന്റെ ബലഹീനത ഇവിടെ വ്യക്തമായി കാണാം. 'നാഥാ, നാഥാ ഞങ്ങൾ നശിച്ചുപോകുന്നു' എന്നു പറയു വാൻ ശിഷ്യന്മാർ മടിച്ചില്ല. നമ്മുടെ ആപത്തിന്റെയും ആവശ്യങ്ങളുടെയും മദ്ധ്യത്തിൽ ആശ്രയിക്കുവാൻ മതിയായ രക്ഷിതാവാകുന്നു ക്രിസ്തു. അവനെ വിളിച്ചപേക്ഷിക്കുന്ന ആരെയും തള്ളിക്കളയാത്ത നല്ല രക്ഷകനാണ് നമ്മുടെ രക്ഷിതാവ്. കാറ്റിനെയും കടലിനെയും ക്രിസ്തു ശാസിച്ചു. അവ ശാന്തമായി. ക്രിസ്തു സർവ്വശക്തിയുള്ള ദൈവമാകുന്നു. പ്രകൃതിശക്തികൾ അവയുടെ സ്രഷ്ടാവിനെ അനുസരിക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുത ങ്ങളും അടയാളങ്ങളും തന്റെ ദൈവത്വത്തെ തെളിയിക്കുന്നു. അവനെ അനുഗമിക്കുവാനും ആഘോഷിക്കുവാനും ആരാധിക്കുവാനും നമുക്കിടയാകട്ടെ.

**iv. പാപത്തിന്മേലുള്ള അധികാരം**

പക്ഷവാതക്കാരനെ ചുമന്നുകൊണ്ട് നാലാളുകൾ ക്രിസ്തുവിനെ സമീപിച്ചു. പുരുഷാരം തടസ്സം സൃഷ്ടിച്ചതിനാൽ അവർക്ക് യേശുവിനെ സമീപിച്ചുകൂടായ്കയാൽ മേല്പുര പൊളിച്ചു പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കി. യേശുവിന് അവനെ കണ്ടു മനസ്സലിഞ്ഞു. കൊണ്ടുവന്നവരുടെ വിശ്വാസം അംഗീകരിച്ചുകൊണ്ട് അവനോട്, "മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു പറയുന്നു. മതഭക്തന്മാർ അതുകേട്ട് യേശുവിനെ കുറ്റംചുമത്തി. ദൈവത്തിനു മാത്രമേ പാപങ്ങളെ മോചിക്കുവാൻ കഴിയൂ. മതത്തിനോ, പുരോഹിതന്മാർക്കോ, പുണ്യകർമ്മങ്ങൾക്കോ പാപമോചനം നൽകുവാൻ കഴിയുന്നതല്ല. യേശു പക്ഷവാതക്കാരനെ സൗഖ്യമാക്കിക്കൊണ്ട് താൻ ദൈവമാണെന്നുള്ള സത്യം തെളിയിച്ചു. സൗഖ്യമായവൻ കിടക്ക എടുത്ത് ദൈവത്തെ മഹത്വീകരിച്ചുകൊണ്ട് വീട്ടിലേക്കു പോയി. ഇന്നും പലരും രക്ഷിക്കപ്പെടാതിരിക്കുവാൻ മതങ്ങൾ, സമുദായം, ബന്ധുമിത്രാദികൾ തുടങ്ങിയ പുരുഷാരങ്ങൾ തടസ്സം സൃഷ്ടിക്കുന്ന വരാണ്. വിശ്വാസത്തോടുകൂടി അവരെ സമീപിക്കുകയും ക്രിസ്തുവിങ്കലേക്ക് ആനയിക്കുകയും ചെയ്യുമ്പോൾ മാത്രമേ അവർക്ക് രക്ഷിക്കപ്പെടുവാൻ കഴിയൂ. അതിന് ദൈവം നമ്മെ സഹായിക്കട്ടെ. പാപങ്ങൾ മോചിപ്പാൻ അധികാരമുള്ളവനാണ് ക്രിസ്തു എന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

**v. ക്രിസ്തു മരണത്തിന്റെ മേൽ അധികാരം ഉള്ളവൻ**

ക്രിസ്തു, മരിച്ച പലരെയും ഉയിർപ്പിച്ചതായി ബൈബിൾ പ്രസ്താവിക്കുന്നു. പ്രമാണിയുടെ മകൾ, ലാസർ എന്നിവർ അതിൽ ഉൾപ്പെടും. നയിൻ പട്ടണത്തിലെ വിധവയുടെ മകൻ മരിച്ചു. അവൻ അവൾക്ക് ഏകജാതൻ

ആയിരുന്നു. പട്ടണത്തിലെ വലിയ പുരുഷാരം അവളോടു കൂടെയുണ്ട്. അവരുടെ നടുവിൽ ഒരു മഞ്ചം കാണാം. ലോകത്തിന്റെ ശരിയായ ചിത്രം ഇത ത്രെ. മരണം, മഞ്ചം, ഏകജാതൻ, വിധവ, ജനക്കൂട്ടം, പട്ടണം, എല്ലാവരും നിസ്സഹായർ തന്നെ. എന്നാൽ അതിന്റെ മദ്ധ്യേ ക്രിസ്തു പ്രത്യക്ഷപ്പെടുന്നു. അവന്റെ ഹൃദയം ദുഃഖാർത്തമാണ്. സകല മനസ്സലിവിന്റെയും ഉടയവനായ കർത്താവ് മഞ്ചത്തെ തൊടുന്നു. വിധവയോട് 'കരയേണ്ട' എന്ന് പറയുന്നു. മനുഷ്യന്റെ തോരാത്ത കണ്ണുനീരിനും തീരാത്ത കരച്ചിലിനും അന്ത്യം കുറി ക്കുവാൻ ശക്തിയുള്ള, മനസ്സലിവുള്ള ഏകരക്ഷകൻ യേശുക്രിസ്തു ആണ്. യേശു ബാല്യക്കാരനെ ഉയിർപ്പിച്ചു. അവനെ അമ്മയെ ഏൽപ്പിച്ചു. അവൾ ആശ്വാസവും ആനന്ദവും ഉള്ളവളായിത്തീർന്നു. ക്രിസ്തു പാപത്തിന്റെ ശിക്ഷയാകുന്ന മരണം ക്രൂശിൽ സഹിച്ചു. എന്നാൽ അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു "വെന്ന് അരുളിച്ചെയ്ത ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും. തന്നിൽ വിശ്വസിക്കുന്നവരെ ചേർപ്പാൻ അവൻ വേഗം വരുന്നു. അന്ന് 'ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും പിന്നെ ക്രിസ്തുവിൽ വിശ്വസിച്ചു ജീവനോടെ ശേഷിക്കുന്നവർ രൂപാന്തരം പ്രാപിച്ച് അവനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടുകയും ചെയ്യും.' ആ ഭാഗ്യകരമായ പ്രത്യാശ ഉള്ളവരാകുവാൻ കർത്താവ് ഏവരേയും സഹായിക്കട്ടെ (1 തെസ്സ. 4:16,17).

യേശുക്രിസ്തു അനേകം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്ത് തന്റെ ദൈവത്വം തെളിയിച്ചു. ലൂക്കൊസിന്റെ സുവിശേഷത്തിൽ അവയിൽ ചിലത് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതിൽ ഉൾക്കൊണ്ടിരിക്കുന്ന ആത്മിക അർത്ഥങ്ങൾ അസംഖ്യങ്ങളാണ്. പ്രാർത്ഥനയോടുകൂടെ അത് പഠിക്കുമ്പോൾ നാം അനുഗ്രഹിക്കപ്പെടുമെന്നുള്ളതിന് സംശയം ഇല്ല.

### 3. ലൂക്കൊസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അത്ഭുതങ്ങൾ

1. അശുദ്ധഭൂതം ബാധിച്ചവനെ സൗഖ്യമാക്കുന്നു. 4:31-35.
2. പത്രൊസിന്റെ അമ്മാവിയമ്മയുടെ പനി മാറ്റി. 4:38,39.
3. കുഷ്ഠരോഗിയെ ശുദ്ധിയുള്ളവനാക്കി. 5:12-15.
4. പക്ഷവാതക്കാരന് സൗഖ്യം നൽകി. 5:17-26.
5. വിധവയുടെ മകനെ ഉയിർപ്പിച്ചു. 7:11-17.
6. കാറ്റും കടലും ശാന്തമാക്കി. 8:22-25.
7. ഭൂതങ്ങൾ ബാധിച്ചവനെ സൗഖ്യമാക്കി. 8:26-39.
8. രക്തസ്രവമുള്ള സ്ത്രീയെ സൗഖ്യമാക്കി. 8:43-48.
9. അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചു. 9:10-17.
10. ഭൂതം ബാധിച്ച മകന് സൗഖ്യം നൽകി. 9:37-43.
11. കൂനിയായ സ്ത്രീക്ക് സൗഖ്യം നൽകി. 13:10-17.
12. മഹോദരമുള്ള മനുഷ്യനെ സൗഖ്യമാക്കി. 14:1-6.
13. കുരുടന് കാഴ്ച കൊടുത്തു. 18:35-43.

### 4. മനുഷ്യർക്കുണ്ടാകുന്ന രോഗം പാപത്തിന്റെ ഫലമോ?

വളരെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു വിഷയം ആണ് ഇത്. ഏത് രോഗ വും പാപത്തിന്റെ ഫലമായിട്ടാണെന്ന് ചിന്തിക്കരുത്. സാത്താന്റെ സ്വാധീനത യാൽ രോഗങ്ങൾ ഉണ്ടാകാം. പ്രകൃതിനിയമങ്ങളെ ലംഘിക്കുന്നതിനാൽ രോഗികൾ ആകാം. ദൈവത്തിന്റെ പ്രവൃത്തി വെളിവാകേണ്ടതിന് രോഗം ഉണ്ടാകാം. പിറവിയിലെ കുരുടനായിരുന്നവനെക്കുറിച്ച് ക്രിസ്തു പറഞ്ഞത് ശ്രദ്ധിച്ചാൽ അക്കാര്യം വ്യക്തമാകും. ആജീവനാന്തം രോഗികൾ ആയിരുന്ന ഭക്തന്മാർ ഉണ്ടായിട്ടുണ്ട്. അപ്പൊസ്തലനായ പൗലൊസിന്റെ അനുഭവം ശ്രദ്ധിക്കുക (2 കൊരി. 12). തന്റെ പാപമോ, വിശ്വാസക്കുറവോ, വിശുദ്ധജീവിതത്തിന്റെ പരാജയമോ ഒന്നും അതിന് കാരണമായിരുന്നില്ല. കർത്താവിന്റെ ശക്തിയും മഹത്വവും അവനിൽ പ്രദർശിക്കപ്പെടുവാൻ അങ്ങനെ സംഭവിച്ചു എന്ന് മനസ്സിലാക്കാം. ക്രിസ്തു രോഗത്തിന് സൗഖ്യം നൽകുവാൻ ശക്തിയുള്ളവൻ ആകുന്നു. ദൈവവചനപഠനം മൂലം ഈ കാര്യങ്ങൾ വിവേചിച്ചു മനസ്സിലാക്കുവാൻ നമുക്ക് ഇടയാകട്ടെ.

**അദ്ധ്യായം 4**

# ക്രിസ്തുവിന്റെ ഉപദേശങ്ങൾ

**വായനഭാഗം: 6,7 അദ്ധ്യായങ്ങൾ**

യേശുക്രിസ്തു ചെയ്ത പ്രഭാഷണങ്ങൾ ജനങ്ങളിൽ ഉളവാക്കിയ പ്രതികരണം വളരെയാണ്. അവൻ പുരു

ഷാരത്തെ പതിവുപോലെ ഉപദേശിച്ചു എന്നത്രെ കാണുന്നത് (മർക്കൊ. 10:1). ഗിരിപ്രഭാഷണം, മാളികമുറിയിലെ പ്രഭാഷണം, ഒലിവുമല പ്രഭാഷണം തുടങ്ങിയവ വളരെ പ്രസിദ്ധമാണ്.

### 1. ക്രിസ്തുവിന്റെ പ്രസംഗവിഷയം മുഖ്യമായും ദൈവരാജ്യം ആയിരുന്നു

"സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നായിരുന്നു ക്രിസ്തുവിന്റെ ആദ്യത്തെ പ്രസംഗം. ദൈവത്തിന്റെ ഭരണത്തെയാണ് ദൈവരാജ്യം എന്ന പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്. ക്രിസ്തു, ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തു. "നിന്റെ രാജ്യം വരണമേ" എന്ന് പ്രാർത്ഥിക്കുവാൻ കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ചു. വീണ്ടും ജനിക്കാത്തവർക്ക് ദൈവരാജ്യത്തിൽ പ്രവേശനം ഇല്ല എന്ന് ക്രിസ്തു മതഭക്തനായ നിക്കൊദേമൊസിനോട് പറഞ്ഞു. വീണ്ടും ജനിക്കുന്നവർക്കുണ്ടാകുന്ന അനുഭവമാണ് ദൈവരാജ്യത്തിന്റെ അനുഭവം എന്ന് സാരം. ഇന്ന് അത് ഒരു ആത്മിക അനുഭവമാണ്. "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രെ" എന്ന് ബൈബിൾ പ്രസ്താവിക്കുന്നു (റോമ. 14:17). യഥാർത്ഥ ക്രിസ്തീയ ജീവിതമാണ് ഇന്നത്തെ ദൈവരാജ്യം. എന്നാൽ ഭാവിയിൽ ദൈവരാജ്യത്തിന്റെ പൂർണ്ണമായ ഒരു വെളിപ്പാട് ഉണ്ടാകും എന്ന് ബൈബിൾ വ്യക്തമാക്കുന്നുണ്ട്. യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നവർക്ക് ദൈവരാജ്യത്തിന്റെ സന്തോഷവും സമാധാനവും അനുഭവിക്കുവാൻ കഴിയുന്നതാണ്.

### 2. മതനേതാക്കന്മാരുടെ പ്രതികരണം

യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങൾ ജനങ്ങളെ ആകർഷിക്കുവാൻ മതിയായതായിരുന്നു. ക്രിസ്തു വന്നത് നീതിമാന്മാരെ അല്ല, പാപികളെ മാനസാന്തരത്തിലേക്ക് വിളിക്കുവാൻ ആയിരുന്നു. ചുങ്കക്കാരോടും പാപിക ളോടും അവൻ കരുണയും സ്നേഹവും പ്രദർശിപ്പിച്ചു. അന്നത്തെ മതനേതാക്കന്മാർക്ക് അത് രസിച്ചില്ല. അവർ യേശുവിനെ കുറ്റപ്പെടുത്തി. ക്രിസ്തു ഒരു മതസ്ഥാപകൻ അല്ല. ക്രിസ്തു വന്നത് പാപികൾക്ക് രക്ഷാമാർഗ്ഗം ഒരു ക്കുവാനാണ്. മതത്തിന്റെ ആചാരങ്ങളും നിബന്ധനകളും മനുഷ്യന് പാപമോചനം നൽകുകയില്ല. ക്രിസ്തു സ്ഥാപിച്ചത് നവീനമായ രക്ഷാപദ്ധതി യായിരുന്നു. കോടിത്തുണിക്കണ്ടം കീറിയെടുത്ത് പഴയ വസ്ത്രത്തോട് ചേർത്ത് തുന്നുമാറില്ല. അതുപോലെ പുതിയ ഉപദേശങ്ങൾ പഴയതുമായി കൂട്ടിച്ചേർക്കാൻ പാടില്ലെന്നു ക്രിസ്തു വ്യക്തമാക്കി. ദൈവരാജ്യത്തിന്റെ സമ്പൂർണ്ണവും പുതിയതുമായ ഉപദേശങ്ങൾ തുടർന്ന് ക്രിസ്തു പ്രസ്താവിച്ചു.

### 3. ദൈവരാജ്യത്തിന്റെ പ്രമാണങ്ങൾ

ലൂക്കൊസിന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം രേഖപ്പെടുത്തിയിരിക്കുന്നു. ഒരു പരസ്യപ്രഭാഷണം ആയിരുന്നു അത്. അവൻ തിരുവായ് മൊഴിഞ്ഞ് അവരോട് ഉപദേശിച്ചു എന്നത്രെ രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു രാജാവിന്റെ അധികാരമാണ് ഇവിടെ ധ്വനിക്കുന്നത്. ദൈവരാജ്യത്തിൽ പ്രജകൾ ആരായിരിക്കണം, എങ്ങനെ ജീവിക്കണം എന്നീ വിഷയങ്ങൾ ഈ പ്രഭാഷണത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പുരു ഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. അവരുടെ മതനേതാക്കന്മാരെപ്പോലെ അല്ല, അധികാരമുള്ളവനായിട്ടത്രെ ക്രിസ്തു അവരോട് ഉപദേശിച്ചത്.

#### i. ദൈവരാജ്യത്തിൽ ആരാണ് ഭാഗ്യവാന്മാർ

നിത്യസൗഭാഗ്യത്തിന്റെ വർണ്ണനയോടു കൂടെയാണ് ക്രിസ്തു ഗിരിപ്രഭാഷണം ആരംഭിക്കുന്നത്. ആത്മീയ പാപ്പരത്തം സമ്മതിച്ചുകൊണ്ട് ക്രിസ്തുവിങ്കലേക്ക് വരികയും അവന്റെ ശിഷ്യനായി ത്യാഗമനോഭാവത്തോടുകൂടെ ജീവിക്കുകയും ചെയ്യുന്നവർ അത്രെ യഥാർത്ഥ ഭാഗ്യവാന്മാർ. വിശക്കുക എന്നതിന്റെ ആശയം ക്രിസ്തുവിനെ അറിയുവാനും അറിയിക്കുവാനും പ്രക ടിപ്പിക്കുന്ന പരിശ്രമങ്ങൾ എന്നത്രെ. പാപികൾ രക്ഷിക്കപ്പെടുവാൻ ആഗ്രഹിച്ചുകൊണ്ട് കരഞ്ഞു പ്രാർത്ഥിക്കുന്നവർ ദൈവരാജ്യത്തിൽ ഭാഗ്യവാന്മാർ ആയിരിക്കും.

ക്രിസ്തു നിമിത്തം നിന്ദയും പരിഹാസവും ഉപദ്രവങ്ങളും ഇന്ന് അനുഭവിക്കുന്നവർ ദൈവരാജ്യത്തിൽ ഭാഗ്യവാന്മാർ ആയിരിക്കും എന്നുള്ള സത്യം ആർക്കാണ് ആശ്വാസം നൽകാത്തത്. ഗലീലയിൽ ആരംഭിച്ച ഈ ഭാഗ്യവർണ്ണന മൂന്നര വർഷം തുടർന്നു. എന്നാൽ യെഹൂദന്മാരുടെ മതനേതാക്കന്മാർക്ക് അത് പ്രയോജനപ്പെട്ടില്ല. അവർ മനഃപൂർവ്വം ക്രിസ്തുവിനെ ത്യജിച്ചു. എത്ര ദയനീയമായ ചിത്രം. ക്രിസ്തുവിനെ അംഗീകരിക്കാത്ത യെഹൂദജാതിയോട് എന്നേക്കുമായി അവൻ യാത്ര പറഞ്ഞു. ഇന്നും അത് സംഭവ്യമാണ്. ക്രിസ്തുവിന്റെ സൗജന്യമായ സൗഭാഗ്യം ഇന്ന് ആർക്കും അവകാശമാക്കാം. എന്നാൽ ഒരിക്കൽ അത് സാധിക്കാതെ വരും. മാത്രമല്ല, ക്രിസ്തു നിങ്ങളുടെ മേൽ 'അയ്യോ കഷ്ടം' പ്രഖ്യാപിച്ച് തേങ്ങിക്കരയേണ്ടി വന്നു എന്നും വരാം. അങ്ങനെ സംഭവിക്കാതിരിക്കാൻ ഇന്നു തന്നെ ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുക.

#### ii. ദൈവരാജ്യത്തിലുള്ളവരുടെ സാന്മാർഗ്ഗിക നിലവാരം

ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുന്നവർ ഉന്നത സാന്മാർഗ്ഗിക നിലവാരം പുലർത്തണം എന്നും ക്രിസ്തു പഠിപ്പിച്ചു. യെഹൂദന്മാർക്ക് ദൈവം മോശെ മുഖാന്തരം നൽകിയ സാന്മാർഗ്ഗിക പ്രമാണങ്ങളത്രെ ന്യായപ്രമാണം. എന്നാൽ യെഹൂദന്മാരെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ ന്യായപ്രമാണം കേവലം മാനുഷിക സമ്പ്രദായങ്ങൾ ആയി മാറ്റപ്പെട്ടു കഴിഞ്ഞിരുന്നു. എഴുതപ്പെട്ട തിരുവെഴുത്തുകൾ വായിച്ചു പരിശോധിച്ചറിയുന്നതിന് പകരം

മതനേതാക്കൾ പറഞ്ഞുകൊടുത്തത് കേട്ടിട്ടുള്ള അറിവേ യെഹൂദന്മാർക്ക് ഉണ്ടായിരുന്നുള്ളൂ. സ്വന്ത ഇഷ്ടപ്രകാരം തിരുവെഴുത്തു കളെ കോട്ടിക്കളഞ്ഞ ശാസ്ത്രിമാരോട് ക്രിസ്തു പറഞ്ഞത് 'നിങ്ങൾക്ക് ഹാ, കഷ്ടം' എന്നത്രെ. അവരെ നിശിതമായി ക്രിസ്തു ശാസിച്ചു. ഏത് കാലത്തും ഇക്കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന പലരും ദൈവവചനമായ ബൈബിൾ വായിക്കുന്നവരല്ല. മറ്റുള്ളവരുടെ പ്രസംഗങ്ങൾ കേട്ടിട്ടുള്ള അറിവ് മാത്രമാണ് പലർക്കുമുള്ളത്. ക്രിസ്തുവിന്റെ കാലത്തെ യെഹൂദന്മാരുടെ ആത്മിക അധഃപതനത്തിനു പ്രധാന കാരണം അവർ തിരുവെഴുത്തുകൾ ശ്രദ്ധയോടുകൂടെ പഠി ച്ചില്ല എന്നതാണ്. ക്രിസ്തുവിനും ബൈബിളിനും നിരക്കാത്ത ജീവിതത്തിനുള്ള മുഖ്യകാരണം ബൈബിളിനോടുള്ള അവഗണനയാണ്. നാം സൽ ഗുണപൂർണ്ണരാകുവാൻ ബൈബിൾ പ്രസ്താവിക്കുന്ന സത്യങ്ങൾ അനുസരി ക്കേണ്ടതുണ്ട്. കപടഭക്തരായ മതനേതാക്കളുടെ നീതിപ്രവൃത്തികളെ ക്രിസ്തു നിശിതമായി വിമർശിച്ചു. അവരുടെ ലക്ഷ്യം മനുഷ്യരെ പ്രീതിപ്പെടുത്തുക എന്നുള്ളതായിരുന്നു. ക്രിസ്തു പ്രസ്താവിച്ചു: "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ല എങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല." വീണ്ടുംജനിച്ചവർക്ക് മാത്രമേ ഈ അനുഭവം കൈവരിക്കുവാൻ കഴിയൂ. മത്തായിയുടെ സുവിശേഷം 5,6,7 എന്നീ അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു. അഞ്ചാം അദ്ധ്യായം 17-48 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിച്ചു വായിക്കുക. ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം ഗിരിപ്രഭാഷണത്തിലെ ക്രിസ്തുവിന്റെ ഉപദേശങ്ങളുമായി പൊരുത്തപ്പെട്ടു പോകുന്നതായിരിക്കണം. ദൈവാത്മാവിന്റെ നിറവും സഹായവും അതിന് ആവശ്യമാണ്.

## 4. ദൈവഭക്തിയും ലോകഭക്തിയും തമ്മിലുള്ള വ്യത്യാസം

ഗിരിപ്രഭാഷണത്തിൽ നാം പാലിക്കേണ്ട അനവധി പ്രായോഗിക സത്യങ്ങൾ ക്രിസ്തു വിശദീകരിച്ചിട്ടുണ്ട്. മത്തായിയുടെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ ഭിക്ഷ കൊടുക്കുക, പ്രാർത്ഥിക്കുക, ഉപവസിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് നമുക്കുണ്ടായിരിക്കേണ്ട മനോഭാവം വ്യക്തമാക്കിയിരിക്കുന്നു. ഭിക്ഷ കൊടുക്കുക മുതലായ നന്മപ്രവൃത്തികൾ ചെയ്യുന്നത് മനുഷ്യരെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി അല്ല പ്രത്യുത ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി ആയിരിക്കണം. അതുപോലെ തന്നെ നമ്മുടെ പ്രാർത്ഥന വെറും ജല്പനമായി തീരരുത്. മനുഷ്യരെ കാണിക്കുവാൻ കഴിക്കുന്ന പ്രാർത്ഥന ദൈവം വെറുക്കുന്നു. ദൈവത്തോട് നമ്മുടെ ആവശ്യങ്ങൾ അറിയിക്കുന്നതത്രേ പ്രാർത്ഥന. നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തി ലുള്ള നമ്മുടെ ആശ്രയവും വിശ്വാസവും നാം വ്യക്തമാക്കുന്നു. ദൈവഹിതപ്രകാരം പ്രാർത്ഥിക്കണം. പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല. ക്രിസ്തു ഉപവാസത്തെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. ഉപവസിക്കുന്നവർ മനു ഷ്യർക്ക് വിളങ്ങേണ്ടതിന് മുഖം വിരൂപമാക്കരുത്. സ്വന്ത ഇഷ്ടപ്രകാരം ചെയ്യേണ്ട ഒന്നാണ് ഉപവാസം. അനുതാപത്തോടും പ്രാർത്ഥനയോടും ഉപവാസം ബന്ധപ്പെട്ടിരിക്കുന്നു. ദൈവഹിതം ആരായുവാൻ ഉപവസിച്ചു പ്രാർത്ഥിക്കുന്നത് നല്ലതാണ്. മനസ്സിനെ ക്രിസ്തുവിനോട് ഏകാഗ്രമാക്കുവാൻ ഉപവസിക്കുന്നതുകൊണ്ട് കഴിയും. വളരെ തെറ്റിദ്ധാരണകൾക്ക് വിഷയീഭവിച്ചിട്ടുള്ള വിഷയമാണ് ഇത്. ദൈവഭക്തിയുടെ നല്ല അനുഭവക്കാരായി തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## 5. ക്രിസ്തുശിഷ്യന്മാർക്ക് ലോകത്തോട് ഉണ്ടായിരിക്കേണ്ട മനോഭാവം

രക്ഷിക്കപ്പെട്ടവർ ദൈവമക്കളാണ്. അവർ സ്വർഗ്ഗീയപൗരന്മാർ ആകുന്നു. ഈ ലോകവാസം കൂടാരജീവിതം മാത്രമാണ്. എന്നാൽ ലോകത്തിൽ നാം ജീവിക്കുമ്പോൾ നമുക്ക് അത്യാവശ്യമുള്ള കാര്യങ്ങൾ ഉണ്ട്. അങ്ങനെയുള്ള ജീവിതപ്രശ്നങ്ങളെക്കുറിച്ച് വിചാരപ്പെട്ട് ഭാരപ്പെടേണ്ട ആവശ്യം ഇല്ല എന്ന് ക്രിസ്തു പറഞ്ഞു. ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾ നൽകുവാൻ ദൈവം മതിയായവൻ ആകുന്നു. "മുമ്പെ ദൈവരാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും" എന്നുള്ള വാഗ്ദത്തം ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നൽകിയിരിക്കുന്നു (മത്താ. 6:33).

## 6. സാമൂഹ്യജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നാം ലോകത്തിൽ ജീവിക്കുന്നവരാണ്. എന്നാൽ ലോകത്തിനുള്ളവരല്ല. സ്വന്തജീവിതത്തിൽ കുറവുകൾ ഉള്ളപ്പോൾ മറ്റുള്ളവരുടെ കുറവുകൾ ചൂണ്ടിക്കാണിക്കുന്നത് കപടഭക്തിയാണ്. മറ്റുള്ളവരെ കുറ്റപ്പെടുത്തുവാൻ വേണ്ടി നാം വിധിക്കുന്നവർ ആകരുത്. അപ്പോൾ തന്നെ പരമാർത്ഥബുദ്ധിയോടുകൂടെ കാര്യങ്ങൾ വിവേചിക്കുവാൻ നമുക്ക് കഴിയേണ്ടതാണ്. ആത്മിക വിഷയങ്ങൾ പരിഹാസത്തിനും ശത്രുവിന്റെ ആക്രമണത്തിന് വിധേയമാകത്തക്കവണ്ണവും അവതരിപ്പിക്കരുത്. നമ്മുടെ പ്രാർത്ഥനാജീവിതം സ്ഥിരതയുള്ളതായിരിക്കണം. ദൈവഹിതപ്രകാരം നാം പ്രാർത്ഥിക്കുമ്പോൾ ഉത്തരം ലഭിക്കും. "ദോഷികളായ മനുഷ്യർ തങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്രയധികം കൊടുക്കും" എന്നത്രെ ക്രിസ്തു അരുളിച്ചെയ്തത്.

## 7. ദൈവവചനത്തിന്റെ പ്രാധാന്യം

വചനം കേൾക്കുന്നവർ ധാരാളം ഉണ്ട്. അതനുസരിക്കുന്നവർ വളരെ ചുരുക്കം. "കർത്താവേ, കർത്താവേ" എന്ന് പറയുന്നതല്ല, പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിനാണ് പ്രാധാന്യം. വൃക്ഷം തഴച്ചുവളരുന്നതിനല്ല, അതിൽ ഉണ്ടാകുന്ന ഫലങ്ങൾ എന്താണെന്നതിനാണ് പ്രാധാന്യം. പോകുന്ന വഴിയിൽ എത്ര പേർ ഉണ്ട് എന്നതിനല്ല,

എവിടേയ്ക്ക് എത്തുന്നു എന്നതിനാണ് പ്രാധാന്യം. ക്രിസ്തുവിന്റെ നാമത്തിൽ ചെയ്യുന്ന പ്രവൃത്തികൾക്കല്ല, ക്രിസ്തു അറിഞ്ഞാണോ അത് ചെയ്യുന്നത് എന്നതിനാണ് പ്രാധാന്യം. ക്രിസ്തീയ ജീവിതം ക്രിസ്തുവിൽ മാത്രം അടിസ്ഥാനപ്പെട്ടതാണ്. ആ പാറയിൽ വേരൂന്നി അടിസ്ഥാനപ്പെടാത്ത ഏത് ജീവിതവും ഒരിക്കൽ തകർന്നുപോകും. നമ്മുടെ അടിസ്ഥാനം എവിടെ എന്ന് പരമാർത്ഥഹൃദയത്തോടെ ചിന്തിക്കുവാൻ ദൈവം സഹായിക്കട്ടെ. ലോകത്തോടും ദൈവത്തോടും ഭൗതികകാര്യങ്ങളോടും നമ്മുടെ മനോഭാവം എങ്ങനെ ആയിരിക്കണം എന്ന് വ്യക്തമാക്കുന്ന പ്രഭാഷണമത്രെ ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം.

### 8. ക്രിസ്തുവിന്റെ ഉപദേശങ്ങൾ നാം അനുസരിക്കണം

യേശുക്രിസ്തുവിന്റെ ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും ജന ങ്ങളെ വളരെ ആകർഷിച്ചു. എന്നാൽ വ്യക്തമായ തീരുമാനങ്ങൾ ചെയ്യുവാൻ പലരും മടിച്ചു. ക്രിസ്തുവിന്റെ മുന്നോടിയായിരുന്ന യോഹന്നാൻ സ്നാപകൻ പോലും ക്രിസ്തുവിനെ സംശയിച്ചു എന്ന് കാണുന്നു. ആത്മിക കാര്യങ്ങൾക്ക് കൊടുക്കേണ്ട ഘനവും ഗൗരവവും കൊടുക്കാതിരുന്നാലുണ്ടാകുന്ന അപകടം ഇതാണ്. ക്രിസ്തുവിൽനിന്നും അനുഗ്രഹങ്ങൾ ലഭിക്കണം എന്ന് ആഗ്രഹിക്കുന്ന പലരും അവന്റെ കർത്തൃത്വത്തിന് വിധേയപ്പെട്ട് ജീവിക്കുവാൻ തയ്യാറുള്ളവർ അല്ല. അങ്ങനെയുള്ളവർ യഥാർത്ഥ ക്രിസ്ത്യാനികൾ അല്ല. ക്രിസ്തുവിനെ അനുഗമിക്കുന്നവരത്രെ ക്രിസ്ത്യാനികൾ (6:46). ആത്മിക വിഷയങ്ങളോടുള്ള ജനത്തിന്റെ താൽപര്യക്കുറവ് കണ്ട കർത്താവ്, ആ തലമുറയെ കേവലം ചന്തസ്ഥലത്തെ കളിക്കാരെക്കാൾ അധഃപതിച്ച ആത്മീയ അവസ്ഥയിൽ കഴിയുന്നവരായി ചിത്രീകരിച്ചിരിക്കുന്നു.

ഗലീലയിൽ ഉള്ളവർ ക്രിസ്തുവിന്റെ ഉപദേശങ്ങൾ കേട്ടു. വീര്യപ്രവൃ ത്തികൾ കണ്ടു. എന്നാൽ അവർ മാനസാന്തരപ്പെട്ടില്ല. അവരോട് കർത്താവ് പറഞ്ഞത്, "നിങ്ങൾക്ക് ഹാ കഷ്ടം" എന്ന ന്യായവിധിയുടെ വാക്കുകൾ ആയിരുന്നു. ക്രിസ്തുവിന്റെ പ്രഭാഷണങ്ങൾ നമ്മുടെ ജീവിതത്തോട് ബന്ധമുള്ള ആത്മികസത്യങ്ങൾ വെളിപ്പെടുത്തുന്നവ ആകുന്നു. അത് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ അനുഗ്രഹവും ആശ്വാസവും ഉണ്ടാകും.

**അദ്ധ്യായം 5**

## ക്രിസ്തുവിന്റെ പരസ്യശുശ്രൂഷ

**വായനഭാഗം: 8, 9 അദ്ധ്യായങ്ങൾ**

ക്രിസ്തുവിന്റെ പ്രസംഗവിഷയം ദൈവരാജ്യം ആയിരുന്നു. അവൻ ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തു. ക്രിസ്തുവിന്റെ ഉപദേശങ്ങൾ കേട്ട് അവനെ അനുഗമിച്ചവരിൽ സ്ത്രീകളും ഉൾപ്പെട്ടിരുന്നു. അവർ ക്രിസ്തുവിനാൽ സൗഖ്യമാക്കപ്പെട്ടവരും അവനെ ശുശ്രൂഷിക്കുന്നവരും ആയിരുന്നു. ക്രിസ്തുവിന് വർണ്ണവർഗ്ഗവ്യത്യാസം കൂടാതെ ആരെയും സൗഖ്യമാക്കുവാൻ കഴിവുണ്ട്. മനുഷ്യന്റെ കാതലായ പ്രശ്നം പാപമാകുന്നതിനാൽ അതിന് പരിഹാരം വരുത്തുവാൻ വന്നവനത്രെ ക്രിസ്തു. ഇന്ന് ലോകത്തിൽ കാണുന്ന സകല പ്രശ്നങ്ങൾക്കും മൂലകാരണം പാപം ആകുന്നു. അങ്ങനെ ക്രിസ്തുവിൽനിന്ന് പാപമോചനവും രോഗസൗഖ്യവും ലഭിക്കുന്നവർ അവനെ ശുശ്രൂഷിച്ചിരുന്നു. അവർ വസ്തുവക കൊണ്ടും അതിഥിസൽക്കാരം മൂലവും ഗുരുവിന് ശുശ്രൂഷ ചെയ്തു. ഏതു കാലത്തും ക്രിസ്തുഭക്തന്മാർ അനുകരിക്കേണ്ട ഉത്തമമാതൃകയാകുന്നു ഇത്.

### 1. ദൈവരാജ്യത്തെക്കുറിച്ചുള്ള ചില സത്യങ്ങൾ

ദൈവത്തിന്റെ ഭരണത്തെയാണ് ദൈവരാജ്യം എന്ന പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്. പുതിയനിയമത്തിൽ പല വിധത്തിൽ ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്.

പിതാവിന്റെ രാജ്യം (മത്താ. 26:29).

മനുഷ്യപുത്രന്റെ രാജ്യം (മത്താ. 16:28).

സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യം (കൊലൊ. 1:13).

സ്വർഗ്ഗീയരാജ്യം (2 തിമൊ. 4:18).

ദൈവരാജ്യം, സ്വർഗ്ഗരാജ്യം, ക്രിസ്തുവിന്റെ രാജ്യം എന്നൊക്കെപ്പറയുന്നതെല്ലാം ഒന്നുതന്നെയാണ്. ദൈവരാജ്യത്തിന്റെ വെളിപ്പാടിന് വിവിധ കാലഘട്ടങ്ങൾ ഉണ്ട്.

1. യോഹന്നാൻ സ്നാപകൻ "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നു പ്രസംഗിച്ചു (മത്താ. 3:1).
2. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെയുണ്ടല്ലോ എന്നു മതഭക്തരോട് ക്രിസ്തു പറഞ്ഞു (ലൂക്കൊ. 17:21). രാജാവ് ഉള്ളേടമാണല്ലോ രാജ്യം. ക്രിസ്തു അവരുടെ ഇടയിൽ ഉണ്ടായിരുന്നുവല്ലോ.
3. യിസ്രായേൽ അവരുടെ രാജാവിനെ ഉപേക്ഷിച്ചു കളയുന്നതായി കാണാം (ലൂക്കൊ. 19:14).
4. ഇന്ന് സ്വർഗ്ഗരാജ്യം ഒരു മാർമ്മിക വിഷയമാണ് (മത്താ. 13:11). വീണ്ടും ജനിച്ചവർക്ക് ഉണ്ടാകുന്ന അനുഭവമാണ് ദൈവരാജ്യത്തിന്റെ അനുഭവം എന്നു സാരം (യോഹ. 3:3, റോമ. 14:17).
5. ഭാവിയിൽ ദൈവരാജ്യത്തിന്റെ പൂർണ്ണമായ വെളിപ്പാട് ഉണ്ടാകും. ക്രിസ്തു തേജസ്സോടെ മേഘാരൂഢനായി

വന്ന് ഭൂമിയിൽ ആയിരം വർഷം നീതിയോടെ വാഴും (വെളി. 11:15, 19:16, 20:4).

6. നിത്യരാജ്യം ഒടുവിലായി സംഭവിക്കും. ആയിരം ആണ്ടുവാഴ്ചയുടെ ശേഷം പുതിയ ആകാശവും പുതിയ ഭൂമിയും ദൈവം ഉണ്ടാക്കയും അവിടെ ദൈവത്തിന്റെ രാജത്വം അതിന്റെ സമ്പൂർണ്ണതയിൽ വരികയും ചെയ്യും (2 പത്രൊ. 1:11, 1 കൊരി. 15:24, 2 പത്രൊ. 3:13).

## 2. വിതയ്ക്കുന്നവന്റെ ഉപമ (8:4-15)

ഈ ഉപമയിൽ ക്രിസ്തുവിന്റെ ഉപദേശം എങ്ങനെ നാം സ്വീകരിക്കണം എന്ന് വ്യക്തമാക്കിയിരിക്കുന്നു. വചനം കേൾക്കുന്നതുകൊണ്ട് മാത്രം പ്രയോജനം ഇല്ല. അത് അനുസരിക്കുന്നവരത്രെ ഭാഗ്യവാന്മാർ. വാസ്തവമായ സ്നേഹവും ക്രിസ്തുവിനെ അനുസരിക്കുവാനുള്ള മനസ്സും ഉള്ളവർക്ക് മാത്രമേ അവന്റെ വചനം ഗ്രഹിക്കുവാൻ കഴിയൂ. ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ അറിവാൻ ശിഷ്യന്മാർക്ക് വരം ലഭിച്ചിരുന്നു. എന്നാൽ ശേഷമുള്ളവർക്ക് ക്രിസ്തുവിനെ അറിയുവാൻ താൽപര്യം ഇല്ലായിരുന്നതിനാൽ അവരോട് ഉപമകളാൽ സംസാരിച്ചു. ഉപമകളിൽ ഉൾക്കൊണ്ടിരിക്കുന്ന ആത്മിക അർത്ഥം ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. വിത്ത് ദൈവവചനമാണ്. വഴിയരികെ വീണ വിത്ത്, കേൾവിക്കാരിൽ ഉപരിപ്ലവമായ അനുഭവം മാത്രം ഉണ്ടാക്കുന്നതിനെ കാണിക്കുന്നു. അവർ വേഷഭക്തരാണ്. യേശുവിനെ ദൈവവും കർത്താവുമായി സ്വീകരിച്ച് അവനെ അനുസരിക്കുവാൻ അവർ മനസ്സുള്ളവർ അല്ല. അങ്ങനെയുള്ളവർക്ക് രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ല.

പാറസ്ഥലത്ത് വീണ വിത്ത് മാനസാന്തരത്തിന്റെ അനുഭവം ഇല്ലാത്ത കേൾവിക്കാരെ കാണിക്കുന്നു. സ്വന്ത പാപത്തെക്കുറിച്ച് ബോധമുള്ളവരും അത് ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് തകർന്ന ഹൃദയത്തോടെ മടങ്ങിവന്ന്, ക്രിസ്തുവിൽ വിശ്വസിച്ച് ആശ്രയിക്കുന്നവർക്കും മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയൂ. അവർ എതിർപ്പുകളുടെ മദ്ധ്യത്തിലും ക്രിസ്തുവിൽ ആശ്രയിക്കുന്നവരും രക്ഷയുടെ സന്തോഷം അനുഭവിക്കുന്നവരും ആയി രിക്കും.

മുള്ളിനിടയിൽ വീണ വിത്ത് പൊത്തുവരുത്ത ക്രിസ്ത്യാനിത്വത്തെ കാണിക്കുന്നു. അവർ വചനം കേട്ടവരും അല്പകാലത്തേക്ക് അതിൽ നിലനിൽക്കുന്നവരും ആയി മറ്റുള്ളവർക്ക് തോന്നാം. ലോകചിന്തകളാലും ധനത്താലും സംസാരഭോഗങ്ങളാലും ഞെരുങ്ങുന്ന അനുഭവക്കാരാണ് അവർ. ദൈവവചനം അവർ അനുസരിക്കുന്നില്ല. ലോകസ്നേഹികൾക്ക് വാസ്തവമായ രക്ഷയുടെ അനുഭവക്കാരാകുവാൻ കഴിയുന്നതല്ല.

നല്ല മണ്ണിൽ വീണ വിത്ത് നൂറുമേനി ഫലം പുറപ്പെടുവിക്കുന്നു. ദൈവവചനം പൂർണ്ണമായി അനുസരിക്കുന്നവരെ അത്രെ ഇത് കാണിക്കുന്നത്. വചനം അവരുടെ ജീവിതത്തിൽ ആത്മികപരിവർത്തനം വരുത്തുന്നു. അവർ ക്രിസ്തുവിന്റെ ഉപദേശം അറിയുവാനും അനുസരിക്കുവാനും മനസ്സുള്ളവർ ആണ്. ക്രിസ്തുവിലുള്ള ദിവ്യസ്വഭാവം അവരിൽ തൽഫലമായി ഉണ്ടാകുവാൻ ഇടയാകും (2 പത്രൊ. 1:2-11). അങ്ങനെ ഫലസമൃദ്ധിയുള്ള ക്രിസ്തുശിഷ്യരാകുവാൻ ദൈവം നമ്മെയും സഹായിക്കട്ടെ.

## 3. രക്ഷിക്കപ്പെട്ടവരുടെ ഉത്തരവാദിത്വം (8:16-18)

ദൈവവചനം കേട്ട് വിശ്വസിക്കുന്നവരാണ് രക്ഷിക്കപ്പെട്ടവർ. അവർ ക്രിസ്തുവിന്റെ സാക്ഷികൾ ആകണം. രഹസ്യശിഷ്യത്വം ബൈബിൾ അനുവദിക്കുന്നില്ല.

വിളക്ക് കത്തിച്ച് പറയിൻകീഴല്ല തണ്ടിന്മേലത്രെ വെക്കുന്നത്. ഇവിടെ നാം കാണുന്നത് നമ്മുടെ തൊഴിൽ മണ്ഡലങ്ങളിൽ നാം ക്രിസ്തുവിന്റെ സാക്ഷികൾ ആകണം എന്നത്രെ. അഥവാ ക്രിസ്തുവിനെ സേവിക്കുന്നത് ജീവിതലക്ഷ്യമാകണം. സുഖസൗകര്യങ്ങൾ നാം കർത്താവിനെ സേവിക്കുന്നതിനു തടസ്സമായി തീരരുത്. ആത്മിക ശുശ്രൂഷകളിൽ നാം മടിയന്മാരാകരുത്. അങ്ങനെ സംഭവിക്കുന്ന പക്ഷം നമ്മുടെ യഥാർത്ഥ സ്ഥിതി വെളിപ്പെടുവാൻ ഇടയാകും. ആയതിനാൽ നാം എന്ത് മനോഭാവത്തോടെ വചനം കേൾക്കുന്നു എന്ന് പരിശോധിക്കുന്നവർ ആകണം.

## 4. ക്രിസ്തുവിന്റെ യഥാർത്ഥ അമ്മയും സഹോദരന്മാരും

ക്രിസ്തുവിനെ കാണുവാൻ അമ്മയായ മറിയയും സഹോദരന്മാരും വന്നു. എന്നാൽ പുരുഷാരം നിമിത്തം അവനോട് അടുപ്പാൻ കഴിഞ്ഞില്ല. ഇതറിഞ്ഞ ക്രിസ്തു തനിക്കുള്ള നിത്യമായ ബന്ധത്തെക്കുറിച്ച് പ്രസ്താവിച്ചു. രക്തബന്ധം നിത്യമല്ല. മരണംകൊണ്ട് അത് അവസാനിക്കും. എന്നാൽ ദൈവവചനം അനുസരിക്കുന്നവർക്ക് നിത്യമായ ബന്ധം ദൈവ വുമായി ലഭിക്കുന്നു. അവർ ദൈവമക്കൾ ആയിത്തീരുന്നു. അവർ നിത്യജീവന്റെ അവകാശികൾ ആണ്. ഈ സൗഭാഗ്യം എന്റെ സ്നേഹിതർ കൈ വശമാക്കുവാൻ സർവ്വേശ്വരൻ സഹായിക്കട്ടെ.

## 5. ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കുന്ന സത്യം

1. ഇളകിമറിയുന്ന കടലിനെയും കാറ്റിനെയും ശാന്തമാക്കി. ഇവിടെ വ്യക്തമാക്കുന്ന സത്യം ക്രിസ്തു പ്രകൃതിശക്തികളുടെ മേൽ അധികാരം ഉള്ളവൻ ആകുന്നു.
2. ഗദരദേശത്തെ ഭൂതഗ്രസ്തനെ സൗഖ്യമാക്കി. ഇവിടെ നാം കാണുന്നത് ക്രിസ്തുവിന് ഭൂതപ്രേതാദികളുടെ മേൽ അധികാരം ഉണ്ട് എന്നത്രെ. ക്രിസ്തു നമ്മുടെ ജീവിതത്തിൽ വരുമ്പോൾ നാം സുബോധവും മാന്യതയും ഉള്ളവരായിത്തീരുന്നു.
3. പന്ത്രണ്ട് സംവൽസരമായി രക്തസ്രവമുള്ള സ്ത്രീക്ക് സൗഖ്യം ലഭിച്ചു. അവൾ ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ

തൊങ്ങൽ തൊട്ടമാത്രയിൽ അവൾക്ക് സൗഖ്യം ലഭിച്ചു. ക്രിസ്തു തന്നിൽനിന്ന് ശക്തി പുറപ്പെട്ടത് അറിഞ്ഞു. നമ്മുടെ രോഗത്തിന്റെ മേൽ അധികാരമുള്ളവനാകുന്നു ക്രിസ്തു. അവൻ നമ്മെ വ്യക്തികളായി അറിയുന്നു. നാം ആവശ്യബോധത്തോടും വിശ്വാസത്തോടും കൂടെ അവനെ സമീപിക്കണം. അപ്പോൾ അവനിൽനിന്ന് ശക്തി നമ്മിലേക്ക് പ്രവഹിക്കും. നമ്മുടെ ജീവിതം സമാധാനവും ഫലസമൃദ്ധിയും ഉള്ളതാകുവാൻ അങ്ങനെ ഇടയാകുന്നതാണ്.

## 6. ക്രിസ്തു ശിഷ്യന്മാരെ അയയ്ക്കുന്നു

ശിഷ്യന്മാർ ഗുരുവിന്റെ ഉപദേശങ്ങൾ കേട്ടവർ ആണ്. ആ ഉപദേശങ്ങൾ പ്രായോഗികമാക്കുവാൻ അവർക്ക് ശക്തിയും അധികാരവും നൽകി അവരെ അയച്ചു. ദൈവരാജ്യം പ്രസംഗിപ്പാനും രോഗികൾക്ക് സൗഖ്യം നല്കുവാനും അവർ നിയോഗം ലഭിച്ചവരായിരുന്നു. അന്ന് വേദപുസ്തകം സമ്പൂർണ്ണമായിരുന്നില്ല. ശിഷ്യന്മാർ പ്രസംഗിച്ച സുവിശേഷം ഉറപ്പിക്കുവാൻ അന്ന് അവർക്ക് ആവശ്യം ഉണ്ടായിരുന്നു. അങ്ങനെ ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും അവരുടെ പ്രസംഗങ്ങൾക്ക് ഉറപ്പുവരുത്തി. ഇന്ന് അതിന്റെ ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ ഇന്ന് ദൈവവചനം പൂർണ്ണമായി ലഭിച്ചിരിക്കുന്നു. കൂടാതെ സുവിശേഷം കേട്ട് രക്ഷിക്കപ്പെട്ടവരായ ക്രിസ്തുവിന്റെ സാക്ഷികളുടെ സമൂഹത്തെ എവിടെയും കാണാൻ കഴിയുന്നതാണ്. അപ്പോൾ തന്നെ ദൈവം അത്ഭുതം പ്രവർത്തി ക്കാൻ ഇന്നും ശക്തിയും അധികാരവും ഉള്ളവൻ ആകുന്നു എന്നുള്ള സത്യം നാം ഓർത്തിരിക്കേണ്ടതാണ്.

ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവരുടെ ദൈനംദിന ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കാൻ അവൻ മതിയായവൻ ആകുന്നു. ശിഷ്യന്മാർ ഗുരു വിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവർ ആയിരിക്കണം. ക്രിസ്തുവിന്റെ സാക്ഷികൾ ആകുമ്പോൾ എതിർപ്പുകൾ നേരിടേണ്ടി വരും. അതിന്റെ മധ്യത്തിൽ കർത്താവ് അവരെ കാത്തുപാലിക്കുവാൻ ശക്തിയുള്ളവൻ ആകുന്നു. അഞ്ചപ്പവും രണ്ട് മീനുംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച കർത്താവ് മനുഷ്യന്റെ ആവശ്യങ്ങൾ അറിയുന്നവനും, സഹ താപമുള്ളവനും ആകുന്നു. മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ഒരുക്കുവാൻ ക്രിസ്തു ശക്തിയുള്ളവൻ ആകുന്നു. അഞ്ചപ്പവും രണ്ട് മീനും ഉണ്ടായിരുന്ന ബാലൻ അത് കർത്താവിന് സമർപ്പിച്ചതുപോലെ നമ്മുടെ കഴിവുകൾ കർത്താവിന് സമർപ്പിക്കുമ്പോൾ അവന് നമ്മെ പ്രയോജനമുള്ളവരാക്കുവാൻ കഴിയും.

## 7. ക്രിസ്തുവിനെക്കുറിച്ച് നമുക്കുണ്ടായിരിക്കേണ്ട അറിവ്

ക്രിസ്തുവിനെക്കുറിച്ച് പല അഭിപ്രായങ്ങൾ മനുഷ്യർ നൽകിയിട്ടുണ്ട്. അവൻ ഒരു മാതൃകാപുരുഷൻ ആണ് എന്നഭിപ്രായപ്പെടുന്നവർ ഉണ്ട്. ക്രിസ്തു തന്റെ ശിഷ്യന്മാരോട് ഈ ചോദ്യം ഉന്നയിച്ചു. 'പുരുഷാരം എന്നെക്കുറിച്ച് പലതും അഭിപ്രായപ്പെടുന്നുണ്ടെങ്കിലും നിങ്ങൾ എന്നെ ആരെന്നു പറയുന്നു.' പത്രൊസ് അതിനു മറുപടിയായി "നീ ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്നു പറഞ്ഞു. ഈ പ്രസ്താവനയിൽ ഉൾക്കൊണ്ടിരിക്കുന്ന ആശയങ്ങൾ വളരെയാണ്. ക്രിസ്തു, ദൈവപുത്രൻ അഥവാ ദൈവം തന്നെയാകുന്നു. അവൻ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി മനുഷ്യനായവൻ ആണ്. ക്രിസ്തുവിന്റെ ആളത്വവും ഉപദേശങ്ങളും വിശദീകരിക്കുന്ന സുവിശേഷം എഴുതിയിരിക്കുന്നതിന്റെ ഉദ്ദേശം യോഹന്നാൻ വ്യക്തമാക്കിയിട്ടുണ്ട്: "യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു" (യോഹ. 20:31). ക്രിസ്തുവിനെ ഒരു പ്രവാചകനായിട്ടോ, നല്ല ഗുരുവായിട്ടോ, മതസ്ഥാപകനായിട്ടോ വിശ്വസിക്കുന്നതുകൊണ്ട് ആരും രക്ഷിക്കപ്പെടുന്നില്ല. അവനെ കർത്താവും രക്ഷിതാവുമായി വിശ്വസിക്കുന്നവർ പാപമോചനവും നിത്യജീവനും ഉള്ളവരാകും. അങ്ങനെ ക്രിസ്തുവിനെ അംഗീകരിക്കുവാൻ ദൈവാത്മാവിന്റെ സഹായം ആവശ്യമാണ്. ആ ദൈവിക വെളിപ്പാട് ലഭിച്ചവരത്രെ യഥാർത്ഥ ഭാഗ്യവാന്മാർ. പ്രിയ സ്നേഹിതാ, താങ്കൾക്ക് ഈ ഭാഗ്യപദവി ലഭിച്ചിട്ടുണ്ടോ? "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്ന് പത്രൊസ് ഏറ്റുപറഞ്ഞപ്പോൾ "ഈ പാറമേൽ (അഥവാ ക്രിസ്തു എന്ന പാറമേൽ) ഞാൻ എന്റെ സഭയെ പണിയും" എന്നു ക്രിസ്തു അരുളിച്ചെയ്തു. തുടർന്ന് ക്രിസ്തു തന്റെ മരണ ത്തെയും ഉയിർത്തെഴുന്നേൽപ്പിനെയും കുറിച്ച് ശിഷ്യന്മാർക്ക് മുന്നറിവ് നൽകി. ക്രിസ്തുവിന്റെ മരണപുനരുത്ഥാനം മനുഷ്യന്റെ വീണ്ടെടുപ്പിനോ ടുള്ള ബന്ധത്തിൽ അതിപ്രധാന വിഷയമാകുന്നു. മനുഷ്യന്റെ പാപത്തിന്റെ ശിക്ഷയാകുന്നു മരണം. ക്രിസ്തു പാപരഹിതനാകയാൽ മരണം സഹിക്കേ ണ്ടിയിരുന്നില്ല. എന്നാൽ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ പാപരഹിതനായ ക്രിസ്തു പാപമാക്കപ്പെട്ടു. അവന്റെ മരണം മനുഷ്യവർഗ്ഗത്തിന്റെ പാപ ത്തിന്റെ ശിക്ഷയായിരുന്നു. നീതിമാനായ ദൈവം ക്രിസ്തുവിന്റെ മരണം, മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ് വിലയായി അംഗീകരിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ് അവന്റെ പുനരുത്ഥാനം. പത്രൊസിന് ഇത് മനസ്സിലായില്ല. അതുകൊണ്ട് അവൻ ക്രിസ്തുവിനോട് 'അങ്ങനെ സംഭവിക്കരുത്' എന്നുപറഞ്ഞു. പത്രൊസിനെ ക്രിസ്തു ശാസിക്കുന്നതായി ഇവിടെ കാണാം. ക്രിസ്തുവിനെക്കുറിച്ചുള്ള ശരിയായ അറിവ് അവനെ സ്നേഹിക്കുവാനും സേവിക്കുവാനും ആവശ്യമാണ്. അങ്ങനെ അവനെ അനുഗമിക്കുന്നവരാണ് അവന്റെ ശിഷ്യന്മാർ. അതിന് കർത്താവ് നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 6

# ക്രിസ്തുവും ശിഷ്യന്മാരും

**വായനഭാഗം: 9:23–10:42**

ശിഷ്യൻ എന്ന വാക്കിന്റെ അർത്ഥം ഗുരുവിൽനിന്നും പഠിക്കുന്നവൻ എന്നാണ്. ഗുരുവിനെപ്പോലെ ആകുവാൻ ശിഷ്യൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ അവനെ ലോകത്തിന് വെളിപ്പെടുത്തുന്നവർ ആയിരിക്കണം. അവർ മറ്റുള്ളവരെ ക്രിസ്തുവിന്റെ ശിഷ്യന്മാർ ആക്കുവാൻ നിയോഗം ലഭിച്ചവർ ആണ്.

### 1. ശിഷ്യന്മാർ ക്രിസ്തുവിനാൽ വിളിക്കപ്പെട്ടവർ

ക്രിസ്തുവിന്റെ ഉപദേശങ്ങൾ കേട്ട് വിശ്വസിച്ചിരുന്നവരായിരുന്നു അവ നെ അനുഗമിച്ചവർ. എന്നാൽ അവരിൽ പലരും ക്രിസ്തുവിന്റെ ശിഷ്യന്മാർ ആയിരുന്നില്ല. ഒരു വ്യക്തി ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽ വിശ്വസിക്കുമ്പോൾ രക്ഷിക്കപ്പെടുന്നു. അങ്ങനെ ദൈവപൈതലാകുവാൻ ഇടയാകും. അവർ പാപമോചനവും നിത്യജീവനും ലഭിച്ചവർ ആണ്. അവരെക്കുറിച്ച് കർത്താവ് ആഗ്രഹിക്കുന്നത് അവരെ ശിഷ്യരാക്കണം എന്നത്രെ. വ്യക്തികളായിട്ടാണ് ക്രിസ്തു, ശിഷ്യരാകുവാൻ ക്ഷണിക്കുന്നത്. അങ്ങനെ ക്രിസ്തുവിന്റെ ക്ഷണം സ്വീകരിച്ച് അവനെ അനുഗമിച്ച ഒരു വ്യക്തിയായിരുന്നു ലേവി (5:27–32). അവൻ ഒരു ചുങ്കക്കാരൻ ആയിരുന്നു. യെഹൂദന്മാർ അവരെ വെറുത്തിരുന്നു. അവർ സമൂഹത്തിൽ നിന്ദിക്കപ്പെട്ടവർ ആയിരുന്നു. കർത്താവിന്റെ വിളി കേട്ടു ലേവി സകലവും വിട്ടു ക്രിസ്തുവിനെ അനുഗമിച്ചു. ക്രിസ്തു ഇന്നും ജനത്തെ തന്റെ ശിഷ്യരാകുവാൻ ആഹ്വാനം ചെയ്യുന്നു.

### 2. ശിഷ്യന്മാർ ക്രിസ്തുവിന് ജീവിതത്തിൽ പ്രഥമസ്ഥാനം നൽകുന്നവർ ആയിരിക്കണം

നമ്മുടെ ജോലിയോ, വിദ്യാഭ്യാസമോ, മറ്റു താൽപര്യങ്ങളോ കർത്താവിനെ അനുഗമിക്കുന്നതിന് തടസ്സമായി തീരുവാൻ നാം അനുവദിക്കരുത്. ക്രിസ്തുവിന്റെ ശിഷ്യനായിത്തീർന്ന ലേവി അവന്റെ വീട്ടിൽ ക്രിസ്തുവിന് ഒരു വലിയ വിരുന്ന് ഒരുക്കി. പല ചുങ്കക്കാരും പാപികളും അവിടെ ഉണ്ടായി രുന്നു. ക്രിസ്തുവിന്റെ ഉപദേശങ്ങൾ കേൾക്കുവാൻ ഇതുമൂലം ഇടയായി. ലേവി അതിനുവേണ്ടി വലിയ ചെലവു ചെയ്തു. നമുക്ക് ഈ മാതൃക അനുകരിക്കാം. ക്രിസ്തുവിന്റെ ശിഷ്യന്മാർ എല്ലാം ജോലി ഉപേക്ഷിക്കണം എന്നിവിടെ പറയുന്നില്ല. നമ്മുടെ സാഹചര്യങ്ങളിൽ ക്രിസ്തുവിന് പ്രഥമസ്ഥാനം നൽകണം എന്നതിനാണ് പ്രാധാന്യം. പൂർണ്ണസമയം കർത്താവിന്റെ വേല ചെയ്യുവാൻ ദർശനവും വിളിയും നിർബന്ധവും ഉള്ളവർ അങ്ങനെ ചെയ്യണം. ബൈബിൾ രഹസ്യശിഷ്യത്വം അനുവദിക്കുന്നില്ല.

### 3. ശിഷ്യത്വം വിലയുള്ളതാകുന്നു

ക്രിസ്തീയ ജീവിതം ശിഷ്യത്വത്തിന്റെ മാർഗ്ഗമാകുന്നു. ക്രിസ്തു അരുളിച്ചെയ്തു: "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ" (9:23).

1. ആത്മാർത്ഥമായ ആഗ്രഹം ഉള്ളവർക്കു മാത്രമേ യഥാർത്ഥ ശിഷ്യനാകാൻ കഴിയൂ. ഗുരുവിനെ അനുഗമിക്കുവാനുള്ള ആഗ്രഹം ഏത് ത്യാഗവും സഹിക്കുവാൻ നമ്മെ മനസ്സുള്ളവർ ആക്കും.
2. ശിഷ്യൻ സ്വാർത്ഥതാൽപര്യങ്ങൾ ഉപേക്ഷിക്കണം. രക്ഷിക്കപ്പെടുന്നതിന് മുമ്പ് നാം സ്വന്ത ഇഷ്ടം ചെയ്യുന്നവരും അതിൽ രസിക്കുന്നവരും ആയിരുന്നു. ജഡത്തിന്റെ മോഹങ്ങൾക്ക് നാം അടിമകൾ ആയിരുന്നു. ജഡത്തിന്റെ ഇഷ്ടം ദൈവത്തോടുള്ള ശത്രുത്വം ആണ്.
3. ശിഷ്യൻ സ്വന്തക്രൂശ് വഹിക്കുന്നവൻ ആയിരിക്കണം. ക്രൂശ് മരണ ത്തെ കാണിക്കുന്നു. നമ്മുടെ സ്വയം മരിപ്പിക്കണം എന്ന് സാരം. ദൈനംദിന ജീവിതത്തിൽ ജഡത്തിന്റെ ഇച്ഛകളെ മരിപ്പിക്കുന്നവർക്ക് മാത്രമേ ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യന്മാർ ആകുവാൻ കഴിയൂ. ദൈവഹിതം ചെയ്യുവാൻ നാം സമർപ്പിക്കപ്പെട്ടിരിക്കുന്നവർ ആയിരിക്കണം. താൽക്കാലിക സുഖത്തിനും സന്തോഷത്തിനുമായി നിത്യമായ ആത്മിക അനുഗ്രഹങ്ങളെ ത്യജിക്കുന്നവർ ആകരുത്. ദൈവം ആഗ്രഹിക്കുന്ന വിധം ജീവിക്കുന്നവനാണ് യഥാർത്ഥ ശിഷ്യൻ. ക്രിസ്തുശിഷ്യൻ അറിഞ്ഞിരിക്കേണ്ട ചില സത്യങ്ങൾ:

1. സ്വന്തഭവനക്കാർ എതിർത്തു എന്നു വരാം.
2. ലോകത്തിൽ നിന്ദിതർ ആകാം.
3. താൽക്കാലിക സുഖസൗകര്യങ്ങൾ നഷ്ടപ്പെടാം.
4. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കണം.
5. ദൈവാത്മാവിന്റെ നടത്തിപ്പിനായി കാത്തിരിക്കുക.
6. ക്രിസ്തുവിന്റെ സാക്ഷികൾ ആകണം.
7. സ്നേഹിതരാലുള്ള നിന്ദയും അവഗണനയും ഉണ്ടാകാം.

8. തനിയേ ക്രിസ്തുവിന്റെ സാക്ഷി ആകേണ്ടതായി വരാം.
9. മതനേതാക്കളിൽനിന്നുള്ള ഭീഷണി ഉണ്ടാകാം.
10. നീതിക്കുവേണ്ടി കഷ്ടം സഹിക്കേണ്ടതായി വരാം.
11. മരണപര്യന്തം വിശ്വസ്തരായി ജീവിക്കണം.

## 4. ശിഷ്യൻ ക്രിസ്തുവിന്റെ ഉപദേശം സ്വീകരിക്കുന്നു

ഭൗതിക കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാതെ ക്രിസ്തുവിനെ അനുഗമിക്കുവാൻ ശിഷ്യന്മാർക്ക് കല്പന ലഭിച്ചിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ഉപദേശങ്ങൾ ഗ്രഹിക്കുവാൻ കഴിവുള്ളവർ ആയിരുന്നില്ല തന്റെ ശിഷ്യർ. ക്രിസ്തു വന്നു രാജ്യം സ്ഥാപിക്കുമ്പോൾ അവനോടുകൂടി വാഴുവാൻ അവർ ആഗ്രഹിച്ചു. അവരിൽ ആർ വലിയ വൻ എന്ന് അന്യോന്യം വാദിക്കുന്നവർ ആയിരുന്നു ശിഷ്യന്മാർ. ക്രിസ്തു അവരോട് പറഞ്ഞത്, 'ഒരു ശിശുവിനെ കൈക്കൊള്ളുന്നതുപോലെ ഏറ്റം ചെറിയവരെ എന്റെ നാമത്തിൽ സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യു ന്നവർക്ക് മാത്രമേ ദൈവരാജ്യത്തിൽ വലിയവർ ആകുവാൻ കഴിയൂ എന്നായിരുന്നു. മാത്രമല്ല ശിഷ്യന്മാർ വിഭാഗീയ ചിന്ത ഉള്ളവർ ആയിരിക്കരുത് എന്നും ക്രിസ്തു ഉപദേശിച്ചു. ജനത്തിന്റെ ആവശ്യം മനസ്സിലാക്കി അവരെ ഉപദേ ശിക്കുവാൻ ക്രിസ്തു മനസ്സുള്ളവൻ ആയിരുന്നു. ദൈവികരഹസ്യങ്ങൾ ഉപമകളിൽക്കൂടി ക്രിസ്തു ജനത്തിന് വെളിപ്പെടുത്തി. ക്രിസ്തുവിന്റെ നിസ്തുല്യത മനസ്സിലാക്കുവാനും ശിഷ്യന്മാർക്ക് കഴിഞ്ഞു.

## 5. ക്രിസ്തുവിന്റെ ഉപമകൾ

സാധാരണ സംഭവങ്ങൾ ദൃഷ്ടാന്തമാക്കി ആത്മികസത്യങ്ങൾ വ്യക്തമാക്കുന്നതാണ് ഉപമ. ക്രിസ്തു 34-ഓളം ഉപമകൾ പറഞ്ഞിട്ടുണ്ട് എന്നാണ് പണ്ഡിതാഭിപ്രായം. ദൈവികരഹസ്യങ്ങൾ ആണ് ഉപമകളിൽക്കൂടി ക്രിസ്തു പ്രസ്താവിച്ചത്. ക്രിസ്തുവിന്റെ ഉപദേശങ്ങൾ ജനങ്ങൾ കേട്ടുവെങ്കിലും അത് ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞി ല്ല. പുരുഷാരത്തോട് ക്രിസ്തു ഉപമ കൂടാതെ ഒന്നും പറഞ്ഞില്ല എന്നത്രെ കാണുന്നത്. ശിഷ്യന്മാർക്ക് ക്രിസ്തു ഉപമകളെ വ്യാഖ്യാനിച്ചുകൊടുത്തു. അങ്ങനെ ദൈവരാജ്യത്തിന്റെ മർമ്മ ങ്ങളെ അറിയുവാൻ അവർക്ക് വരം ലഭി ച്ചു.

ദൈവത്തിന്റെ ഹൃദയരഹസ്യങ്ങൾ മനുഷ്യന് വെളിപ്പെടുത്തി കൊടുക്കുവാൻ അവൻ പ്രസാദിച്ചു. ബൈബിൾ ദൈവത്തിന്റെ വെളിപ്പാടാകുന്നു. അത് വായിക്കുന്നവർക്ക് ദൈവിക ആലോചനകൾ അറിയുവാൻ കഴിയും. ഉപമ കൾ ശ്രദ്ധിച്ചു പഠിക്കേണ്ടതാണ്. അതിന് ദൈവാത്മാവ് വിദ്യാർത്ഥികളെ സഹായിക്കട്ടെ. ഉപമകൾ വ്യാഖ്യാനി ക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില സത്യങ്ങൾ:

1. പ്രാർത്ഥനയോടുകൂടെ പഠിക്കുക.
2. മുൻവിധി കൂടാതെ വായിക്കുക.
3. സന്ദർഭം മനസ്സിലാക്കി വ്യാഖ്യാനിക്കുക.
4. ഉപമകളെ അടിസ്ഥാനമാക്കി ഉപദേശങ്ങൾ സ്ഥാപിക്കരുത്.

ദൈവവചനസത്യങ്ങൾ മനസ്സിലാക്കുവാൻ ദൈവാത്മാവിന്റെ സഹായം ഒഴിച്ചുകൂടാത്തതാകുന്നു. വേദപ ണ്ഡിതന്മാരുടെ വ്യാഖ്യാനഗ്രന്ഥങ്ങൾ അതിനു നമ്മെ സഹായിക്കാവുന്നതാണ്. എന്നാൽ മുഖ്യമായും ദൈവ വചനം നാം പഠിക്കുന്നവർ ആകണം. ദൈവകൽപ്പന അനുസരിക്കുവാൻ മനസ്സുള്ളവർക്ക് ദൈവം തന്റെ ആലോ ചനകൾ വെളിപ്പെടുത്തിക്കൊടുക്കും (യോഹ. 7:17). ദൈവത്തോട് ഭയഭക്തിയുള്ളവർക്കും അവന്റെ സഖിത്വം ഇഷ്ട പ്പെടുന്നവർക്കും അവൻ തന്റെ നിയമം അറിയിക്കുന്നു (സങ്കീ. 25:14). ദൈവത്തെ ആത്മാർത്ഥതയോടെ വിളിച്ചപേ ക്ഷിക്കുന്നവർക്ക് അവൻ, അവർക്ക് അറിയാത്ത മഹത്തായും അഗോചരവുമായ കാര്യങ്ങളെ വെളിപ്പെടുത്തിക്കൊ ടുക്കുന്നു (യിരെ. 33:3).

## 6. ശിഷ്യന്മാർക്ക് ഉണ്ടായിരിക്കേണ്ട മനോഭാവം

ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ട ശിഷ്യന്മാർ ദൈവരാജ്യത്തിന്റെ സന്ദേശം ജനത്തെ അറിയിച്ചു. അവർ അത്ഭു തങ്ങളും അടയാളങ്ങളും ചെയ്തു. മടങ്ങിവന്നു കർത്താവിനോട് അവർ ചെയ്ത അത്ഭുതപ്രവൃത്തികളെക്കുറിച്ച് പറഞ്ഞു. കർത്താവ് അപ്പോൾ അവർക്ക് നൽകിയ ഉപദേശം ശ്രദ്ധേയമത്രെ. നാം ചെയ്യുന്ന ശുശ്രൂഷകളുടെ വലി പ്പത്തിലോ ഫലത്തിലോ നാം സന്തോഷിക്കുന്നവർ ആകരുത്. അത് നമ്മെ നിഗളസ്വഭാവമുള്ളവർ ആക്കുന്നതാ ണ്. നമ്മുടെ രക്ഷയിൽ നാം സന്തോഷിക്കുന്നവർ ആകണം. നാം കൃപയാൽ രക്ഷിക്കപ്പെട്ടവർ ആണ്. ശിഷ്യന്മാ രിൽ കണ്ട വ്യത്യാസം ക്രിസ്തുവിനെ സന്തോഷമുള്ളവനാക്കി. പിതാവാണ് ദൈവരാജ്യത്തിന്റെ സത്യങ്ങൾ വെളി പ്പെടുത്തുന്നത്. ശിശുവിനെപ്പോലെ ലളിതവിശ്വാസവും വിനയവും ആശ്രയവും ഉള്ളവർക്ക് ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ ഗ്രഹിക്കുവാൻ സാധിക്കും.

## 7. ക്രിസ്തുവിനെ വിമർശിക്കുന്നവർ

ക്രിസ്തുവിന്റെ ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും കണ്ടവരിൽ ഉണ്ടായ പ്രതികരണം വ്യത്യസ്തങ്ങളാ യിരുന്നു. അന്നത്തെ മതനേതാക്കൾ ക്രിസ്തുവിൽ കുറ്റങ്ങൾ കണ്ടുപിടിക്കുവാൻ ശ്രമിച്ചിരുന്നു. ക്രിസ്തുവിനെതി രായി അവർ ചിന്തിക്കുക മാത്രമല്ല, എങ്ങനെയെങ്കിലും അവനെ നശിപ്പിക്കുവാൻ അവർ ഗൂഢാലോചന നടത്തി.

അവരോട് മറുപടി പറഞ്ഞതിനാൽ ക്രിസ്തു തന്റെ വ്യക്തിത്വത്തിന്റെ മാഹാത്മ്യം വെളിപ്പെടുത്തുകയാണ് ചെയ്തത്. അങ്ങനെ ക്രിസ്തുവിനെ സമീപിച്ച ഒരു ന്യായശാസ്ത്രി 'നിത്യജീവൻ അവകാശമാക്കുവാൻ എന്ത് ചെയ്യണം' എന്ന് പരീക്ഷിച്ചു ചോദിച്ചു. ക്രിസ്തു നൽകിയ മറുപടി ശ്രദ്ധേയമത്രെ: "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. അതുപോലെ തന്നെ കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" എന്നു പറഞ്ഞു. ഇത് മനസ്സിലാക്കുവാൻ കഴിയാതിരുന്ന മതപണ്ഡിതൻ ക്രിസ്തുവിനോട്, "എന്റെ കൂട്ടുകാരൻ ആര്" എന്ന് ചോദിച്ചു. അപ്പോൾ ക്രിസ്തു അവനോട് നല്ല ശമര്യക്കാരന്റെ കഥ പറഞ്ഞു. ഇവിടെ മതത്തെ പ്രതിനിധീകരിക്കുന്ന പുരോഹിതനും ലേവ്യനും അർദ്ധപ്രാണനായി കിടക്കുന്നവനെ രക്ഷിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ നല്ല ശമര്യക്കാരന് അവനോട് ദയ തോന്നി. അതുപോലെ പാപികളായ നമ്മോടു ക്രിസ്തുവിന് ദയ തോന്നി. നാം ആയിരുന്ന അവസ്ഥയിൽനിന്നും ഉദ്ധരിക്കുവാൻ ക്രിസ്തു വന്നു. നമ്മുടെ ചുറ്റും പാപഭാരത്താൽ വലയുന്ന ആയിരങ്ങളെ കാണുവാൻ കഴിയും. അവരോട് കരുണ കാണിക്കുവാൻ നമുക്കിടയാകട്ടെ. സുവിശേഷത്തിന്റെ ദൂത് അവരെ അറിയിക്കുവാനും ആവശ്യങ്ങളിൽ സഹായിക്കുവാനും നാം മനസ്സുള്ളവർ ആയിരിക്കണം.

**8. നാം ക്രിസ്തുവിനെ കൈക്കൊള്ളുന്നവർ ആണോ?**

മാർത്തയുടെയും മറിയയുടെയും ഭവനം ക്രിസ്തുവിന് എപ്പോഴും സ്വാഗതം നൽകുന്ന ഭവനം ആയിരുന്നു. മാർത്താ കർത്താവിനെ ശുശ്രൂഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നു. എന്നാൽ മറിയ കർത്താവിന്റെ പാദത്തിങ്കൽ ഇരുന്ന് അവന്റെ വചനം കേട്ടുകൊണ്ടിരുന്നു. ക്രിസ്തു മറിയയുടെ പ്രവൃത്തിയെ ശ്ലാഘിച്ചു. ദൈവവചനത്തേക്കാൾ കൂടുതലായി മറ്റ് കാര്യങ്ങൾക്ക് നാം പ്രാധാന്യം നൽകുന്നവർ ആകരുത്. ദൈവവചനം ജീവനും ചൈതന്യവും ഉള്ളതാണ്. അത് നാം പഠിക്കുന്നതുമൂലം കർത്താവിനെ കൂടുതൽ അറിയുവാൻ ഇടയാകും. തൽഫലമായി കർത്താവിനെ സ്നേഹിക്കുവാനും സേവിക്കുവാനും നാം കഴിവുള്ളവർ ആകും. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

### അദ്ധ്യായം 7

# ക്രിസ്തുവിന്റെ ശിഷ്യന്മാർ

**വായനഭാഗം: 11, 12 അദ്ധ്യായങ്ങൾ**

ലോകം കണ്ടിട്ടുള്ളതിലേക്കും വലിയ ഗുരു യേശുക്രിസ്തു ആകുന്നു. ക്രിസ്തുവിന്റെ ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും കണ്ടവർ വളരെയുണ്ട്. അവരിൽ ഉണ്ടായ പ്രതികരണങ്ങൾ വ്യത്യസ്തങ്ങളായിരുന്നു. സംശ യിക്കുന്നവർ, കളിയാക്കുന്നവർ, മാനസാന്തരപ്പെടാത്തവർ, കുറ്റം അന്വേഷിക്കുന്നവർ, നശിപ്പിക്കുവാൻ തക്കം അന്വേഷിക്കുന്നവർ, ഭീഷണിപ്പെടുത്തുന്നവർ എന്നിങ്ങനെ വിവിധ നിലകളിൽ ഉള്ളവരുടെ ഇടയിൽ ക്രിസ്തുവിന്റെ മഹത്വവും തേജസ്സും കണ്ട് അവനെ അനുഗമിച്ചവരത്രെ അവന്റെ ശിഷ്യ ന്മാർ. ക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനാണ് എന്നേറ്റു പറഞ്ഞുകൊണ്ട് അവന്റെ സാക്ഷികളായി ജീവിക്കുന്നതിനേക്കാൾ വലിയ ഭാഗ്യം വേറെ ഒന്നുമില്ല.

**1. ശിഷ്യന്മാർ ഗുരുവിനെ അറിയുന്നു**

ക്രിസ്തു നല്ല ഇടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി സ്വന്തജീവനെ കൊടുക്കുന്നു. ക്രിസ്തു വന്നത് പാപികളെ രക്ഷിക്കുവാനാണ്. അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും നല്ല ഇടയൻ തന്റെ ജീവനെ നൽകി. തന്നിൽ വിശ്വസിക്കുന്നവർ അവന്റെ ആടുകൾ ആകുന്നു. ക്രിസ്തു പറഞ്ഞു: "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു. ഞാൻ അവയ്ക്ക് നിത്യജീവനെ കൊടുക്കുന്നു. അവ ഒരു നാളും നശിച്ചുപോകയില്ല" (യോഹ. 10:1-28). ഇന്ന് ക്രിസ്തുവിന്റെ ശബ്ദം കേൾക്കുവാൻ ദൈവവചനം നാം വായിക്കുന്നവർ ആകണം. അതുപോലെ തന്നെ നമ്മുടെ പ്രാർത്ഥനയും സ്തോത്രവും ശ്രദ്ധിക്കുന്ന രക്ഷിതാവത്രെ ക്രിസ്തു. ഈ സജീവ ബന്ധമുള്ളവർക്ക് മാത്രമേ ഒരു യഥാർത്ഥ ക്രിസ്ത്യാനി ആകുവാൻ കഴിയൂ.

**2. ശിഷ്യന്മാർ ഗുരുവിൽനിന്നും പഠിക്കുന്നവർ ആകുന്നു**

ഇന്ന് പലരും സഭയുടെ പാരമ്പര്യങ്ങൾക്ക് ക്രിസ്തുവിന്റെ ഉപദേശങ്ങളെക്കാൾ കൂടുതൽ പ്രാധാന്യം നൽകുന്നവർ ആണ്. അവർ യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ ശിഷ്യന്മാർ അല്ല. ക്രിസ്തു ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. അതിൽ ഉൾക്കൊണ്ടിരിക്കുന്ന ആത്മിക അർത്ഥം വളരെയാണ്.

ഇത് കർത്താവിന്റെ പ്രാർത്ഥന അല്ല. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിൽ നാം കർത്താവിന്റെ പ്രാർത്ഥന കാണുന്നു. ശിഷ്യന്മാർ പ്രാർത്ഥിക്കുമ്പോൾ അവർ അറിഞ്ഞിരിക്കേണ്ട സത്യങ്ങൾ ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അല്ലാതെ ഈ പ്രാർത്ഥന ഏറ്റുചൊല്ലുവാനുള്ള ഒന്നല്ല.

1. ശിഷ്യന്മാർ ദൈവത്തെ "പിതാവേ" എന്ന് വിളിക്കുവാൻ ബന്ധമുള്ളവർ ആയിരിക്കണം. ദൈവം പാപികളുടെ പ്രാർത്ഥന കേൾക്കുന്നില്ല. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ ഫലമായി നമുക്ക് ദൈവമക്കൾ ആകുവാൻ കഴിയും (യോഹ. 1:12).
2. ശിഷ്യന്മാർക്ക് ദൈവത്തോട് ഭക്തിയും ബഹുമാനവും ഉണ്ടായിരിക്കണം. "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമേ" എന്ന് പറയുന്ന തിന്റെ ആശയം അതാണ്.
3. "നിന്റെ രാജ്യം വരണമേ." ലോകത്തിലെ പാപവും അതിക്രമവും അവസാനിച്ച് നീതിയും സമാധാനവും ഉള്ള ദൈവത്തിന്റെ ഭരണം നടക്കുന്ന രാജ്യത്തിനായി നാം ആഗ്രഹിക്കുന്നവർ ആകണം.
4. "നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ." ഓരോ ദിവസവും നമ്മുടെ ആവശ്യങ്ങൾ നടത്തിത്തരുവാൻ ദൈവത്തിൽ ആശ്രയിക്കുന്നവർ ആകണം.
5. "ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ദിനംപ്രതി തരണമേ." ഓരോ ദിവസവും നമ്മുടെ ആവശ്യങ്ങൾ നടത്തിത്തരുവാൻ ദൈവത്തിൽ ആശ്രയിക്കുന്നവർ ആകണം.
6. "ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോട് ക്ഷമിക്കണമേ." ശിഷ്യന്മാർ പാപക്ഷമ ലഭിച്ചവർ ആണ്. ദൈവത്തിനു മാത്രമേ പാപങ്ങളെ ക്ഷമിക്കു വാൻ കഴിയൂ. എന്നാൽ രക്ഷിക്കപ്പെട്ട ശേഷം നാം മറ്റുള്ളവരോട് വിരോധവും വൈരാഗ്യവും പുലർത്തുന്ന പക്ഷം നമുക്ക് ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടപ്പെടും. അവരോട് നാം ഹൃദയപൂർവ്വം ക്ഷമിക്കുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവും നമ്മുടെ പാപങ്ങളെ ക്ഷമിക്കും. അങ്ങനെ ദൈവത്തോട് കൂട്ടായ്മ ഉള്ളവർ ആകുവാൻ നമുക്ക് കഴിയും.
7. "ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ." ദൈവം ആരെയും ദോഷങ്ങളാൽ പരീക്ഷിക്കുന്നവൻ അല്ല. എന്നാൽ നമ്മുടെ ജീവിതത്തിൽ പരിശോധനകൾ വരുവാൻ ദൈവം അനുവദിക്കും. അത് നമ്മുടെ നന്മയ്ക്കായിട്ട് ദൈവം ചെയ്യുന്നതാണ്. പരീക്ഷകളെ ജയിക്കുവാനുള്ള കഴിവും ദൈവം തരും. എന്നാൽ നമ്മുടെ സ്വന്തശക്തിയിൽ ആശ്രയിക്കാതെ ദൈവത്തിൽ നാം ആശ്രയിക്കുന്നവർ ആകണം.
8. "ദുഷ്ടങ്കൽനിന്ന് ഞങ്ങളെ വിടുവിക്കണമേ." ദുഷ്ടൻ, സാത്താനാകുന്നു. അവൻ നമ്മുടെ ശത്രുവാണ്. നമ്മുടെ സ്വന്തശക്തികൊണ്ട് സാത്താനെ ജയിക്കുവാൻ കഴിയുന്നതല്ല. അതുകൊണ്ട് വിജയകരമായ ആത്മികജീവിതം നയിക്കുവാൻ നാം ദൈവത്തിൽ ആശ്രയിക്കുന്നവർ ആകണം.
9. "രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതല്ലോ." നമ്മുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കണം. ദൈവമഹത്വം നമ്മുടെ ലക്ഷ്യം ആയിരിക്കണം.

ക്രിസ്തു ശിഷ്യന്മാർക്ക് ഉപമയിൽക്കൂടി പ്രാർത്ഥനയുടെ പ്രാധാന്യം ഉപദേശിച്ചു. ദൈവത്തെ സ്നേഹിക്കുവാനും ആരാധിക്കുവാനും സേവിക്കുവാനും എങ്ങനെ സാധിക്കും എന്ന് ക്രിസ്തു ശിഷ്യന്മാരെ പഠിപ്പിച്ചു. നമുക്കും അങ്ങനെ ക്രിസ്തുവിനെ അനുഗമിക്കാം.

### 3. ശിഷ്യൻ ക്രിസ്തുവിന് കർത്തൃത്വം നൽകുന്നു

യേശുവിനെ രക്ഷിതാവായി അംഗീകരിക്കുന്നതുമൂലം നാം രക്ഷിക്കപ്പെ ടുന്നു. അപ്പോൾ തന്നെ അവന്റെ കർത്തൃത്വവും അംഗീകരിക്കേണ്ടതാകുന്നു. ക്രിസ്തു നമ്മുടെ ജീവിതത്തെ നിയന്ത്രിച്ചു നടത്തുവാൻ നാം അവന് സ്വാതന്ത്ര്യം നൽകണം. ദൈവവചനം അനുസരിക്കുന്നത് അതിന് ആവശ്യം ആകുന്നു. ക്രിസ്തുവിനെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ ഇടയാകരുത്. ദൈവപ്രസാദമുള്ള പ്രവൃത്തികൾ ചെയ്യുവാൻ ദൈവാത്മാവിന്റെ പ്രേരണയും, ശക്തിയും ആവശ്യമാണ്. ക്രിസ്തു അരുളിച്ചെയ്തു: "ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ ഭാഗ്യവാന്മാർ ആകുന്നു" (ലൂക്കൊ. 11:28). അവർ യഥാർത്ഥ ശിഷ്യന്മാർ ആണ്. ആത്മികബന്ധം ശാരീരികബന്ധത്തെക്കാൾ പ്രാധാന്യമുള്ളതാണ്. നിത്യബന്ധമാണത്.

### 4. ശിഷ്യൻ ക്രിസ്തുവിനെ സാക്ഷിക്കണം

യേശുക്രിസ്തുവിനോട് യെഹൂദജാതി അടയാളം അന്വേഷിച്ചു. അത്ഭുതങ്ങളും അടയാളങ്ങളും കണ്ട് വിശ്വസിക്കുന്നവരെക്കുറിച്ച് ക്രിസ്തു പറഞ്ഞത്, "ദോഷമുള്ള തലമുറ അടയാളം അന്വേഷിക്കുന്നു" എന്നാണ്. ക്രിസ്തു ചെയ്ത ഏറ്റവും വലിയ അടയാളം അവൻ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നതാണ്. ക്രിസ്തുവിനെ സാക്ഷിക്കുമ്പോൾ അവൻ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന രക്ഷിതാവായി സാക്ഷിക്കണം. ക്രിസ്തുവിനെ കേൾക്കുന്നവർ ഉദ്ദേശശുദ്ധി ഉള്ളവരായാൽ അവരുടെ ഹൃദയം പ്രകാശിക്കപ്പെടും. അവർക്ക് രക്ഷിക്കപ്പെട്ടു നിത്യജീവൻ ഉള്ളവർ ആകുവാൻ കഴിയും. ക്രിസ്തു ചെയ്ത അടയാളങ്ങൾ അവന്റെ ദൈവത്വത്തിന്റെ തെളിവാകുന്നു.

### 5. ശിഷ്യൻ ക്രിസ്തുവിന്റെ മാതൃക പിൻചെല്ലുന്നു

ക്രിസ്തുവിന്റെ ഉപദേശങ്ങൾ അന്നത്തെ മതനേതാക്കൾ കേട്ടു. എന്നാൽ അതവരിൽ ഒരു പരിവർത്തനം ഉണ്ടാക്കുവാൻ സഹായിച്ചില്ല. അവരുടെ തെറ്റുകൾ തിരുത്തുന്നതിന് പകരം ക്രിസ്തുവിനെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചിന്തിക്കുകയാണ് ചെയ്തത്. ഇന്നും ക്രിസ്തുവിന്റെ സുവിശേഷം കേൾക്കുന്നവർ ധാരാളം ഉണ്ടെങ്കിലും അവരിൽ പരിവർത്തനം ഉണ്ടാകുന്നില്ല. പലരും ഒഴിവുകഴിവുകൾ പറഞ്ഞു രക്ഷപ്പെടുവാൻ ശ്രമിക്കുന്നു. ചിലർ കുടുക്കുചോദ്യങ്ങൾ ചോദിച്ചു ക്രിസ്തുവിനെ തിരസ്ക്കരിക്കുന്നു. യേശു അങ്ങനെ ഉള്ളവരുടെ ദുഷ്ടത അറിയുന്നു. സകല രഹസ്യങ്ങളും ദൂരത്തിരുന്ന് അറിയുന്നവനാണ് ക്രിസ്തു. മതത്തിന്റെ ചടങ്ങുകളും പാരമ്പ

ര്യവും പറഞ്ഞു ക്രിസ്തുവിന് നൽകേണ്ട സ്ഥാനം കൊടുക്കാതെ ജനത്തെ നാശത്തിലേക്ക് നയിക്കുന്നവരെക്കുറിച്ച് അവൻ പറയുന്നത്, "കപടഭക്തിക്കാരേ, നിങ്ങൾക്ക് ഹാ, കഷ്ടം" എന്നാണ്. ക്രിസ്തുവിന്റെ ശിഷ്യന്മാർ കപടഭക്തർ ആകരുത്. ദൈവസ്നേഹത്താൽ നിർബന്ധിക്കപ്പെട്ടവരായി സൽപ്രവൃത്തികൾ ചെയ്യുന്നവരത്രെ യഥാർത്ഥ ക്രിസ്തുശിഷ്യന്മാർ. അവർ പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും ആഗ്രഹിക്കുന്നവർ ആകരുത്.

"ദൈവത്തിനുള്ളത് ദൈവത്തിനും കൈസർക്കുള്ളത് കൈസർക്കും കൊടുപ്പിൻ" എന്ന് ക്രിസ്തു അരുളിച്ചെയ്തു. നികുതി കൊടുക്കുന്ന കാര്യത്തിൽ നാം വിശ്വസ്തരായിരിക്കണം. ദൈവത്തിലാണ് എല്ലാ അധികാര ങ്ങളും. അതുകൊണ്ട് അധികാരങ്ങൾക്ക് കീഴടങ്ങുകയും നികുതി കൊടുക്കു കയും ചെയ്യുന്നത് ദൈവത്തിന് പ്രസാദകരമായ കാര്യമാണ് (റോമർ 13:1–7). കൈസർക്ക് കൊടുക്കേണ്ടത് കൊടുക്കണം. അപ്പോൾ തന്നെ ദൈവത്തിനുള്ളത് കൊടുക്കുവാൻ മറക്കരുത്. ദൈവത്തേക്കാൾ കൂടുതൽ കൈസറെ ബഹുമാനിക്കുകയോ അനുസരിക്കുകയോ ചെയ്യുവാൻ ആവശ്യമില്ല. യഥാർ ത്ഥ ക്രിസ്തുശിഷ്യൻ ഉത്തമപൗരനായിരിക്കും. ക്രിസ്തുവിന്റെ ഉപദേശങ്ങളെക്കാൾ ശ്രേഷ്ഠമായ ഉപദേശങ്ങൾ ലോകം ഇന്നുവരെയും കണ്ടിട്ടില്ല.

## 6. ശിഷ്യന്മാർ സൂക്ഷ്മത ഉള്ളവർ ആയിരിക്കണം

പരീശന്മാർ മതഭക്തരായിരുന്നു. എന്നാൽ അവരുടെ ഭക്തി വേഷഭക്തി മാത്രമാണ്. ക്രിസ്തു വേഷഭക്തിയുടെ അപകടം ശിഷ്യന്മാർക്ക് വ്യക്തമാക്കി. ക്രിസ്തുവിന്റെ ശിഷ്യന്മാർ അവന്റെ സ്നേഹിതന്മാർ ആകുന്നു. അവർ ക്രിസ്തുവിനെ സാക്ഷിക്കുന്നവർ ആയിരിക്കണം. അപ്പോൾ എതിർപ്പുകളും ഉപദ്രവവും ഉണ്ടാകും. അതിന്റെ മധ്യത്തിൽ അവരെ കാത്ത് പരിപാലിക്കുവാൻ കർത്താവ് മതിയായവൻ ആകുന്നു. മനുഷ്യരുടെ മുമ്പിൽ ക്രിസ്തുവിനെ സാക്ഷിക്കുന്നവൻ ദൈവദൂതന്മാരുടെ മുമ്പിൽ ക്രിസ്തുവിനാൽ ഏറ്റുപറയപ്പെടും.

## ക്രിസ്തുവിന്റെ സാക്ഷികൾ ആകേണ്ടതിന്റെ പ്രാധാന്യം

രക്ഷിക്കപ്പെടുവാൻ ക്രിസ്തുവിനെ ഏറ്റുപറയേണ്ടത് ആവശ്യമാണ്. ബൈബിൾ രഹസ്യശിഷ്യത്വം അനുവദിക്കുന്നില്ല. മറ്റുള്ളവർ രക്ഷിക്കപ്പെടു വാൻ നമ്മുടെ സാക്ഷ്യം സഹായിക്കും. ക്രിസ്തു ജീവിതത്തിൽ പരിവർത്തനം സൃഷ്ടിക്കുമ്പോൾ അവനെ സാക്ഷിക്കുന്നത് സ്വാഭാവികമായിത്തീരുന്നു.

ഭൂമിയിൽ ഒക്കെയും ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ നമുക്ക് നിയോഗം ലഭിച്ചിരിക്കുന്നു. അത് സ്വന്ത ഭവനത്തിൽ ആരംഭിക്കേണ്ടതാണ് (പ്രവൃ 1:8). ദൈവം മനുഷ്യരെ ന്യായം വിധിക്കുന്നത് അവർക്ക് ക്രിസ്തുവിനോടുള്ള മനോഭാവത്തിന്റെ അടിസ്ഥാനത്തിലാണ്. ക്രിസ്തു പാപികളെ രക്ഷിക്കുവാൻ ക്രൂശിൽ പരസ്യമായി മരണം അനുഭവിച്ചു. ആ ക്രിസ്തുവിനെ പരസ്യമായി സാക്ഷിക്കുന്നവർ ആയിരിക്കണം അവന്റെ ശിഷ്യന്മാർ. അവരുടെ വാക്കുകളും പ്രവൃത്തിയും ക്രിസ്തുവിന് മഹത്വം നൽകുന്നത് ആയിരിക്കണം. അവരുടെ ജീവിതം ക്രിസ്തുവിന്റെ ഉപദേശങ്ങൾക്ക് നിരക്കുന്നതായിരിക്കണം. അവർ ദൈവമക്കളോട് കൂട്ടായ്മ പുലർത്തുന്നവർ ആയിരിക്കണം. അവരോട് ചേർന്ന് ദൈവത്തെ ആരാധിക്കുവാനും അവർക്ക് കഴിയേണ്ടതാണ്. അങ്ങനെ നമുക്ക് ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ കഴിയും. ക്രിസ്തു രഹസ്യശിഷ്യത്വം അനുവദിക്കുന്നില്ല. നാം ക്രിസ്തുവിനെ സാക്ഷിക്കുന്നതിൽ അഭിമാനം കൊള്ളുന്നവർ ആയിരിക്കണം.

## 7. ശിഷ്യന്മാർ ദ്രവ്യാഗ്രഹികൾ ആകരുത്

ഭൗതികമായ പ്രശ്നങ്ങളുമായി പലരും ക്രിസ്തുവിനെ സമീപിച്ചിരുന്നു. ക്രിസ്തു വന്നതിന്റെ ഉദ്ദേശം അവർ ഗ്രഹിച്ചിരുന്നില്ല. ക്രിസ്തു പാപികളെ രക്ഷിക്കുവാൻ വന്നവനാണ്. ധനവാനായ മനുഷ്യന്റെ ഉപമയിൽ അതാണ് വ്യക്തമാക്കിയിരിക്കുന്നത്. അവൻ വളരെ സമ്പത്തുള്ളവൻ ആയിരുന്നു. അവന്റെ വിളവ് കൂട്ടിവെപ്പാൻ സ്ഥലം പോരായ്കയാൽ പഴയ കളപ്പുര പൊളിച്ച് അധികം വലിയവ പണിതു. 'എനിക്കു വളരെ സ്വത്തുണ്ട്. അതുകൊണ്ട് ഞാൻ തിന്നുകുടിച്ച് ആനന്ദിക്കു'മെന്ന് അവൻ പറഞ്ഞു. ദൈവമോ അവനോട്, "മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിച്ചാൽ പിന്നെ നിന്റെ സമ്പാദ്യംകൊണ്ട് എന്ത് പ്രയോജനം" എന്നു ചോദിച്ചു. ഇവിടെ വ്യക്തമാക്കിയിരിക്കുന്നത് മനുഷ്യന്റെ ജീവന് ആധാരമായിരിക്കുന്നത് അവന്റെ സമൃദ്ധി അല്ല എന്നത്രെ. അതുപോലെ തന്നെ ദ്രവ്യാഗ്രഹത്തിന്റെ അപകടവും ക്രിസ്തു ചൂണ്ടിക്കാണിച്ചിരിക്കുന്നു. ബൈബിൾ പ്രസ്താവിക്കുന്നത് "ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും മൂലകാരണ മാകുന്നു" എന്നത്രെ (1 തിമൊ. 6:10). ക്രിസ്തുവിന്റെ ശിഷ്യന്മാർ ദൈവിക വിഷയങ്ങളിൽ സമ്പന്നർ ആയിരിക്കണം.

## 8. ശിഷ്യന്മാർ ക്രിസ്തുവിൽ ആശ്രയിക്കണം

ക്രിസ്തുവിന്റെ ശിഷ്യന്മാർ ഭാവിയെക്കുറിച്ച് ഓർത്ത് വിചാരപ്പെടുന്നവർ ആകരുത്. ദൈനംദിന ആവശ്യങ്ങൾക്കായി അവർ ദൈവത്തിൽ വിശ്വസിച്ച് ആശ്രയിക്കണം. പക്ഷിമൃഗാദികളെ പുലർത്തുന്നവനായ ദൈവം തന്റെ മക്കളെ പുലർത്തുവാൻ മതിയായവൻ ആകുന്നു. ദൈവത്തോട് ബന്ധമില്ലാത്ത ലോകജാതികളാണ് 'എന്തു തിന്നും എന്ത് കുടിക്കും' എന്ന് ചിന്തിച്ച് ഉൽക്കണ്ഠാകുലരാകുന്നത്. ദൈവമക്കൾ ദൈവരാജ്യവും അവന്റെ നീതിയും അന്വേഷിക്കുന്നവർ ആകണം. അപ്പോൾ നമ്മുടെ ആവശ്യങ്ങൾ നൽകുവാൻ ദൈവം വിശ്വസ്തനും മതിയായവനും ആകുന്നു. നമ്മുടെ സമയവും നിക്ഷേപങ്ങളും ദൈവരാജ്യത്തിന്റെ അഭിവൃദ്ധിക്കായി ഉപയോഗിക്കണം. അത് നിത്യസമ്പാദ്യവും ആകുന്നു. ലോകത്തിലുള്ള സമ്പാദ്യങ്ങൾ നഷ്ടപ്പെടും. ബൈബിൾ പ്രസ്താവിക്കുന്നത്, "നമ്മുടെ നിക്ഷേപമുള്ളിടത്ത് നമ്മുടെ ഹൃദയവും ഇരിക്കും" എന്നത്രെ. ക്രിസ്തുവിന്റെ ശിഷ്യന്മാർ അവന്റെ

വരവി നായി കാത്തിരിക്കുന്നവർ ആയിരിക്കണം. അവർ ക്രിസ്തുവിനെ വിശ്വസ്തതയോടെ സേവിക്കുന്നവർ ആകുവാൻ ദൈവം ആഗ്രഹിക്കുന്നു. കർത്താവ് വേഗം വരുന്നു. വിശ്വസ്തതയോടെ ക്രിസ്തുവിനെ സേവിക്കുന്ന അവന്റെ ദാസന്മാർ അന്ന് പ്രതിഫലം അവനിൽനിന്നും സ്വീകരിക്കും. അതിന് ദൈവം നമ്മെയും സഹായിക്കട്ടെ.

**അദ്ധ്യായം 8**

# ക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള യാത്ര

**വായനഭാഗം: 13-15 അദ്ധ്യായങ്ങൾ**

ക്രിസ്തുവിന്റെ യെരൂശലേമിലേക്കുള്ള യാത്രയാണ് ലൂക്കൊസ് 12 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്നത്. കർത്താവ് പട്ടണം തോറും ഗ്രാമം തോറും സഞ്ചരിച്ച് ജനത്തെ ഉപദേശിക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്തു (13:22). എന്നാൽ യെഹൂദന്മാർ ക്രിസ്തുവിന്റെ ശുശ്രൂഷകളെ വിവേചിച്ചു മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു. മാനസാന്തരപ്പെട്ടു ക്രിസ്തുവിൽ വിശ്വസിക്കാഞ്ഞാൽ ഉണ്ടാകാവുന്ന ന്യായവിധിയെക്കുറിച്ച് അവർക്കു മുന്നറിയിപ്പ് ലഭിച്ചു.

## 1. എല്ലാവരും മാനസാന്തരപ്പെടണം

മാനസാന്തരംകൊണ്ടുള്ള വിവക്ഷ മനസ്സിനുണ്ടാകുന്ന വ്യത്യാസം എന്നാണ്. പാപികൾ ദൈവത്തോട് ശത്രുതയിൽ കഴിയുന്നവർ ആണ്. അവർക്ക് ആത്മിക കാര്യങ്ങൾ ഭോഷത്വവും നിസ്സാരവും ആകുന്നു. യെരൂശലേമിൽ സംഭവിച്ച രണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ക്രിസ്തു വ്യക്തമാക്കിയിരിക്കുന്നത് മരിച്ചുപോയവർ ശേഷമുള്ളവരേക്കാൾ കുറ്റക്കാരായിരുന്നില്ല എന്നത്രെ (13:1-5). അവർ ദൈവത്താൽ ശിക്ഷിക്കപ്പെട്ടു എന്ന് തെറ്റിദ്ധരിക്കുന്നവർക്കുള്ള അപകടസൂചന ഇവിടെ കാണാം. സുവിശേഷം പലവട്ടം കേട്ട ശേഷവും ക്രിസ്തുവിൽ വിശ്വസിക്കാതിരുന്നാൽ ഉണ്ടാകാവുന്ന ന്യായവിധിയെക്കുറിച്ച് ക്രിസ്തു ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

## 2. രക്ഷിക്കപ്പെട്ടവർ ഫലം കായ്ക്കുന്നവർ ആയിരിക്കണം

ദൈവത്താൽ നട്ടിരുന്ന അത്തിവൃക്ഷമാണ് യെഹൂദജാതി. അവർ ദൈവത്തിന്റെ സ്നേഹവും പരിപാലനവും അനുഭവിച്ചു. അവരുടെ ഇടയിൽ ക്രിസ്തു മൂന്നു സംവത്സരങ്ങൾ പ്രവർത്തിച്ചു. എന്നാൽ അവനെ സ്വീകരിക്കുവാൻ അവർക്ക് മനസ്സായില്ല. അവനെ ക്രൂശിക്കുവാൻ അവർക്ക് മടിയി ല്ലായിരുന്നു. ഫലം പുറപ്പെടുവിക്കാത്ത അത്തിവൃക്ഷത്തെയാണ് നാം ഇവിടെ കാണുന്നത്. എ.ഡി. 70 ൽ യെരൂശലേം ദൈവാലയം നശിപ്പിക്കപ്പെട്ടു. യെഹൂദന്മാർ ഭൂലോകമൊക്കെയും ചിതറപ്പെടുവാൻ ഇടയായി. ദൈവം അവരെ ന്യായം വിധിച്ചു. ക്രിസ്തുവിനെ സ്വീകരിക്കാത്തവർക്കുള്ള അപകടസൂചനയായിട്ട് ഇത് ഇരിക്കുന്നു.

## 3. നാം ക്രിസ്തുവിന്റെ പ്രവൃത്തികളിൽ സന്തോഷിക്കുന്നവർ ആണോ?

ക്രിസ്തു ശബ്ബത്തിൽ കൂനിയായിരുന്ന ഒരു സ്ത്രീയെ സൗഖ്യമാക്കി. അവൾ ക്ഷണത്തിൽ നിവർന്നുനിന്ന് ദൈവത്തെ മഹത്വപ്പെടുത്തി. ദൈവത്തിന്റെ പ്രവൃത്തികൾ അവനെ മഹത്വപ്പെടുത്തുവാൻ കാരണമായിത്തീ രണം. ശബ്ബത്തിൽ സൗഖ്യമാക്കിയതുകൊണ്ട് പള്ളിപ്രമാണി നീരസപ്പെട്ടു. ഇന്നും പാപികൾ രക്ഷിക്കപ്പെടാതിരിക്കുവാൻ മതത്തിന്റെ ചട്ടക്കൂടുകൾ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ക്രിസ്തു പള്ളിപ്രമാണിയുടെ കപടഭക്തി ചൂണ്ടിക്കാണിച്ചു. പുരുഷാരം ക്രിസ്തുവിനാൽ നടക്കുന്ന അത്ഭുതപ്രവൃത്തികൾ കണ്ട് സന്തോഷിച്ചു. ഇന്ന് നടക്കുന്ന ഏറ്റവും വലിയ അത്ഭുതപ്രവൃത്തി പാപികൾ രക്ഷിക്കപ്പെട്ടു ദൈവമക്കൾ ആകുന്നതാണ്. അപ്പോൾ സ്വർഗ്ഗം സന്തോഷിക്കുന്നു. നമുക്കും അതിൽ സന്തോഷിക്കാം. കൂനിയായ സ്ത്രീ ഒരു പാപിയുടെ അവസ്ഥ വ്യക്തമാക്കുന്നു. ദൈവസന്നിധിയിൽ നിവർന്നു നിൽക്കാൻ പാപികൾക്കു കഴിവില്ല. അവരോടു സഹതാപം ഉള്ളവനാണ് ക്രിസ്തു. ക്രിസ്തു പാപികളുടെ ഏകരക്ഷകൻ ആകുന്നു.

## 4. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കേണ്ടത് എങ്ങനെ?

ദൈവരാജ്യത്തെ പലരും നിസ്സാരമായി ഗണിക്കുന്നു. മതഭക്തരായ പലരും ഇന്ന് ദൈവരാജ്യത്തിന് വെളിയിലാണ്. ലോകത്തിന്റെ മോടികളിലും ഭോഗങ്ങളിലും രസിക്കുന്നവർക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുന്നതല്ല. ക്രിസ്തു ദൈവരാജ്യത്തെ കടുകുമണിയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ചെറിയ നിലയിൽ ക്രിസ്തുമാർഗ്ഗം ആരംഭിക്കുകയും അത് വളർന്നു ഭൂമിയിൽ ഒക്കെയും വ്യാപിക്കുകയും ചെയ്തു. എന്നാൽ ക്രിസ്തു വിഭാവന ചെയ്ത വിശുദ്ധി ഇന്ന് ക്രിസ്തുമാർഗ്ഗം പുലർത്തുന്നില്ല. ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം ക്രിസ്തുവിൽക്കൂടി മാത്രമുള്ളതാകുന്നു. ഇടുക്കുവാതിലിൽക്കൂടി കടക്കണം എന്നതിന്റെ ആശയം അതാണ്. ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുവാനുള്ള അവസരം ഇപ്പോഴാകുന്നു. കൃപയുടെ വാതിൽ അടയ്ക്കപ്പെട്ടാൽ പിന്നെ യാർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുന്നതല്ല. അനീതി പ്രവർത്തിക്കുന്നവർ നരകശിക്ഷ അനുഭവിക്കും. ഭക്തിയുള്ള മാതാപിതാക്കന്മാരിൽനിന്നും ജനിച്ചതുകൊണ്ട് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുന്നതല്ല. യെഹൂദജാതിക്ക് ആദ്യം ക്രിസ്തു വെളിപ്പെട്ടു. എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. ജാതികൾ ക്രിസ്തു

വിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടു. തൽഫലമായി അവർക്ക് ദൈവരാജ്യത്തിൽ പ്രവേശനം ലഭിച്ചു. അതത്രെ മുമ്പന്മാർ പിമ്പന്മാർ ആയി ത്തീർന്നു എന്നുള്ളതിന്റെ ആശയം. ക്രിസ്തുവിന്റെ പ്രവൃത്തികളെ തടസ്സപ്പെടുത്തുവാൻ മതനേതാക്കളും അധികാരികളും ശ്രമിച്ചിരുന്നു. എന്നാൽ അവരോട് സഹതാപം കാണിക്കുവാൻ ക്രിസ്തു മനസ്സുള്ളവൻ ആയിരുന്നു. അവരെ തന്റെ ചിറകിൻ കീഴിൽ ചേർത്തുകൊള്ളുവാൻ എത്രവട്ടം മനസ്സായിരുന്നു എന്ന് അവരോടു പറഞ്ഞു. എന്നാൽ അവർക്ക് അതിന് മനസ്സായില്ല. ക്രിസ്തുവിനെ നശിപ്പിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ക്രിസ്തുവിനെ നിഷേധിക്കുന്നവർ ദൈവരാജ്യത്തിന് യോഗ്യർ ആയിരിക്കില്ല.

### 5. ക്രിസ്തു സകലവും അറിയുന്നു

ഒരു പരീശപ്രമാണി ക്രിസ്തുവിനെ ഭക്ഷണത്തിന് ക്ഷണിച്ചു. അവനിൽ കുറ്റം കണ്ടുപിടിക്കുക എന്നുള്ളതായിരുന്നു അവന്റെ ഉദ്ദേശം. അവൻ ഒരു രോഗിയെ സൗഖ്യമാക്കിക്കൊണ്ട് ശബ്ബത്തുനാളിൽ നന്മ ചെയ്യുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കി. അത് യെഹൂദമതത്തിന് വിരുദ്ധമായിരുന്നുവെങ്കിലും അവനോട് പ്രത്യുത്തരം പറവാൻ അവർക്ക് കഴിഞ്ഞില്ല. സ്ഥാനവും പദവികളും ആഗ്രഹിക്കുന്ന മതഭക്തരോട് ക്രിസ്തു താഴ്മയുള്ളവരാകുവാൻ ഉപദേശിച്ചു. ക്രിസ്തുവിന്റെ ജീവിതത്തിൽ അത് വെളിപ്പെടുത്തി. താഴ്മ ഉള്ളവർക്ക് ദൈവത്തിന്റെ കൃപ ലഭിക്കും. അവർ തക്കസമയത്ത് ദൈവത്താൽ ഉയർത്തപ്പെടും. ക്രിസ്തുവിന്റെ ശിഷ്യന്മാർ സൗമ്യത ഉള്ളവർ ആയിരിക്കണം. അതുപോലെ തന്നെ സാധുക്കളോട് അനുകമ്പ ഉള്ളവർ ആയിരിക്കണം. നമ്മുടെ ജീവിതം മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുവാൻ മതിയായതായിരിക്കണം.

### 6. രക്ഷയിലേക്കുള്ള ആഹ്വാനം

ഈ സത്യം വ്യക്തമാക്കുന്ന ഒരു ഉപമ നാം 14-ാം അദ്ധ്യായത്തിൽ കാണുന്നു. ഒരു മനുഷ്യൻ വലിയ അത്താഴം ഒരുക്കി. എല്ലാം ഒരുക്കിക്കഴിഞ്ഞപ്പോൾ ദാസനെ അയച്ചു വിരുന്നിലേക്കു ക്ഷണിച്ചു. സ്നേഹവാനായ ദൈവം ക്രിസ്തുവിൽക്കൂടി ഒരുക്കിയിരിക്കുന്ന മഹാരക്ഷയുടെ ചിത്രമാണ് ഇവിടെ കാണുന്നത്. ഇന്ന് സുവിശേഷം ഭൂമിയിൽ ഒക്കെയും അറിയിച്ചു കൊണ്ടിരിക്കുന്നു. രക്ഷിക്കപ്പെടുവാനുള്ള ക്ഷണം എല്ലാവർക്കും നൽകുന്നു. എന്നാൽ ആ ക്ഷണം സ്വീകരിക്കുന്നവർ ചുരുക്കമാണ്. പലർക്കും പല ഒഴിവുകഴിവുകൾ പറയുവാനുണ്ട്. ഭൗതികകാര്യങ്ങളോടുള്ള സ്നേഹം ക്രിസ്തുവിന്റെ ക്ഷണം നിരസിക്കുവാൻ കാരണമായി ഭവിക്കുന്നു. മറ്റു ചിലർക്ക് അവരുടെ ജോലി, ആത്മിക കാര്യങ്ങളെക്കാൾ പ്രാധാന്യം ഉള്ളതാണ്. വേറൊരു കൂട്ടർക്ക് കുടുംബബന്ധം ക്രിസ്തുവിങ്കലേക്ക് വരുവാൻ തടസ്സമായിരിക്കുന്നു. അങ്ങനെ ആദ്യം ക്ഷണം സ്വീകരിച്ചവർ ഒഴിവുകഴിവുകൾ പറഞ്ഞു വിരുന്നിന് വന്നില്ല. അപ്പോൾ യജമാനൻ, ദരിദ്രന്മാർ, അംഗഹീനർ, കുരുടന്മാർ, മുടന്തർ എന്നിവരെ കൂട്ടിക്കൊണ്ടു വരുവാൻ തന്റെ ദാസനെ അയച്ചു. അവർ വന്നു. എന്നാൽ പിന്നെയും സ്ഥലം ശേഷിക്കയാൽ പെരുവഴികളിലും മറ്റും പോയി വീട് നിറയേണ്ടതിന് കണ്ടവരെയൊക്കെയും അകത്തുവരുവാൻ നിർബന്ധിച്ചു.

ദൈവം ഒരുക്കിയ രക്ഷയിലേക്ക് വരുവാൻ യെഹൂദമതനേതാക്കൾക്ക് മനസ്സില്ലായിരുന്നു. എന്നാൽ പുരുഷാരം ക്രിസ്തുവിനെ അനുഗമിച്ചു. മാത്രമല്ല, ജാതികൾ ആ വിരുന്നിലേക്ക് സന്തോഷത്തോടെ കടന്നുവന്നു. ദൈവത്തിന്റെ രക്ഷാപദ്ധതിക്ക് ഒരു ഭംഗവും സംഭവിക്കുന്നില്ല. ഈ സന്ദേശം ലോകത്തോട് അറിയിക്കുവാൻ നിയോഗം ലഭിച്ചവരാകുന്നു നാം. ഈ നിത്യസൗഭാഗ്യത്തിലേക്ക് അനേകരെ നയിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

### 7. ശിഷ്യത്വത്തിന്റെ പ്രാധാന്യം

ശിഷ്യത്വം വിലയുള്ളതാകുന്നു. പുരുഷാരം ക്രിസ്തുവിനെ അനുഗമിച്ചു. അത്ഭുതങ്ങൾ കാണുവാനും ഉപദേശങ്ങൾ കേൾക്കുവാനും അവർ താല്പര്യമുള്ളവർ ആയിരുന്നു. ഉപരിപ്ലവമായ അനുഭവങ്ങൾക്കായി അവർ ആഗ്രഹിച്ചു. ഇന്നും ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന പലരും ഈ തരത്തിലുള്ളവർ ആണ്. ആഴമായ ആത്മീയ അനുഭവങ്ങൾ അവർക്കില്ല. ക്രിസ്തു അങ്ങനെയുള്ളവരോട് ശിഷ്യത്വത്തിന്റെ പ്രാധാന്യം വ്യക്തമാക്കി. ക്രിസ്തുവിനെ അനുഗമിക്കുന്നവർ അവനെ അകമഴിഞ്ഞു സ്നേഹിക്കണം. മാതാപിതാക്കളെക്കാൾ കൂടുതൽ ക്രിസ്തുവിനെ സ്നേഹിക്കണം എന്നു സാരം. മാത്രമല്ല സ്വാർത്ഥതാൽപര്യങ്ങൾ ഉപേക്ഷിക്കയും ക്രിസ്തുവിന്റെ ഹിതം ചെയ്യുവാൻ സമർപ്പിക്കപ്പെട്ടതുമായ ഒരു ജീവിതം ശിഷ്യത്വത്തിന് ഒഴിച്ചുകൂടാത്തതാകുന്നു. സ്വന്തം ക്രൂശ് എടുത്ത് അനുഗമിക്കണം എന്നതിന്റെ ആശയം ക്രിസ്തുവിനുവേണ്ടി നിന്ദയും അപമാനവും കഷ്ടവും അനുഭവിക്കുവാൻ മനസ്സുള്ളവർ ആയിരിക്കണം എന്നാണ്. ഫലകരമായ സാക്ഷ്യജീവിതം നയിക്കുവാൻ അവർക്ക് മാത്രമേ സാധിക്കുകയുള്ളൂ. ക്രിസ്തുവിന്റെ ശിഷ്യന്മാർ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പ് കാരമില്ലാതെ പോയാൽ അതിന് രസം വരുത്തുവാൻ കഴിയുകയില്ല. അതുപോലെ ക്രിസ്തുവിനെ പൂർണ്ണമായി സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യാഞ്ഞാൽ നാമും കാരമില്ലാത്ത ഉപ്പുപോലെയാകും. അങ്ങനെയുള്ളവർക്ക് ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ കഴിയുന്നതല്ല.

### 8. മാനസാന്തരപ്പെടുന്ന പാപിയിൽ സ്വർഗ്ഗം സന്തോഷിക്കുന്നു

ക്രിസ്തുവിന്റെ ഉപദേശങ്ങൾ കേട്ട് ചുങ്കക്കാരും പാപികളും ക്രിസ്തുവിനെ അനുഗമിച്ചു. അവർ സമൂഹത്തിൽ വെറുക്കപ്പെട്ടവർ ആയിരുന്നു. എന്നാൽ വാസ്തവമായ അനുതാപഹൃദയത്തോടെ അവർ കർത്താവിനെ അനുഗമിച്ചു. ക്രിസ്തു അവരെ കൈക്കൊണ്ട് അവരോടുകൂടെ ഭക്ഷിച്ചു. മതഭക്തരായ പരീശന്മാരും ശാസ്ത്രി

മാരും ക്രിസ്തുവിനെ കുറ്റപ്പെടുത്തി. അപ്പോൾ അവരോട് ക്രിസ്തു മൂന്ന് ഉപമകളിൽക്കൂടി അനുതപിക്കുന്ന പാപികളിൽ സ്വർഗ്ഗം സന്തോഷിക്കുന്നു എന്നുള്ള സത്യം വ്യക്തമാക്കി. കാണാതെ പോയ ആടും, ദ്രഹ്മയും, പിതാവിനെ ഉപേക്ഷിച്ചുപോയ മുടിയനായ പുത്രനും അനുതപിക്കുന്ന പാപിയെ കാണിക്കുന്നു. സ്വന്ത പാപത്തെക്കുറിച്ച് ബോധമുള്ളവരായി, അതിനെക്കുറിച്ച് ഓർത്തു ദുഃഖിക്കുകയും ദൈവസന്നിധിയിൽ തകർന്ന ഹൃദയത്തോടെ അനുതപിക്കുകയും ചെയ്യുന്നവരാണ് അവർ. പാപ വഴികൾ ഉപേക്ഷിക്കയും ദൈവത്തിങ്കലേക്ക് മടങ്ങിവരികയും ചെയ്യുന്ന അനുഭവമാണ് മാനസാന്തരത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്. സ്വന്തനീതി പ്രവൃത്തികളിൽ പ്രശംസിക്കുന്നവരിൽ ക്രിസ്തു പ്രസാദിക്കുന്നില്ല. നമ്മുടെ നീതിപ്രവൃത്തികൾ ദൈവമുമ്പാകെ കറ പുരണ്ട തുണിക്ക് തുല്യമാകുന്നു.

മുടിയൻപുത്രൻ പാപിയുടെ ശരിയായ ചിത്രം ആകുന്നു. പിതാവിന്റെ അനുഗ്രഹങ്ങളിൽനിന്നും അകന്നുപോകുന്ന പുത്രൻ. സർവ്വവും നഷ്ടപ്പെട്ട സ്ഥിതിയിൽ കഴിയുന്നവൻ. എന്നാൽ ആ സ്ഥിതിയിൽ അവന് സുബോധം ലഭിച്ചു. അവൻ പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങുന്നു. പാപവഴികൾ ഉപേക്ഷിക്കുന്നു. കൂലിക്കാരിൽ ഒരുത്തനെപ്പോലെ സ്വീകരിച്ചാൽ മതി എന്നാഗ്രഹിക്കുന്നു. ഇവിടെ കാണുന്നതു യഥാർത്ഥ അനുതാപമുള്ള ഹൃദയം ആകുന്നു. അവനെ സ്നേഹസമ്പൂർണ്ണനായ പിതാവ് സർവ്വാത്മനാ സ്വീകരിക്കുന്നു. തന്നെ ചുംബിക്കുന്ന പിതാവിനോട് പാപങ്ങൾ ഏറ്റുപറയുന്നു. അവനെ മേൽത്തരമായ അങ്കി ധരിപ്പിച്ചു. വിരലിൽ മോതിരവും കാലിന് ചെരിപ്പും നൽകി. വിരുന്നും വാദ്യഘോഷവും ആരംഭിച്ചു. അങ്ങനെ ആനന്ദിക്കുവാൻ തുടങ്ങി. അതെ, മാനസാന്തരപ്പെടുന്ന പാപിയിൽ സ്വർഗ്ഗം സന്തോഷിക്കുന്നു. എന്നാൽ മതഭക്തനും സ്വയനീതിയിൽ പ്രശംസിക്കുന്നവനുമായ മൂത്തമകൻ നീരസപ്പെടുന്നു. എത്ര ദുഃഖകരമായ സ്ഥിതിയിലാണ് മാനസാന്തരപ്പെടാത്തവർ കഴിയുന്നത്. അങ്ങനെ സംഭവിക്കാതിരിക്കുവാൻ ഓരോരുത്തരേയും ദൈവം സഹായിക്കട്ടെ.

### അദ്ധ്യായം 9

## നാം ആരെ സേവിക്കുന്നു

**വായനഭാഗം: 16-19:27**

ക്രിസ്തുവിന്റെ ശിഷ്യന്മാർ അവനെ സേവിക്കുവാൻ നിയോഗം ലഭിച്ചവർ ആകുന്നു. നമുക്ക് ലഭിച്ചിരിക്കുന്ന സമയവും സമ്പത്തും കഴിവുകളും ക്രിസ്തുവിനെ സേവിക്കുവാൻ നമ്മെ സഹായിക്കണം. സുവിശേഷഘോഷണത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ചെലവിടാനും ചെലവായിപ്പോകാനും നാം മനസ്സുള്ളവർ ആയിരിക്കണം. നാം ദൈവത്തിന്റെ കാര്യവിചാരകന്മാർ ആണ്. ഒരിക്കൽ നാം ദൈവമുമ്പാകെ നമ്മുടെ കാര്യവിചാരത്തിന്റെ കണക്ക് ബോധിപ്പിക്കേണ്ടതായി വരും. നമ്മിൽനിന്നും കർത്താവ് ആഗ്രഹിക്കുന്നത് നാം അവന്റെ വിശ്വസ്തദാസന്മാർ ആയിരിക്കണം എന്നുള്ളതാണ്. ഒരു യഥാർത്ഥ ക്രിസ്തുശിഷ്യന് ദൈവത്തെയും പണത്തെയും ഒരുപോലെ സേവിക്കുവാൻ കഴിയുകയില്ല. അവൻ ഒന്നിനെ പകച്ചു മറ്റവനെ സ്നേഹിക്കും. നാം ആരെ സ്നേഹിക്കുന്നവർ ആകുന്നു? അല്പത്തിൽ വിശ്വസ്തൻ ആയവൻ അധികത്തിലും വിശ്വസ്തൻ ആയിരിക്കും.

### 1. ദ്രവ്യാഗ്രഹം ഒഴിഞ്ഞിരിപ്പിൻ

ക്രിസ്തു ശിഷ്യന്മാർക്ക് ദ്രവ്യാഗ്രഹത്തിന്റെ അപകടം ചൂണ്ടിക്കാണിച്ചു. പരീശന്മാർ ദ്രവ്യാഗ്രഹികൾ ആയിരുന്നു. ദൈവഭക്തി ആദായസൂത്രമായി അവർ ഉപയോഗിച്ചു. മതനേതാക്കന്മാർക്ക് ദൈവവചനവും വാഗ്ദത്തങ്ങളും പ്രാധാന്യമുള്ളതല്ല. ജനങ്ങളെ ചൂഷണം ചെയ്യുവാൻ അവർ മടിയുള്ളവർ അല്ല. ദൈവം അവരുടെ ഹൃദയാവസ്ഥ അറിയുന്നു. ദൈവം കപടഭക്തി വെറുക്കുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ മതം, ധനം, കുടുംബബന്ധങ്ങൾ തുടങ്ങിയ തടസ്സങ്ങൾ അതിജീവിക്കേണ്ടതുണ്ട്. ചുങ്കക്കാരും പാപികളും അങ്ങനെ ദൈവരാജ്യത്തിൽ പ്രവേശിച്ചു.

### 2. മരണാനന്തരജീവിതം

ധനവാന്റെയും ലാസറിന്റെയും വിവരണത്തിൽ വ്യക്തമാക്കിയിരിക്കുന്ന സത്യം ദൈവരാജ്യത്തിൽ ഏത് ത്യാഗവും സഹിച്ചു പ്രവേശിക്കേണ്ടതിന്റെ പ്രാധാന്യമാകുന്നു. ധനവാൻ ആഡംബരത്തോടെ ജീവിച്ചു മരിച്ചു. ലാസർ ദരിദ്രനായിരുന്നു. അവനും മരിച്ചു. അവൻ അബ്രഹാമിന്റെ മടിയിൽ ആശ്വസിക്കുന്നു. ധനവാൻ യാതനാസ്ഥലത്ത് കിടന്ന് വേദന അനുഭവിക്കുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് മാത്രമേ കഴിയൂ. ഒരുവൻ ധനവാനായതുകൊണ്ട് നരകത്തിൽ പോകണം എന്നില്ല. അപ്പോൾ തന്നെ ധനം, മാനം തുടങ്ങിയ കാര്യങ്ങൾ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിക്കാൻ തടസ്സമാകരുത്. മരണാനന്തര ജീവിത ത്തെക്കുറിച്ച് ഇവിടെ വ്യക്തമായി പറഞ്ഞിരിക്കുന്നു. മരിച്ചവരുടെ ആത്മാക്കൾ ഉറങ്ങുന്നില്ല. ക്രിസ്തുവിൽ മരിച്ചവരുടെ ആത്മാക്കൾ ദൈവസന്നിധിയിൽ വിശ്രമിക്കുന്നു. ദുഷ്ടന്മാരുടെ ആത്മാക്കൾ യാതനസ്ഥലത്തു വേദന അനുഭവിക്കുന്നു. മരണശേഷം ആർക്കും രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ല. രക്ഷിക്കപ്പെടുവാനുള്ള ഏക മാർഗ്ഗം സുവിശേഷത്തിൽ വിശ്വസിക്കുകയാണ്. മരിച്ചവരിൽനിന്നും ഒരുത്തൻ എഴുന്നേറ്റ് ചെന്ന് സുവിശേഷം അറിയിച്ചാലും ഒരാൾ രക്ഷിക്കപ്പെടണം എന്നില്ല. വിശ്വാസം കേൾവിയാലും കേൾവി ദൈവവചനത്താലും വരുന്നു. അതുകൊണ്ട് ഇന്നുതന്നെ സുവിശേഷത്തിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുവാൻ നിങ്ങളെയും ദൈവം സഹായി

ക്കട്ടെ.

### 3. ശിഷ്യന്മാർക്കുള്ള ഉപദേശങ്ങൾ

1. വിശ്വാസത്തിൽ ശിശുക്കൾ ആയവർക്ക് ഇടർച്ച വരുത്തരുത്. നമ്മുടെ വാക്കുകളും ജീവിതരീതിയും ക്രിസ്തുവിന്റെ ഉപദേശങ്ങൾക്ക് നിരക്കുന്നതായിരിക്കണം.
2. സഹോദരന്മാരോട് ക്ഷമിക്കുന്നവർ ആയിരിക്കണം. സഹോദരൻ പലവട്ടം പിഴയ്ക്കുകയും അനുതപിക്കുകയും ചെയ്താൽ അവനോട് ക്ഷമിക്കുവാൻ നാം കടപ്പെട്ടവർ ആകുന്നു. ക്രിസ്തുവിന്റെ മാതൃക പിൻചെല്ലുന്നവർ ആയിരിക്കണം അവന്റെ ശിഷ്യന്മാർ (1 യോഹ. 1:9).
3. സഹോദരനോട് ഏഴുവട്ടം ക്ഷമിക്കുവാൻ മതിയായ വിശ്വാസം അഥവാ ആത്മീയവളർച്ച ഉള്ളവർ ആകുവാൻ നാം ആഗ്രഹിക്കണം.
4. നാം പ്രയോജനമുള്ള ദാസന്മാർ ആയിരിക്കണം. ക്രിസ്തുവിന്റെ ശിഷ്യന്മാർ സ്വയം പ്രശംസിക്കുന്നവർ ആകരുത്. അവർ ക്രിസ്തുവിനെ സേവിക്കുവാൻ കടപ്പെട്ടവർ ആകുന്നു. അടിമദാസൻ യജമാനനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു. അതുപോലെ തന്റെ ജീവനെ നൽകി നമ്മെ വീണ്ടെടുത്ത കർത്താവിനെ സന്തോഷത്തോടെ സേവിക്കുവാൻ നമുക്ക് ഇടയാകണം.
5. ശിഷ്യന്മാർ ക്രിസ്തുവിനോട് നന്ദിയുള്ളവർ ആയിരിക്കണം. ക്രിസ്തു പത്ത് കുഷ്ഠരോഗികളെ സൗഖ്യമാക്കി. കുഷ്ഠരോഗം പാപത്തിന്റെ ചിത്രമാകുന്നു. പാപത്തിന് പരിഹാരം ക്രിസ്തുവിന് മാത്രമേ വരുത്തുവാൻ കഴിയൂ. സൗഖ്യമായവർ കർത്താവിന് നന്ദി പറയേണ്ടവർ ആയിരുന്നു. എന്നാൽ ഒരുവൻ മാത്രം മടങ്ങിവന്നു നന്ദി പറഞ്ഞു. അവൻ ശമര്യക്കാരൻ ആയിരുന്നു. ശമര്യർ യെഹൂദന്മാരാൽ വെറുക്കപ്പെട്ടിരുന്നു. എന്നാൽ അവൻ മടങ്ങിവന്നു ദൈവത്തെ മഹത്വപ്പെടുത്തി. കർത്താവിന്റെ ഹൃദയം അവനിൽ സന്തോഷിച്ചു. അവൻ പുതിയ അനുഗ്രഹങ്ങളോടുകൂടെ കടന്നുപോയി.

### 4. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ

യെഹൂദന്മാർ ദൈവരാജ്യത്തിനായി കാത്തിരുന്നു. അത് എല്ലാ ശക്തിയോടും കൂടെ വരും എന്ന് അവർ പ്രതീക്ഷിച്ചു. ക്രിസ്തു ആണ് യെഹൂദന്മാരുടെ യഥാർത്ഥ രാജാവ്. അവൻ ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും കണ്ട യെഹൂദന്മാർ അവനെ രാജാവായി വിശ്വസിച്ച് അംഗീകരിച്ചില്ല. ദൈവരാജ്യം ഭാവിയിൽ ഉണ്ടാകുവാൻ പോകുന്ന അനുഭവമായി ശിഷ്യന്മാർക്ക് ചൂണ്ടിക്കാണിച്ചു. ഇന്ന് ക്രിസ്തുവുമായി അവർക്കുള്ള കൂട്ടായ്മ ദൈവരാജ്യ ത്തിന്റെ മുന്നമെയുള്ള അനുഭവമാണ്. ദൈവരാജ്യം വരുന്നതിനു മുമ്പായി മശിഹാ കഷ്ടം അനുഭവിക്കണം. ക്രിസ്തു രണ്ടാമതും വന്നു ദൈവരാജ്യം സ്ഥാപിക്കുന്നതിനു മുമ്പ് ലോകം നോഹയുടെ കാലത്തിന് തുല്യമായി തീരും. ഭൗതികകാര്യങ്ങൾക്ക് മാത്രം പ്രാധാന്യം നൽകുകയും ആത്മികകാര്യങ്ങളെ അവഗണിക്കുകയും ചെയ്യുന്ന സ്ഥിതി ഇന്നെവിടെയും കാണാം. മനുഷ്യർ സുഖഭോഗങ്ങളിൽ മാത്രം സന്തോഷിക്കുന്ന കാലമായിരിക്കും അത്. ലോത്തിന്റെ കാലത്തോട് അതിനെ സാമ്യപ്പെടുത്തിയിരിക്കുന്നു. ക്രിസ്തു രാജ്യം സ്ഥാപിക്കുമ്പോൾ ദുഷ്ടന്മാർ ന്യായം വിധിക്കപ്പെടും. പ്രിയ സ്നേഹിതാ, താങ്കൾ ദൈവരാജ്യത്തിനായി ഒരുങ്ങിയിട്ടുണ്ടോ? ഈ ലോകവും അതിന്റെ മോഹവും നീങ്ങിപ്പോകും. ക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി അംഗീകരിക്കുന്നവർ ദൈവരാജ്യത്തിന് യോഗ്യരാകും.

### 5. ദൈവരാജ്യത്തിനായി കാത്തിരിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

#### i. ക്രിസ്തുവിന്റെ ശിഷ്യന്മാർ പ്രാർത്ഥിക്കുന്നവർ ആയിരിക്കണം

ക്രിസ്തീയ ജീവിതം പരീക്ഷയും പോരാട്ടവും നിറഞ്ഞതാണ്. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിൽ വിശ്വസിപ്പാനും അവനുവേണ്ടി കഷ്ടം അനുഭവിക്കുവാനും വരം ലഭിച്ചവർ ആകുന്നു (ഫിലി. 1:29). ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞു: “ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്, എങ്കിലും ധൈര്യ പ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു” (യോഹ. 16:33). കർത്താവ് വന്ന് രാജ്യം സ്ഥാപിക്കുമ്പോൾ നമ്മുടെ കഷ്ടങ്ങൾ അവസാനിക്കും. നാം അവനോടുകൂടെ വാഴും. അതുകൊണ്ട് നമ്മുടെ പ്രശ്നങ്ങളുടെ സമയങ്ങളിൽ നാം മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കുന്നവർ ആകണം. അപ്പോൾ നാം വിടുതൽ അനുഭവിക്കും. ഈ സത്യം ക്രിസ്തു വിധവയുടെ മുട്ടിപ്പായ പ്രാർത്ഥന എന്ന ഉപമയിൽ വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തു തന്റെ വൃതന്മാരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നവൻ ആകുന്നു. നാം വിധവയെപ്പോലെ വിശ്വാസത്തോടുകൂടെ പ്രാർത്ഥിക്കുന്നവർ ആയിരിക്കണം.

#### ii. തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും

ദൈവാലയത്തിൽ പ്രാർത്ഥിക്കുവാൻ പോയ രണ്ട് വ്യക്തികളിൽ ഒരാൾ സ്വയനീതിയിൽ പ്രശംസിക്കുന്നവൻ ആയിരുന്നു. മറ്റവൻ സ്വന്തപാപത്തിന്റെ ഭയങ്കരത മനസ്സിലാക്കുകയും ദൈവത്തിൽനിന്ന് കരുണ യാചിക്കുകയും ചെയ്തു. സ്വയനീതിക്കാരനായ പരീശന് ഉത്തരം ലഭിച്ചില്ല. പാപിയായ ചുങ്ക ക്കാരൻ കരുണ ലഭിച്ചവനായി ഭവനത്തിലേക്ക് പോയി. നമുക്ക് ദൈവസന്നിധിയിൽ പ്രശംസിക്കുവാൻ ഒന്നും ഇല്ല. രക്ഷ ദൈവത്തിന്റെ ദാനമാകുന്നു. നാം കൃപയാൽ രക്ഷിക്കപ്പെട്ടവർ അത്രെ. ചുങ്കക്കാരനെപ്പോലെ “പാപിയായ എന്നോട് കരുണയുണ്ടാകണമേ” എന്ന് പറഞ്ഞുകൊണ്ട് നമുക്ക് കർത്താവിനെ സമീപിക്കാം. അപ്പോൾ നാം അനുഗ്രഹിക്കപ്പെടും.

#### iii. കുഞ്ഞുങ്ങളെപ്പോലെ താഴ്മയും വിശ്വാസവും ഉള്ളവർ ആകുവിൻ

ചിലർ ശിശുക്കളെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു. ശിഷ്യന്മാർ അവരെ തടുത്തു. അപ്പോൾ ക്രിസ്തു അവരെ തന്റെയടുക്കലേക്ക് സ്വാഗതം ചെയ്തു. ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കുഞ്ഞുങ്ങൾക്കുള്ള താഴ്മയും വിശ്വാസവും നിഷ്കളങ്കതയും ആവശ്യമാണെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

**6. ധനവാനായ പ്രമാണി**

"നിത്യജീവൻ പ്രാപിക്കുവാൻ എന്തു ചെയ്യണം" എന്ന് അവൻ ക്രിസ്തുവിനോടു ചോദിച്ചു. അവൻ കർത്താവിനെ 'നല്ല ഗുരു' എന്നു വിളിക്കുവാൻ മടി ഉള്ളവൻ അല്ലായിരുന്നു. പത്ത് കൽപ്പനകൾ ചെറുപ്പം മുതൽ അനുസരിച്ചിരുന്നവനായിരുന്നു അവൻ. കർത്താവ് അവനോടു പറഞ്ഞു: "നിനക്ക് ഒരു കുറവുണ്ട്, നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രന്മാർക്ക് കൊടുക്ക. എന്നാൽ നിനക്ക് സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്ക." ധനവാനായ പ്രമാണി ഇത് കേട്ടിട്ട് അതിദുഃഖിതനായി ത്തീർന്നു. അവൻ തന്റെ ധനത്തിൽ പ്രശംസിക്കുന്നവൻ ആയിരുന്നു. തന്റെ ജീവിതലക്ഷ്യം ധനസമ്പാദനമാണ്. മറ്റുള്ളവരുടെ പട്ടിണിയും ബുദ്ധിമുട്ടും തനിക്ക് പ്രശ്നമായിരുന്നില്ല. തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുവാൻ അവന് മനസ്സില്ലായിരുന്നു. അവന്റെ ധനം ക്രിസ്തുവിനെ അനുഗമിക്കുവാൻ തടസ്സമായിരുന്നു. ക്രിസ്തുവിനേക്കാൾ ഉപരി മറ്റ് കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നവർക്ക് രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ല. രക്ഷ ദൈവത്തിന്റെ പ്രവൃത്തിയാകുന്നു. ദ്രവ്യാഗ്രഹികളായ വ്യക്തികളിൽ ആത്മികപരിവർത്തനം സൃഷ്ടിക്കുവാൻ ക്രിസ്തു ശക്തി ഉള്ളവൻ ആകുന്നു. അപ്പോൾ അവർ കുഞ്ഞുങ്ങളെപ്പോലെ സൗമ്യതയും വിശ്വാസവും ഉള്ളവരായി ദൈവരാജ്യത്തിന് അവകാശികൾ ആകും. ക്രിസ്തുവിന് വേണ്ടി ത്യാഗം സഹിക്കുന്നവർ നിത്യജീവന്റെ സമൃദ്ധിയായ അനുഗ്രഹങ്ങൾ ഈ ഭൂമിയിലും വരുവാനുള്ള നിത്യതയിലും അനുഭവിക്കും എന്ന് ക്രിസ്തു ശിഷ്യന്മാരോട് പറഞ്ഞു. കൂടാതെ ക്രിസ്തു തന്റെ മരണത്തെക്കുറിച്ചും ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ചും ശിഷ്യന്മാരോട് മുൻകൂട്ടി പറഞ്ഞിരുന്നു. എന്നാൽ ശിഷ്യന്മാർക്ക് അത് ഗ്രഹിക്കുവാൻ കഴിവില്ലായിരുന്നു. ആത്മിക വിഷയങ്ങൾ ദൈവാത്മാവിന്റെ സഹായം കൂടാതെ ഗ്രഹിക്കുവാൻ ആർക്കും കഴിയുന്നതല്ല.

**7. കാഴ്ച ലഭിച്ച കുരുടൻ**

ഈ കുരുടന് പ്രശംസിക്കുവാൻ യാതൊന്നും ഇല്ല. അവൻ സഹായം അറ്റവനാണ്. എന്നാൽ യേശു അവൻ ഇരുന്ന സ്ഥലത്തുകൂടെ കടന്നുപോയി. അവൻ യേശുവിനെക്കുറിച്ച് കേട്ടു. അവനെ ദാവീദ് പുത്രൻ അഥവാ മശിഹയായി വിശ്വസിച്ചിരുന്നു. അവന് കാഴ്ച ലഭിക്കണം എന്ന് ആഗ്രഹം ഉണ്ടായിരുന്നു. "എന്നോട് കരുണ തോന്നണമേ" എന്നുള്ള അപേക്ഷയിൽ അതത്രെ വ്യക്തമാകുന്നത്. കർത്താവിന് കാഴ്ച നൽകുവാൻ ശക്തിയുണ്ടെന്ന് അവൻ വിശ്വസിച്ചു. മറ്റുള്ളവരുടെ തടസ്സങ്ങൾ അവനെ ക്രിസ്തുവിനെ സമീപിക്കുന്നതിൽനിന്നും പിന്തിരിച്ചില്ല. യേശു അവന്റെ നിലവിളി കേട്ടു. അവനെ തന്റെ അടുക്കൽ കൊണ്ടുവരുവാൻ കല്പിച്ചു. അവന്റെ വിശ്വാസത്തെ മാനിക്കുകയും അവന് കാഴ്ച നൽകുകയും ചെയ്തു. കാഴ്ച ലഭിച്ച കുരുടൻ ദൈവത്തെ മഹത്വീകരിച്ചുകൊണ്ട് കർത്താവിനെ അനുഗമിച്ചു. പുരുഷാരം ഇത് കണ്ടിട്ട് ദൈവത്തെ മഹത്വപ്പെടുത്തി. ആത്മിക അന്ധന്മാരാൽ നിറയപ്പെട്ട ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. വെളിച്ചമാകുന്ന ക്രിസ്തു ഈ ലോകത്തിലേക്ക് കടന്നുവന്നു. അവനെ മറ്റുള്ളവർക്കു പരിചയപ്പെടുത്തുവാൻ തന്റെ ശിഷ്യന്മാർ ബാധ്യസ്ഥർ ആണ്. വിശ്വാസത്തോടുകൂടെ കർത്താവിനെ സമീപിക്കുന്ന ആർക്കും ആത്മസൗഖ്യം നൽ കുവാൻ അവൻ മനസ്സും ശക്തിയും ഉള്ളവനാകുന്നു. പ്രിയ സ്നേഹിതാ, താങ്കൾ ആവശ്യബോധത്തോടുകൂടെ ക്രിസ്തുവിനെ സമീപിച്ചിട്ടുണ്ടോ? ഇന്നുതന്നെ അതിന് ദൈവം നിങ്ങളെ സഹായിക്കട്ടെ.

**8. സക്കായിയുടെ മാനസാന്തരം**

മനുഷ്യരാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമാകുന്നു എന്നുള്ള സത്യമത്രെ നാം സക്കായിയുടെ മാനസാന്തരത്തിൽ കാണുന്നത്. സക്കായി ധനികനായ ചുങ്കക്കാരനായിരുന്നു. എന്നാൽ തന്റെ ധനം ദൈവരാജ്യത്തിൽ താൻ പ്രവേശിക്കുന്നത് തടയാൻ അനുവദിച്ചില്ല. സക്കായി വളർച്ചയിൽ കുറിയവനായിരുന്നു. യേശുവിനെ കാണുവാൻ അവനു പല തടസ്സങ്ങൾ നേരിടേണ്ടിവന്നു. എന്നാൽ ആ തടസ്സങ്ങൾ അവനെ ക്രിസ്തുവിൽനിന്നും പിന്തിരിപ്പിച്ചില്ല. യേശുവിനെ കാണേണ്ടതിന് അവൻ ഒരു കാട്ടത്തിമേൽ കയറി. ക്രിസ്തു അതുവഴി വന്നു. മേലോട്ടു നോക്കി സക്കായിയെ കണ്ടു. "വേഗം ഇറങ്ങി വാ. ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു" എന്ന് യേശു അവനോട് പറഞ്ഞു. രക്ഷയ്ക്കായി കാംക്ഷിക്കുന്നവരെ അതിലാക്കുന്നവനാണ് നമ്മുടെ കർത്താവ്. നമ്മുടെ വിശ്വാസത്തിന്റെ പ്രവൃത്തികൾ അവൻ ശ്രദ്ധിക്കുന്നു. നമ്മോടുകൂടെ പാർക്കുവാൻ അവൻ ആഗ്രഹിക്കുന്നു. സക്കായി കർത്താവിന്റെ കൽപ്പന അനുസരിച്ച് അവനെ ഭവനത്തിൽ സ്വീകരിച്ചു. സക്കായിയിൽ വലിയ പരിവർത്തനം സംഭവിച്ചു. ചതിവായി വാങ്ങിയതെല്ലാം നാലു മടങ്ങ് മടക്കിക്കൊടുത്തു. കർത്താവ് അവന്റെ വിശ്വാസത്തെ അംഗീകരിച്ചു. ഈ നല്ല രക്ഷകൻ താങ്കളുടെ ജീവിതത്തിൽ യാഥാർത്ഥ്യമായി തീർന്നിട്ടുണ്ടോ? ക്രിസ്തു പറഞ്ഞു: "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്."

**9. വിശ്വസ്ത ദാസന്മാർ ആയിരിക്ക**

ക്രിസ്തു യെരൂശലേമിനോട് സമീപിക്കുന്നു. താൻ വന്ന് എത്രയും വേഗം രാജ്യം സ്ഥാപിക്കും എന്ന് ശിഷ്യന്മാർ കരുതി. അതിനുള്ള മറുപടിയാണ് പത്ത് ദാസന്മാരുടെ ഉപമയിൽ ക്രിസ്തു നൽകുന്നത്. ക്രിസ്തുവിന്റെ

ഒന്നാം വരവിനും രാജവാഴ്ചയ്ക്കും ഇടയിലായി ഒരു കാലയളവ് ഉണ്ട്. അന്ന് ക്രിസ്തുവിന്റെ ശിഷ്യന്മാർ അവനെ വിശ്വസ്തതയോടെ സേവിക്കുന്നവർ ആകണം. കർത്താവ് നമുക്ക് നല്കിയിട്ടുള്ള കഴിവുകൾ ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി പ്രയോജനപ്പെടുത്തണം. തന്നെ വിശ്വസ്തതയോടെ സേവിക്കുന്നവർ പ്രതിഫലം വാങ്ങുന്ന സമയം വരുന്നു. കർത്താവ് രണ്ടാമത് വരുമ്പോൾ അവൻ തന്റെ ദാസനെ 'നല്ലവനും വിശ്വസ്തനുമായ ദാസനേ' എന്ന് വിളിക്കും. കർത്താവിനെ സേവിക്കാത്തവർ അന്ന് ശിക്ഷിക്കപ്പെടും. നമുക്ക് അവന്റെ വിശ്വസ്തദാസന്മാരാകാം.

**അദ്ധ്യായം 10**

# ക്രിസ്തുവിന്റെ യെരൂശലേമിലേക്കുള്ള പ്രവേശനം

**വായനഭാഗം: 19:28–21:38**

ക്രിസ്തു ശിഷ്യന്മാരോട് യെരൂശലേമിൽ തനിക്ക് എന്ത് സംഭവിക്കുവാൻ പോകുന്നു എന്നു പറഞ്ഞു. അവിടെ താൻ മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും ഏൽപ്പിക്കപ്പെടും. അവർ അവന് മരണശിക്ഷ കൽപ്പിച്ച് പരിഹസിപ്പാനും തല്ലുവാനും ക്രൂശിപ്പാനും അവനെ ജാതികൾക്ക് ഏൽപ്പി ക്കും. എന്നാൽ മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേൽക്കും. നമ്മുടെ കർത്താവ് ഭാവിയെക്കുറിച്ച് അറിവുള്ളവൻ ആകുന്നു. മരണത്തെക്കുറിച്ച് പറയുമ്പോളെല്ലാം പുനരുത്ഥാനത്തെക്കുറിച്ചു പറയുവാനും ക്രിസ്തു ശ്രദ്ധിച്ചിരുന്നു.

## 1. കഴുതക്കുട്ടിയുടെ മേൽ കയറിവരുന്ന രാജാവ്

ക്രിസ്തുവിന്റെ ജീവിതത്തിൽ സംഭവിച്ചതൊക്കെയും തിരുവെഴുത്തുകളിൽ മുൻപറഞ്ഞതിനനുസരിച്ചായിരുന്നു. ക്രിസ്തു യെരൂശലേമിൽ പ്രവേശിക്കുന്നത് കഴുതക്കുട്ടിയുടെ മേൽ കയറി ആയിരുന്നു. അപ്പോൾ വഴിനീളെ പുരുഷാരത്തിന്റെ ആർപ്പുവിളി മുഴങ്ങി. 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ' എന്ന് പുരുഷാരം ഘോഷിച്ചു. എന്നാൽ യെഹൂദന്മാർ അത് കേട്ടിട്ട് 'ഇവൻ ആര്' എന്ന് പറഞ്ഞതല്ലാതെ ക്രിസ്തുവിനെ രാജാവായി അംഗീകരിച്ചില്ല. മതഭക്തന്മാർ, ആർപ്പുവിളിക്കുന്ന പുരുഷാരത്തെ വിലക്കുവാൻ കർത്താവിനോട് ആവശ്യപ്പെട്ടു. അതിന് കർത്താവു നൽകിയ മറുപടി ശ്രദ്ധേയമത്രെ: "ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും." കഴുതയെക്കുറിച്ച് കർത്താവു പറഞ്ഞത് ശ്രദ്ധിക്കുക: "കർത്താവിന് ഇതിനെ ക്കൊണ്ട് ആവശ്യമുണ്ട്." ഒരു കഴുതയെ കർത്താവിന് ആവശ്യമുണ്ടുപോലും. കേവലം ഒരു കഴുത. ആർക്കും വേണ്ടാത്ത ഒരു ജീവി. പക്ഷെ കർത്താവിന് അത് ഉപയോഗമുള്ളതാണ്. എന്തിന്? യെരൂശലേമിലേക്ക് എഴുന്നള്ളു മ്പോൾ ആ കഴുതപ്പുറത്തിരിക്കുന്ന രാജാവിന് ലഭിക്കുന്നത് എല്ലാം ആ കഴുതയ്ക്കും ലഭിക്കുന്നു. ക്രിസ്തുവിനെ ചുമക്കുന്ന കഴുത ആയിരിക്കുന്നത് എത്ര വലിയ പദവിയാകുന്നു. ക്രിസ്തുവിനെ ചുമക്കുന്ന, അവനെ ഉയർത്തിക്കാണിക്കുന്ന, അവന് ജീവിതത്തിന്റെ കടിഞ്ഞാൺ കൊടുക്കുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ നമുക്കിടയാകട്ടെ.

## 2. യെരൂശലേമിനെ നോക്കി കരയുന്ന ക്രിസ്തു

യെഹൂദന്മാർ അവരുടെ രാജാവിനെ അംഗീകരിച്ചില്ല. കർത്താവിനെ ക്രൂശിക്കുവാൻ അവർ തയ്യാറെടുത്തിരിക്കുകയാണ്. അപ്പോഴും കർത്താവ് തന്റെ സ്നേഹവും ദീർഘക്ഷമയും അവരുടെ മേൽ പ്രദർശിപ്പിച്ചു. യെരൂശലേമിന് സംഭവിക്കുവാൻ പോകുന്ന നാശം കർത്താവ് മുന്നമേ അറിഞ്ഞിരുന്നു. സമാധാനത്തിന്റെ പ്രഭുവായ ക്രിസ്തുവിനെ അവർ ഉപേക്ഷിച്ചു. ആ സന്ദർഭത്തിൽ അവരെ നോക്കി കർത്താവ് കരഞ്ഞു. "ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞുവെങ്കിൽ കൊള്ളാമായിരുന്നു" എന്ന് ആഗ്രഹിച്ചു. അത് ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് അവർക്ക് വരുവാൻ പോകുന്ന നാശത്തെക്കുറിച്ച് കർത്താവ് മുന്നറിയിപ്പ് നൽകി. എങ്കിലും അവരുടെ രാജാവിനെ അംഗീകരിക്കുവാൻ അവർ മനസ്സു ള്ളവരായില്ല. എ.ഡി. 70ൽ യെരൂശലേം നഗരം നശിപ്പിക്കപ്പെട്ടു. ദൈവാലയം കല്ലിന്മേൽ കല്ല് ശേഷിക്കാത്തവണ്ണം ഇടിഞ്ഞുപോയി. ക്രിസ്തുവിനെ അംഗീകരിക്കാത്തവർ ശിക്ഷിക്കപ്പെടും. കർത്താവ് പാപികളെ രക്ഷിപ്പാൻ ഇന്നും മനസ്സുള്ളവനാകുന്നു. താങ്കൾ ആ സ്നേഹനിധിയുടെ ചിറകിൻ കീഴിൽ അഭയം കണ്ടെത്തിയിട്ടുണ്ടോ? താങ്കൾക്കുവേണ്ടി സ്വന്തജീവനെ നൽകിയ കർത്താവിനെ വിശ്വാസത്താൽ അംഗീകരിച്ചിട്ടുണ്ടോ? ഇന്നുതന്നെ അതിന് ദൈവം നിങ്ങളെ സഹായിക്കട്ടെ.

## 3. ദൈവാലയത്തെ ശുദ്ധീകരിക്കുന്ന ക്രിസ്തു

യെഹൂദന്മാരുടെ ദൈവാലയത്തിൽ കർത്താവ് പലപ്രാവശ്യം പോയിട്ടുണ്ട്. "എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത്" എന്ന് കർത്താവ് മുമ്പ് താക്കീത് കൊടുത്തു (യോഹ. 2:16). എന്നാൽ യെഹൂദന്മാർ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു. ഇന്ന് അതിനെ പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടുവാൻ കഴിയുന്നതല്ല. പുരോഹിതന്മാരുടെയും, മതപണ്ഡിതന്മാരുടെയും നേതൃത്വത്തിൽ ആർഭാടങ്ങളായ ആരാധനകൾ അവിടെ നടത്തുന്നുണ്ട്. കാഴ്ചയിൽ അത് മനോഹര സൗധമാണ്. പക്ഷെ ഇന്ന് അത് കള്ളന്മാരുടെ താവളമായിരിക്കുന്നു. ഇന്ന് മതത്തിന്റെ പേരിൽ നടക്കുന്ന പലതും ഇതിൽനിന്നും വിഭിന്നമല്ല. ദൈവജനം ദൈവത്തേക്കാൾ കൂടുതൽ ലോകത്തെ സ്നേഹിക്കുകയും മാനിക്കുകയും ചെയ്താൽ ഇതിലധികവും സംഭവിക്കാം. കർത്താവ് വിൽക്കുന്നവരെ പുറത്താക്കി ദൈവാലയത്തെ ശുദ്ധീകരിച്ചു. ദൈവപുത്രന് ഹോശന്നാ പാടേണ്ട സ്ഥലമാണ് ദൈവാലയം.

അവിടെനിന്നും ഹൃദയം തുറന്ന സ്തുതിസ്തോത്രങ്ങൾ ഉയരണം. ഇന്ന് അത് പല സ്ഥലങ്ങളിലും സംഭവിക്കുന്നില്ല. തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ട് ജനം തെറ്റിപ്പോകുന്നു. അതിന് നമുക്ക് ഇടയാകാതിരിക്കട്ടെ. ക്രിസ്തുവിൽനിന്നും പഠിച്ച് ദൈവപ്രസാദകരമായ ജീവിതം നയിക്കുവാൻ നമുക്കാഗ്രഹിക്കാം.

### 4. ക്രിസ്തുവിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്നു

ക്രിസ്തു ദിനംപ്രതി ദൈവാലയത്തിൽ ഉപദേശിച്ചുപോന്നിരുന്നു. പുരുഷാരം അവന്റെ ഉപദേശം ശ്രദ്ധിച്ചിരുന്നു. അന്നത്തെ മതനേതാക്കൾ 'നീ എന്ത് അധികാരംകൊണ്ട് ജനത്തെ ഉപദേശിക്കുന്നു' എന്നവനോട് ചോദിച്ചു. അവരുടെ ദൃഷ്ടിയിൽ ക്രിസ്തു നസറെത്തിൽനിന്നും വന്ന തച്ചന്റെ മകനാണ്. അവൻ വേദശാസ്ത്രം പഠിച്ചിട്ടില്ല. ഇന്നും ദൈവകരങ്ങളിൽ പ്രയോജനപ്പെടുന്ന ദൈവദാസന്മാർ ഈ തരത്തിലുള്ള ചോദ്യങ്ങൾ അഭിമുഖീകരിക്കാറുണ്ട്. ദൈവാത്മാവിന്റെ സഹായത്താൽ കർത്താവിൽനിന്ന് പഠിക്കുന്നതിനേക്കാൾ വലിയ പഠനം മറ്റൊന്നില്ല. തന്റെ അധികാരത്തെ ചോദ്യം ചെയ്തവരോട്, 'യോഹന്നാന്റെ സ്നാനം മനുഷ്യരിൽനിന്നോ ദൈവത്തിൽ നിന്നോ ഉണ്ടായത്' എന്നു ചോദിച്ചു. ഞങ്ങൾ അറിയുന്നില്ല എന്ന് അവർ മറുപടി പറഞ്ഞു. അവർ മനുഷ്യരെ ഭയപ്പെടുകയാൽ അത്രെ അങ്ങനെ പറഞ്ഞത്. ക്രിസ്തു അവരോട് താൻ ഇന്ന അധികാരംകൊണ്ട് ഇത് ചെയ്യുന്നു എന്ന് പറഞ്ഞില്ല. അധികാരമുള്ള ക്രിസ്തുവിനെ ക്രൂശിക്കുവാൻ ശ്രമിക്കുന്ന യെഹൂദമതനേതാക്കളുടെ നിജസ്ഥിതി വ്യക്തമാക്കുന്ന ഉപമയാണ് അവകാശിയെ കൊല്ലുന്ന കുടിയാന്മാരുടെ ഉപമ. ഉടമസ്ഥന്റെ അവകാശം സ്വന്തമാക്കാൻ ആവേശം കൊള്ളുന്ന കുടിയാന്മാർ. മകനെ കൊന്നിട്ടായാലും അവകാശം സ്വന്തമാക്കണം എന്ന ചിന്ത അവരെ നാശത്തിലേക്ക് നയിച്ചു. ഈ ഉപമ തങ്ങളെക്കുറിച്ചാകുന്നു എന്ന് മതനേതാക്കൾ മനസ്സിലാക്കി. എന്നാൽ അവർ അനുതപിച്ചില്ല. കർത്താവിനെ ക്രൂശിക്കുവാൻ അവർ തക്കം അന്വേഷിച്ചുകൊണ്ടിരുന്നു.

### 5. ക്രിസ്തുവിനെ വാക്കിൽ പിടിക്കുവാൻ തക്കം അന്വേഷിക്കുന്നവർ

ക്രിസ്തു സകല ഹൃദയരഹസ്യങ്ങളും ദൂരത്തിരുന്ന് അറിയുന്നവൻ ആകുന്നു. മതനേതാക്കന്മാരായവർ കർത്താവിനെ വാക്കിൽ കുടുക്കുവാൻ ശ്രമിച്ചു. കരംകൊടുക്കുന്നതിനെക്കുറിച്ചായിരുന്നു അവർ ചോദിച്ചത്. "കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടു പ്പിൻ" എന്ന കർത്താവിന്റെ ഉത്തരം അവരെ ആശ്ചര്യപ്പെടുത്തി.

സദൂക്യർ എന്നൊരു കൂട്ടർ അന്നുണ്ടായിരുന്നു. ഇക്കൂട്ടരെ അന്നത്തെ യുക്തിവാദികൾ എന്ന് വിശേഷിപ്പിക്കാം. അവർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല. ദൂതന്മാർ, ആത്മാവ് എന്നൊന്നും ഇല്ല എന്നാണ് അവരുടെ വാദം. ഗ്രീക്ക് തത്വജ്ഞാനത്തിന്റെ മറപിടിച്ചായിരുന്നു അവരുടെ ജീവിതം. അപ്പോൾ തന്നെ മോശെയുടെ പഞ്ചഗ്രന്ഥങ്ങളിലും അവർ വിശ്വസിച്ചിരുന്നു. ഇന്നും അങ്ങനെയുള്ളവരെ കാണാൻ കഴിയും. അവരുടെ ആശയങ്ങൾ സ്ഥാപിക്കുവാൻ ഏത് മതഗ്രന്ഥത്തിലും ആശ്രയിക്കുവാനും തിരുവെഴുത്ത് കോട്ടിക്കളയുവാനും മടിക്കാത്തവർ. ഏഴ് സഹോദരന്മാർക്ക് ഭാര്യയായി ജീവിച്ച ഒരു സ്ത്രീ പുനരുത്ഥാനത്തിൽ ആരുടെ ഭാര്യയായിരിക്കും എന്ന് കർത്താവിനോട് ചോദിച്ചു. യേശു അതിന് ഉത്തരം പറഞ്ഞത്, 'നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കയാൽ തെറ്റിപ്പോകുന്നു. ദൈവം മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമാകുന്നു. അവൻ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം ആകുന്നു.' സദൂക്യർ തിരുവെഴുത്തുകൾ മനസ്സിലാക്കേണ്ട വിധത്തിൽ മനസ്സിലാക്കിയില്ല. അവരുടെ യുക്തിബോധത്തിന് നിരക്കാത്തതൊന്നും അവർ അംഗീകരിച്ചില്ല. ദൈവവചനത്തിലുള്ള ശക്തി അവർ മനസ്സിലാക്കിയില്ല. ഇന്നും അനേകം ക്രിസ്ത്യാനികൾ ദൈവവചനം ഇങ്ങനെ പഠിക്കുന്നവർ ആണ്. അവർ തെറ്റിപ്പോകുവാൻ ഇതുമൂലം ഇടയാകുന്നു. ദൈവവചനത്തെ മനുഷ്യന്റെ യുക്തിബോധംകൊണ്ട് വിശകലനം ചെയ്യുന്നതിന്റെ ഫലമായി അനേകം മാനുഷിക സമ്പ്രദായങ്ങൾക്കും സങ്കൽപ്പങ്ങൾക്കും നാം അടിമ പ്പെടാവുന്നതാണ്. "പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല. വിവാഹത്തിന് കൊടുക്കപ്പെടുന്നതുമില്ല. സ്വർഗ്ഗത്തിലെ ദൂതന്മാരെപോലെയത്രെ ആകുന്നു" എന്നു ക്രിസ്തു പറഞ്ഞു. കർത്താവിന്റെ ഉത്തരത്തിന്റെ മുമ്പിൽ സദൂക്യർ മിണ്ടാതെയായി എന്നത്രെ എഴുതിയിരിക്കുന്നത്. ദാവീദിന്റെ സന്തതിയായി ജനിച്ച യേശുക്രിസ്തുവിനെ ദാവീദ് 'കർത്താവേ' എന്നു വിളിച്ചത് എന്തുകൊണ്ടെന്നുള്ള ചോദ്യം അവർക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ക്രിസ്തു എങ്ങനെ ദാവീദിന്റെ പുത്രനും അവന്റെ കർത്താവുമായിരിക്കുന്നു എന്നുള്ള സത്യം ദൈവവചനപഠനം മൂലം മാത്രമേ മനസ്സിലാക്കുവാൻ കഴിയൂ.

ക്രിസ്തു മതപണ്ഡിതരായ ശാസ്ത്രിമാരുടെ കപടഭക്തി ചൂണ്ടിക്കാണിച്ചു. അവർ വേഷഭക്തർ ആണ്. അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും അവർ ആഗ്രഹിക്കുന്നു. ബലഹീനരായവരെ അവർ ചൂഷണം ചെയ്യുന്നു. അവരെ സൂക്ഷിച്ചുകൊൾവിൻ. അവർ ഏറ്റവും വലിയ ശിക്ഷ അനുഭവിക്കും.

### 6. ക്രിസ്തു നമ്മുടെ പ്രവൃത്തികൾ അറിയുന്നു

കർത്താവ് ധനവാന്മാർ ഭണ്ഡാരത്തിൽ വഴിപാട് ഇടുന്നത് കണ്ടു. അവർ അവരുടെ സമൃദ്ധിയിൽനിന്നും അല്പം ദൈവത്തിനു കൊടുത്തു. ദരിദ്രയായ വിധവ അവളുടെ മുഴുവൻ സമ്പാദ്യവുമായ രണ്ട് കാശ് ഭണ്ഡാരത്തിൽ ഇട്ടു. വിധവയെ കർത്താവ് അഭിനന്ദിക്കുന്നു. നമ്മുടെ പ്രവൃത്തികളിൽ കർത്താവ് പ്രസാദിക്കുന്നുണ്ടോ?

### 7. ക്രിസ്തു ദൈവാലയത്തിന്റെ നാശത്തെക്കുറിച്ച് പ്രവചിച്ചു

യെരൂശലേമിന് എ.ഡി. 70ലും പിന്നെ കർത്താവിന്റെ വരവിന് മുമ്പായും ഉണ്ടാകുവാനുള്ള നാശത്തെക്കുറിച്ചാണ് ഇവിടെ പ്രവചിച്ചിരിക്കുന്നത്. മനോഹരമായ ദൈവാലയം നശിപ്പിക്കപ്പെടും എന്ന് ക്രിസ്തു പറഞ്ഞു. ഇത് എപ്പോൾ സംഭവിക്കും എന്ന് ശിഷ്യന്മാർ ചോദിച്ചു. കർത്താവിന്റെ രണ്ടാം വരവിന് മുമ്പായി നടക്കുന്ന സംഭവങ്ങളെക്കുറിച്ച് തുടർന്ന് പ്രസ്താവിച്ചു. 'ഞാൻ ആകുന്നുവെന്ന് പറഞ്ഞ് അനേകർ വരും. നിങ്ങൾ യുദ്ധങ്ങളെയും വർഗ്ഗീയലഹളകളെയും കുറിച്ച് കേൾക്കും. ജാതി ജാതിയോടും, രാജ്യം രാജ്യത്തോടും എതിർക്കും. വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും ഉണ്ടാകും. നിങ്ങൾ എന്റെ നാമം നിമിത്തം ഉപദ്രവിക്കപ്പെടും. ചാർച്ചക്കാരും സ്നേഹിതരും നിങ്ങളെ ഏൽപ്പിച്ചുകൊടുക്കും. എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും. നിങ്ങൾ തെറ്റിപ്പോകരുത്. നിങ്ങൾക്ക് ആവശ്യമായ ജ്ഞാനം ഞാൻ തരും. ഞാൻ അറിയാതെ യാതൊന്നും നിങ്ങൾക്ക് സംഭവിക്കുകയില്ല.'

എ.ഡി. 70ൽ യെരൂശലേം നഗരം നശിപ്പിക്കപ്പെട്ടു. യെഹൂദന്മാർ ഭൂലോകം ഒക്കെയും ചിതറിപ്പോയി. ജാതികളുടെ കാലം ആരംഭിച്ചു. ഇന്നും യെരൂശലേമിൽ സമാധാനമില്ല. ഈ ലോകം കലാപകലുഷിതമായി തീരു വാൻ പോകയാണ്. യിസ്രായേൽ, ശത്രുക്കളാൽ ആക്രമിക്കപ്പെടും. ആകാശത്തിൽ വലിയ അടയാളങ്ങൾ ഉണ്ടാകും. ലോകസംഭവങ്ങളാൽ ജാതികൾ നിരാശരും പരിഭ്രാന്തരും ആകും. മനുഷ്യർ നിർജ്ജീവന്മാർ ആകും. അപ്പോൾ ക്രിസ്തു ശക്തിയോടും മഹാതേജസ്സോടും കൂടെ മേഘത്തിൽ വരുന്നത് അവന്റെ ജനം കാണും. ഇന്ന് ദൈവമക്കൾ പല കഷ്ടങ്ങളിൽക്കൂടെ കടന്നുപോകുന്നവർ ആണ്. അവരുടെ ഭാഗ്യകരമായ പ്രത്യാശ ക്രിസ്തുവിന്റെ വരവാകുന്നു. കർത്താവ് വന്ന് തന്റെ ജനത്തെ ചേർക്കും. അവൻ നീതിയോടും സമാധാനത്തോടും കൂടെ ലോകത്തെ ഭരിക്കും. അന്ന് തന്റെ ദാസന്മാർക്കും അതിൽ പങ്കുണ്ടായിരിക്കും.

അത്തിവൃക്ഷത്തിന്റെ ഉപമയിൽക്കൂടി ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നുള്ള സത്യവും ക്രിസ്തു ചൂണ്ടിക്കാണിച്ചു. "അത്തി മുതലായ വൃക്ഷ ങ്ങൾ തളിർക്കുമ്പോൾ വേനൽ അടുത്തിരിക്കുന്നു എന്ന് അറിയുന്നു." അത്തിവൃക്ഷം യിസ്രായേലിനെ കാണിക്കുന്നു. 1948-ൽ യിസ്രായേൽ രാജ്യം തളിർ ക്കുവാൻ തുടങ്ങി. അത് കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള സൂചന നൽകുന്നു. ദൈവവചനത്തിന് മാറ്റം സംഭവിക്കുന്നില്ല. കർത്താവ് വേഗം വരുന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ ശിഷ്യന്മാർ അവനായി നോക്കിപ്പാർ ക്കുന്നവർ ആകണം. നാം സദാകാലവും ഉണർന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. സുഖഭോഗങ്ങളിലും ലോകചിന്തകളിലും ഏർപ്പെട്ടു നാം ഭാരപ്പെടുന്നവർ ആകരുത്. അതിന് കർത്താവ് നമ്മെ സഹായിക്കട്ടെ.

**അദ്ധ്യായം 11**

## ക്രിസ്തുവിന്റെ വിസ്താരം

**വായനഭാഗം: 22:1-23:25**

### 1. നിസ്തുല്യമരണം

ക്രിസ്തു തന്റെ മരണവിധം അറിഞ്ഞിരുന്നു. പാപികളെ രക്ഷിക്കുവാൻ വന്നവനത്രെ കർത്താവ്. പാപത്തിന്റെ ശിക്ഷ, മരണം ആകുന്നു. ക്രിസ്തു ചെയ്ത അത്ഭുതങ്ങളും പഠിപ്പിച്ച ഉപദേശങ്ങളും പാപികളെ രക്ഷിക്കുവാൻ പര്യാപ്തമല്ലായിരുന്നു. അതിന് താൻ ഒരു പ്രായശ്ചിത്തയാഗമായി മരിക്കേണ്ടത് ആവശ്യമായിരുന്നു. ഒരു ദൈവദൂതനെക്കൊണ്ട് അത് സാധ്യമല്ല. പാപരഹിതനും പാപികൾക്കുവേണ്ടി മരിക്കുവാൻ മനസ്സുമുള്ള ഒരു വ്യക്തിക്ക് മാത്രമേ പ്രായശ്ചിത്ത യാഗമായി തീരുവാൻ കഴിയൂ. അതിനായിട്ട് ദൈവം മനുഷ്യനായി അവതരിച്ചവനാകുന്നു യേശുക്രിസ്തു. കർത്താവിന് മരണം നിഷേധിക്കാമായിരുന്നു. തന്നെ ക്രൂരമായി പീഡിപ്പിച്ചവരെ ഒറ്റ വാക്കുകൊണ്ട് നശിപ്പിക്കാമായിരുന്നു. എന്നാൽ ക്രിസ്തു ദൈവത്തിന് സൗരഭ്യവാസനയായ യാഗമായി തന്നെത്താൻ സമർപ്പിച്ചു. അവന്റെ മരണം ഒരു രക്തസാക്ഷി മരണം ആയിരുന്നില്ല. മരിക്കുമ്പോഴും അവൻ അധികാരമുള്ളവൻ ആയിരുന്നു. ജനനവും ജീവിതവും പോലെ അവന്റെ മരണവും നിസ്തുല്യമാണ്. ദൈവസ്നേഹത്തിന്റെയും കൃപയുടെയും അത്യുന്നതമായ പ്രകടനമത്രെ നാം ക്രൂശിൽ കാണുന്നത്.

### 2. സ്വന്തശിഷ്യനാൽ ഒറ്റിക്കൊടുക്കപ്പെട്ടു (22:1-6)

അവരുടെ പാപങ്ങളെ ചൂണ്ടിക്കാണിച്ചതുകൊണ്ട് പുരോഹിതന്മാരും ശാസ്ത്രിമാരും ക്രിസ്തുവിനെ കൊല്ലുവാൻ ഉപായം അന്വേഷിച്ചുകൊണ്ടിരുന്നു. സ്വന്തശിഷ്യനായിരുന്ന ഇസ്കര്യോത്താ യൂദാ മുപ്പത് വെള്ളിക്കാശിന് കർത്താവിനെ ഒറ്റിക്കൊടുക്കുവാൻ തക്കം അന്വേഷിച്ചുപോന്നു. കർത്താവ് ഇത് മുന്നമേ അറിഞ്ഞിരുന്നു (യോഹ. 6:70). യൂദയിൽ സാത്താൻ പ്രവേശിച്ചിരുന്നു. അവൻ കള്ളൻ ആയിരുന്നു (യോഹ. 12:6). രക്ഷിക്കപ്പെടാത്തവർ സാത്താന്യസ്വാധീനതയിൽ കഴിയുന്നു (എഫെ. 2:2). അങ്ങനെ കർത്താവിനെ രഹസ്യമായി ഒറ്റിക്കൊടുക്കുവാൻ യൂദാ നിശ്ചയിച്ചു.

### 3. പെസഹയുടെ ഒരുക്കം

യെഹൂദന്മാർ പെസഹപ്പെരുന്നാൾ എല്ലാ വർഷവും ആചരിച്ചിരുന്നു. മിസ്രയീമിലുള്ള അവരുടെ അടിമത്തത്തിൽനിന്നുള്ള വിടുതലിനെയാണ് പെസഹാ ഓർമ്മിപ്പിക്കുന്നത്. അവരുടെ വിടുതലിനായി ഒരു ആട്ടുകൊറ്റൻ കൊല്ലപ്പെടേണ്ടിയിരുന്നു. ഈ കൊല്ലപ്പെട്ട ആട് ക്രിസ്തുവിന്റെ നിഴലാണ്. അപ്പൊസ്തലനായ പൗലൊസ് പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധേയമത്രെ: “നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു തന്നെ.” ക്രിസ്തുവിന്റെ മരണം മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ അടിമത്തത്തിൽ നിന്നും വീണ്ടെടുക്കുവാനുള്ളതായിരുന്നു. ഇനിയും ഒരു യാഗത്തിന്റെ ആവശ്യമില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും പാപമോചനം ലഭിക്കുന്നു.

### 4. ക്രിസ്തു സകലവും അറിയുന്നവൻ ആകുന്നു

പെസഹാ ഒരുക്കുവാനുള്ള സ്ഥലം കർത്താവിന് അറിയാമായിരുന്നു. ആ വിരിച്ചൊരുക്കിയ വന്മാളികയിൽ ശിഷ്യന്മാർ പെസഹാ ഒരുക്കി. അതിൽ സംബന്ധിക്കുവാൻ കർത്താവ് വാഞ്ഛയോടെ ആഗ്രഹിച്ചു. ഈ ഒടുക്കത്തെ പെസഹാ ആചരണത്തിൽ പ്രത്യേകമായ അർത്ഥം കർത്താവു കണ്ടു. കർത്താവ് പാനപാത്രം എടുത്തു വാഴ്ത്തി ശിഷ്യന്മാർക്ക് കൊടുത്തു. ദൈവരാജ്യം വരുവോളം ഇനിയും കർത്താവ് പാനപാത്രത്തിൽ പങ്കുകൊള്ളുകയില്ല. കർത്താവിനെ ഒറ്റിക്കൊടുക്കുന്ന യൂദയെക്കുറിച്ച് അവൻ അറിവുള്ളവനായിരുന്നു. തന്നെ തള്ളിപ്പറയുവാൻ പോകുന്ന പത്രൊസിനെക്കുറിച്ചും കർത്താവിന് അറിയാം. ബലഹീനരായ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കർത്താവ് മനസ്സുള്ളവനായിരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ അന്യോന്യം ശുശ്രൂഷിക്കുന്നവർ ആയിരിക്കണം എന്ന് ഉപദേശിച്ചു. ശിഷ്യന്മാർക്ക് കർത്താവ് അപ്പവും വീഞ്ഞും വാഴ്ത്തിക്കൊടുത്തുകൊണ്ട് കർത്തൃമേശ സ്ഥാപിച്ചു. അപ്പം തന്റെ തകർക്കപ്പെട്ട ശരീരത്തെയും വീഞ്ഞ് തന്റെ ചൊരിയപ്പെട്ട രക്തത്തെയും കാണിക്കുന്നു. അത് ആചരിക്കുമ്പോൾ നാം കർത്താവിന്റെ ക്രൂശുമരണത്തെ ഓർക്കുന്നവർ ആകണം. അവന് നമ്മോടുള്ള സ്നേഹവും ദയയും ഓർത്തുകൊണ്ട് നാം കർത്താവിനെ ആരാധിക്കണം. നാം മറവിയുള്ളവർ ആണെന്ന് കർത്താവിനറിയാം. അതുകൊണ്ടു കൂടെയാണ് നാം കർത്തൃമേശ ക്രമമായി ആചരിക്കണം എന്ന് കൽപ്പിച്ചിരിക്കുന്നത്.

### 5. ക്രിസ്തു ഗെത്ത്ശെമന തോട്ടത്തിൽ

ഒലിവുമലയുടെ പടിഞ്ഞാറെ ചരിവിലാണ് ഈ തോട്ടം സ്ഥിതിചെയ്തിരുന്നത്. കർത്താവും ശിഷ്യന്മാരും സാധാരണ അവിടെ പ്രാർത്ഥിക്കുവാൻ പോകുമായിരുന്നു. കർത്തൃമേശ ആചരിച്ചതിനുശേഷം അവർ ഗെത്ത്ശെമന തോട്ടത്തിലേക്ക് പോയി. അവിടെ വച്ച് കർത്താവ് ശിഷ്യന്മാരോട് ‘പരീക്ഷ യിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിപ്പിൻ’ എന്നു പറഞ്ഞു. താൻ അവരെ വിട്ട് ഒരു കല്ലേറു ദൂരത്തോളം പോയി പ്രാർത്ഥിച്ചു: “പിതാവേ, നിനക്കു മന സ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് നീക്കണമേ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ.” ഈ പ്രാർത്ഥനയിൽ ഉൾക്കൊണ്ടി രിക്കുന്ന ആശയം മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായിട്ട് ക്രിസ്തുവിന്റെ മരണം അല്ലാതെ മറ്റു മാർഗ്ഗം ഉണ്ടെങ്കിൽ മരണത്തിൽനിന്നും വിടുവിക്കണമേ എന്നാകുന്നു. എന്നാൽ സ്വർഗ്ഗം മൗനം അവലംബിച്ചു. ക്രിസ്തു പിതാവിന്റെ ഹിതത്തിനായി പൂർണ്ണമായി തന്നെ സമർപ്പിച്ചു. ക്രൂശുമരണത്തെക്കുറിച്ചുള്ള ചിന്ത കർത്താവിന്റെ മനുഷ്യശരീരത്തെ ബലഹീനമാക്കി. അവൻ പ്രാണവേദന അനുഭവിച്ചു. അവന്റെ വിയർപ്പ് രക്തത്തുള്ളികൾപോലെയായി. അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്നും ഒരു ദൂതൻ പ്രത്യക്ഷ നായി. ഗെത്ത്ശെമനയിലെ അനുഭവം കർത്താവിന്റെ ക്രൂശുമരണത്തിനായുള്ള ഒരുക്കം മാത്രമായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷയെക്കുറിച്ചുള്ള ചിന്ത നമ്മുടെ കർത്താവിനെ തകർത്തുകളഞ്ഞു. ഇത്രമാത്രം നമ്മെ സ്നേഹിച്ച കർത്താവിനെ നാം സ്നേഹിക്കുന്നവർ ആണോ? അവൻ ഒരുക്കിയ രക്ഷ എങ്ങനെ നമുക്ക് നിരസിക്കുവാൻ കഴിയും?

### 6. യേശുവിനെ യൂദാ ഇസ്കര്യോത്താ ഒറ്റിക്കൊടുത്തു

യൂദാ കർത്താവിനെ മുപ്പത് വെള്ളിക്കാശിന് ഒറ്റിക്കൊടുക്കുവാൻ നേരത്തെ തന്നെ സമ്മതിച്ചിരുന്നതാണ്. ഗെത്ത്ശെമനയിൽ കർത്താവും ശിഷ്യന്മാരും ആയിരുന്നപ്പോൾ അവൻ കർത്താവിനെ ചുംബനംകൊണ്ട് കാണിച്ചുകൊടുത്തു. യേശു അവനോട്, “യൂദയേ, മനുഷ്യപുത്രനെ ചുംബനം കൊണ്ടോ കാണിച്ചുകൊടുക്കുന്നത്”എന്ന് പറഞ്ഞു. ശിഷ്യന്മാരിൽ ഒരുത്തൻ മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ കാത് അറുത്തു. കർത്താവ് അവന്റെ കാതു തൊട്ടു സൗഖ്യമാക്കി. വാളുകൊണ്ട് വെട്ടിയവനോട്, “വാൾ ഉറയിൽ ഇടുക, വാൾ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചുപോകും” എന്നു പറഞ്ഞു (മത്താ. 26:52). നമ്മുടെ കർത്താവിന്റെ സ്നേഹവും കരുണയും കരുതലും ഇവിടെ നാം കാണുന്നു. ക്രിസ്തു അക്രമണത്തിന് എതിരെ ഉപദേശിച്ചു. ശത്രുക്കളെ സ്നേഹിക്കുവാൻ താൻ ശിഷ്യന്മാരെ പഠിപ്പിച്ചു (മത്താ. 5:44). വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിച്ചുകൊടുക്കുവാൻ നിയോഗം ലഭിച്ചവരാണ് ക്രിസ്തുവിന്റെ ശിഷ്യ ന്മാർ. ക്രിസ്തുമാർഗ്ഗം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും മാർഗ്ഗമാണ്. തന്നെ പിടിക്കുവാൻ വന്നവരോട്, “ഒരു കള്ളന്റെ നേരെ എന്നപോലെ നിങ്ങൾ വാളും വടിയുമായി എന്റെ നേരെ വന്നതെന്തെ”ന്ന് ചോദിച്ചു. കർത്താവ് സ്വയം അവർക്ക് ഏൽപ്പിച്ചുകൊടുത്തു. അപ്പോൾ അർദ്ധരാത്രിയായിരുന്നു.

### 7. ക്രിസ്തു മതകോടതിയുടെ മുമ്പിൽ

ക്രിസ്തുവിന്റെ മതകോടതിയുടെ വിസ്താരത്തിന് മൂന്ന് ഘട്ടങ്ങൾ ഉണ്ട്. ഒന്നാമതായി കർത്താവ് മഹാപുരോഹിതനായ ഹന്നാവിന്റെ മുമ്പാകെ വിസ്തരിക്കപ്പെട്ടു. രണ്ടാമതായി കയ്യഫാവിന്റെ മുമ്പിലും. അവസാനമായി ന്യായാധിപസംഘത്തിന്റെ മുമ്പാകെയും കർത്താവിനെ വിസ്തരിച്ചു. പടയാളി കൾ കർത്താവിനെ പരിഹസിച്ചു. കണ്ണുകെട്ടി തല്ലിയതിനുശേഷം 'നിന്നെ തല്ലിയവൻ ആര്' എന്ന് പരിഹാസത്തോടെ ചോദിച്ചു. സ്നേഹവാനായ കർത്താവ് പാപികളാൽ തനിക്ക് നേരിട്ട വിരോധം സന്തോഷത്തോടെ സഹിച്ചു. അതിരാവിലെ യേശുവിനെ ന്യായാധിപസംഘത്തിന്റെ മുൻപിൽ കൊണ്ടുവന്നു. അവർ കർത്താവിനോട്, "നീ ക്രിസ്തു എങ്കിൽ ഞങ്ങളോട് പറക" എന്ന് പറഞ്ഞു. കർത്താവ് അവരുടെ കാപട്യം അറിഞ്ഞിരുന്നു. അവർ ക്രിസ്തുവിൽ വിശ്വസിക്കുവാൻ മനസ്സുള്ളവർ ആയിരുന്നില്ല. മനുഷ്യ പുത്രൻ ദൈവശക്തിയുടെ വലതുഭാഗത്ത് ഇരിക്കുന്നത് അവർ കാണുന്ന ദിവസം വരുന്നു എന്ന് കർത്താവ് അവരോടു പറഞ്ഞു. തുടർന്ന് ന്യായാധിപ സംഘം "നീ ദൈവപുത്രൻ തന്നെയോ" എന്ന് യേശുവിനോട് ചോദിച്ചു. "ഞാൻ ആകുന്നു" എന്ന് കർത്താവ് മറുപടി പറഞ്ഞു. യെഹൂദന്മാരുടെ ന്യായപ്രമാണപ്രകാരം അത് ദൈവദൂഷണം ആണ്. അതിനുള്ള ശിക്ഷ മരണം ആകുന്നു. എന്നാൽ യെഹൂദന്മാർക്ക് അതിനുള്ള അധികാരം ഇല്ലായിരുന്നു. അവർ റോമൻ ഭരണത്തിൻ കീഴിലായിരുന്നു കഴിഞ്ഞത്. അതുകൊണ്ട് യേശുവിനെ റോമൻ ഗവർണ്ണറായ പീലാത്തൊസിന്റെ മുമ്പാകെ കൊണ്ടുപോയി. അവർ യേശുവിന്റെ നേരെ രാഷ്ട്രീയ കുറ്റം ആരോപിച്ചു.

### 8. ക്രിസ്തു പീലാത്തൊസിന്റെ മുൻപിൽ

പീലാത്തൊസിന്റെ മുൻപിൽ അവർ ക്രിസ്തുവിനെതിരെ മൂന്ന് കുറ്റങ്ങൾ ആരോപിച്ചു. 'ഇവൻ ഞങ്ങളുടെ ജാതിയെ മറിച്ചുകളയുന്നു.' 'താൻ ക്രിസ്തു എന്ന രാജാവാകുന്നു എന്നു പറഞ്ഞു.' 'കൈസർക്ക് കരംകൊടുക്കുന്നത് വിരോധിക്കുന്നു.' പീലാത്തൊസ് യേശുവിനോട്, "നീ യെഹൂദന്മാരുടെ രാജാവോ" എന്ന് ചോദിച്ചു. "ഞാൻ ആകുന്നു" എന്ന് അവൻ ഉത്തരം പറഞ്ഞു. കർത്താവിനോട് സംസാരിച്ച ശേഷം പീലാത്തൊസ് പുറത്തുവന്ന് "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല" എന്നു പറഞ്ഞു (യോഹ. 18:33-38). അപ്പോൾ പുരുഷാരം "അവൻ ഗലീലയിൽ തുടങ്ങി യെഹൂദ്യയിൽ എങ്ങും ഇവിടെയും പഠിപ്പിച്ചു ജനത്തെ കലഹിപ്പിക്കുന്നു" എന്നു പറഞ്ഞു. ഗലീല അന്ന് ഹെരോദാവിന്റെ അധികാരത്തിൽ ഉൾപ്പെട്ട പ്രദേശം ആയിരുന്നതിനാൽ യേശുവിനെ അവന്റെ അടുക്കൽ അയച്ചു. ഇവിടെ നാം ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ ഉണ്ട്. ഏതാനും ദിവസങ്ങൾക്ക് മുൻപ് യേശുവിന് ഹോശന്നാ പാടിയവരാണ് ഇന്ന് അവനെ കുറ്റപ്പെടുത്തുന്നത്. അവർ കർത്താവിന്റെ ഉപദേശങ്ങളിൽ വിസ്മയിച്ചവരാണ്. എന്നാൽ അവരുടെ വിസ്മയത്തിൽ വിശ്വാസം ഉണ്ടായിരുന്നില്ല. ആ പുരുഷാരം അവനെ ക്രൂശിക്കുവാൻ ആർത്തുവിളിച്ചു. ഇന്നും ബൈബിളിനെയും ക്രിസ്തുവിനെയും കുറിച്ച് കേൾക്കുമ്പോൾ വിസ്മയിക്കുകയും ക്രിസ്തുവിനെ ക്രൂശിക്കുവാൻ ആർത്തുവിളിക്കുകയും ചെയ്യുന്ന പുരുഷാരം ഇല്ലേ? നമുക്ക് ക്രിസ്തുവിനോടുള്ള ബന്ധം എങ്ങനെയുള്ളതെന്ന് പരിശോധിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഹെരോദാവ് യേശുവിനെ കണ്ടിട്ട് അത്യന്തം സന്തോഷിച്ചു. മതനേതാക്കന്മാർ അവനെ കുറ്റംചുമത്തിയത് കേട്ടു. അതിന്റെ ശേഷം യേശുവിനെ പരിഹസിച്ചു. അവൻ ചെയ്യുന്ന അടയാളങ്ങൾ കാണുവാൻ ആഗ്ര ഹിച്ചു. പിന്നെ അവനെ പീലാത്തൊസിന്റെ അടുക്കലേക്ക് അയച്ചു. ഹെരോദാവ് കർത്താവിനോട് വളരെ ചോദിച്ചിട്ടും അവൻ അവനോട് ഉത്തരം ഒന്നും പറഞ്ഞില്ല എന്നുള്ളത് ശ്രദ്ധേയമത്രെ. ശത്രുക്കളായിരുന്ന പീലാത്തൊസും ഹെരോദാവും തമ്മിൽ അന്നുമുതൽ സ്നേഹിതരായി. ഇന്നും ക്രിസ്തുമാർഗ്ഗത്തെ ഉപദ്രവിക്കുവാൻ, ബദ്ധശത്രുക്കൾ സ്നേഹബന്ധം സ്ഥാപിക്കുന്നത് കാണാം. എന്നാൽ ദൈവമക്കൾ നന്മചെയ്യുവാൻ ഐകമത്യപ്പെടുന്നില്ല എന്നുള്ളത് ഒരു ദുഃഖസത്യമാകുന്നു.

### 9. പീലാത്തൊസ് യേശുവിനെ മരണത്തിന് വിധിച്ചു

യേശുവിനെ പീലാത്തൊസ് നാലുപ്രാവശ്യം, അവൻ നിർദ്ദോഷിയാകുന്നു എന്ന് പ്രസ്താവിക്കുന്നു. എന്നാൽ അവൻ ജനത്തെ ഭയപ്പെടുകയാൽ യേശുവിനെ വെറുതെ വിട്ടില്ല. പീലാത്തൊസ് മഹാപുരോഹിതന്മാരെയും പ്രമാണികളെയും ജനത്തെയും വിളിച്ചുകൂട്ടി, യേശുവിനെ വിസ്തരിച്ച ശേഷം താനും ഹെരോദാവും അവനിൽ ഒരു കുറ്റവും കണ്ടില്ല എന്നുപറഞ്ഞു. യേശുവിനെ അടിപ്പിച്ചു വിട്ടയയ്ക്കുവാൻ പീലാത്തൊസ് ആഗ്രഹിച്ചു. യെഹൂദന്മാർക്ക് അത് സ്വീകാര്യമായിരുന്നില്ല. 'യേശുവിനെ ക്രൂശിക്ക, ക്രൂശിക്ക' എന്ന് അവർ നിലവിളിച്ചു. കലഹവും കൊലയും ഹേതുവായി തടവിലായിരുന്ന ബറബ്ബാസിന് അവർ ക്രിസ്തുവിനേക്കാൾ വില നൽകി. അവരുടെ അപേക്ഷ ഫലിച്ചു. പീലാത്തൊസ് ബറബ്ബാസിനെ വിട്ടുകൊടുക്കുകയും യേശുവിനെ അവരുടെ ഇഷ്ടപ്രകാരം ക്രൂശിക്കുവാൻ ഏല്പിച്ചു കൊടുക്കുകയും ചെയ്തു. ബറബ്ബാസ് മോചിതനാകുവാൻ പരിശുദ്ധനായ ദൈവപുത്രൻ ക്രൂശിക്കപ്പെടേണ്ടത് ആവശ്യമായിരുന്നു. പ്രിയ സ്നേഹിതരേ, നമ്മെ പാപത്തിന്റെ ശിക്ഷയിൽനിന്നും വിടുവിക്കുവാൻ ക്രിസ്തു മരണം ആസ്വദിച്ചു. ആ കർത്താവിനെ വിശ്വാസത്താൽ രക്ഷകനായി അംഗീകരിക്കുവാൻ കഴിയുന്നതിനേക്കാൾ വലിയ ഭാഗ്യം മറ്റൊന്നില്ല.

## അദ്ധ്യായം 12

# ക്രിസ്തുവിന്റെ മരണം

**വായനഭാഗം: 23:26-56**

അതൊരു വെള്ളിയാഴ്ച ദിവസം ആയിരുന്നു. പീലാത്തൊസ് നിർദ്ദോഷിയായ യേശുവിനെ യെഹൂദരുടെ ഇഷ്ടത്തിന് ഏല്പിച്ചുകൊടുത്തു. പട യാളികൾ അവനെ ക്രൂശിക്കുവാൻ കൊണ്ടുപോയി. ക്രിസ്തുവിനെ ക്രൂശി ക്കേണ്ടതിന് ഏൽപ്പിച്ചത് ഒരു യാദൃച്ഛിക സംഭവമല്ല. അപ്പൊ. പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ പത്രൊസിന്റെ പ്രസംഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് "നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏൽപ്പിച്ചിട്ട്, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചുകൊന്നു" എന്നത്രെ. ഇവിടെ ദൈവം ഏല്പിച്ചുകൊടുത്തു എന്നാണ് പരിശുദ്ധാത്മാവ് പത്രൊസ് മൂലം പ്രസ്താവിച്ചത്. തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രൻ എന്ന് പൗലൊസപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നു (ഗലാ. 2:20). നിത്യാത്മാവിനാൽ അർപ്പിച്ച ക്രിസ്തു എന്ന് എബ്രായ ലേഖനം 9-ാം അദ്ധ്യായത്തിൽ കാണുന്നു. അങ്ങനെ ത്രിയേകദൈവം നമ്മുടെ രക്ഷയ്ക്കുവേണ്ടി ഒരുക്കിയ കാൽവറിയിലെ ക്രൂശിലേക്കുള്ള ക്രിസ്തുവിന്റെ യാത്ര എത്ര അത്ഭുതകരമാണ്.

## 1. ക്രിസ്തു പടയാളികളാൽ നിന്ദിക്കപ്പെട്ടു

പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിശുദ്ധനുമായ ദൈവപുത്രൻ ക്രൂരന്മാരായ പടയാളികളാൽ നിന്ദിതനും നിസ്സാരനുമായിത്തീർന്നു. അവർ അവന്റെ വസ്ത്രമഴിച്ച് ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. ആ ചുവന്ന മേലങ്കി പാപത്തെ കാണിക്കുന്നു. പാപികളായ നമ്മെ, തന്റെ നീതി എന്ന അങ്കി ഉടുപ്പിക്കുവാൻ കർത്താവ് ഇതൊക്കെയും സഹിച്ചു (യെശ. 1:18, 2 കൊരി. 5:21). മുള്ളു കൊണ്ട് ഒരു കിരീടം മെടഞ്ഞ് അവന്റെ തലമേൽ വച്ചു, വലംകയ്യിൽ ഒരു കോലും കൊടുത്ത് അവന്റെ മുമ്പിൽ മുട്ടുകുത്തി "യെഹൂദന്മാരുടെ രാജാവേ, ജയ ജയ" എന്ന് പരിഹസിച്ചു പറഞ്ഞു. പിന്നെ അവന്റെ മേൽ തുപ്പി. കോലു കൊണ്ട് അവന്റെ തലയിൽ അടിച്ചു. അവനെ പരിഹസിച്ചുതീർന്നപ്പോൾ മേലങ്കി നീക്കി സ്വന്തവസ്ത്രം ധരിപ്പിച്ചു ക്രൂശിപ്പാൻ കൊണ്ടുപോയി. നമ്മുടെ പാപങ്ങൾ മോചിക്കുവാൻ, നമ്മെ ദൈവസന്നിധിയിൽ മാന്യത ഉള്ളവർ ആക്കുവാൻ കർത്താവ് പാപികളാലുള്ള വിരോധം മുഴുവനായി സഹിച്ചു. ആ നല്ല നാഥനെ സ്നേഹിക്കുവാനും ധ്യാനിക്കുവാനും നമുക്കിടയാകട്ടെ.

## 2. ഗൊല്ഗോഥയിലേക്ക് പോകുന്ന ക്രിസ്തു

പടയാളികൾ കർത്താവിനെ കഠിനമായി ഉപദ്രവിക്കുകയും പരിഹസിക്കുകയും ചെയ്തശേഷം താൻ തന്നെ ക്രൂശു ചുമന്നുകൊണ്ട് പോകുവാൻ നിർബന്ധിച്ചു. അവൻ അങ്ങനെ ഗൊല്ഗോഥയിലേക്ക് മന്ദംമന്ദം ക്രൂശു ചുമന്നുകൊണ്ട് നടന്നു. ബലഹീനനായ കർത്താവിന് ക്രൂശു ചുമക്കുവാൻ കഴിയാതിരുന്നതുകൊണ്ടായിരിക്കാം കുറേനക്കാരനായ ശീമോൻ ക്രൂശ് ചുമപ്പാൻ നിർബന്ധിക്കപ്പെട്ടത്. ശീമോന്റെ രണ്ട് പുത്രന്മാർ ക്രിസ്തുവിന്റെ ശിഷ്യന്മാരായി പിൽക്കാലത്ത് തീർന്നു എന്നുള്ളത് ശ്രദ്ധേയമത്രെ (മർക്കൊ. 15:21). നാം കർത്താവിനുവേണ്ടി ചെയ്യുന്ന പ്രവൃത്തികൾ വരും തലമുറകൾ അനുഗ്രഹിക്കപ്പെടുവാൻ കാരണമാകും. തലയോടിടം എന്നർത്ഥമുള്ള ഗൊല്ഗോഥയിലെത്തിയപ്പോൾ അവർ കർത്താവിനു കൈപ്പുകലർത്തിയ വീഞ്ഞ് കുടിപ്പാൻ കൊടുത്തു. ഒരു തരത്തിലുള്ള മയക്കുമരുന്നായിരുന്നു അത്. അത് കുടിപ്പാൻ കർത്താവിന് മനസ്സായില്ല. പാപത്തിന്റെ ശിക്ഷ സുബോധത്തോടെ അവൻ നമുക്കുവേണ്ടി അനുഭവിച്ചു.

## 3. ക്രിസ്തുവിന്റെ പീഡ

പാപരഹിതനായ ക്രിസ്തുവിന്റെ കാലുകളും കരങ്ങളും നീളമുള്ള ആണികൾകൊണ്ട് ക്രൂശിൽ തറച്ച ശേഷം ആഴമുള്ള കുഴിയിലേക്ക് അതിട്ടു. അപ്പോൾ അവന്റെ കൈകാൽ ബന്ധങ്ങൾ അതിവേദന അനുഭവിച്ചിരി ക്കണം. പടയാളികൾ ചീട്ടിട്ട് അവന്റെ വസ്ത്രം പകുത്തെടുത്തു. വലത്തും ഇടത്തുമായി രണ്ട് കള്ളന്മാരെയും അവനോടുകൂടെ ക്രൂശിച്ചു. കടന്നുപോകുന്നവർ അവനെ ദുഷിക്കുകയും പരിഹസിക്കുകയും ചെയ്തു. കള്ളന്മാരും അവനെ നിന്ദിച്ചു. ക്രൂശിൽ കിടന്നു വേദനയും പരിഹാസവും അനുഭവിക്കുമ്പോഴും ക്രിസ്തുവിൽനിന്നും പുറപ്പെട്ട വാക്കുകൾ ആരെയും ആകർഷിക്കുവാൻ മതിയായതാണ്. "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കണമേ." ക്രൂശിൽ കിടന്നുകൊണ്ട്, കരയുന്ന സ്ത്രീകളെ അവൻ ആശ്വസിപ്പിച്ചു. തന്റെ മാതാവിനെ പരിപാലിക്കുവാനുള്ള ഉത്തരവാദിത്വം യോഹന്നാനെ ഏൽപ്പിച്ചു. ക്രിസ്തുവിൽനിന്നും പുറപ്പെട്ട വാക്കുകൾ തന്നോടുകൂടെ ക്രൂശിക്കപ്പെട്ട ഒരു കള്ളനിൽ രൂപാന്തരം സൃഷ്ടിച്ചു. അവൻ യേശുവിനോട്, "നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ" എന്നപേക്ഷിച്ചു. യേശു അവനോട്, "ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" എന്നു പറഞ്ഞു. കള്ളൻ കർത്താവിന്റെ പ്രായശ്ചിത്തമരണത്തിലും ഉയിർത്തെഴുന്നേല്പിലും വിശ്വാസമുള്ളവൻ ആയിരുന്നു. തന്നിൽ വിശ്വസിക്കുന്ന ഏത് മഹാപാപിയെയും രക്ഷിക്കുവാൻ ക്രിസ്തു മനസ്സുള്ളവൻ ആകുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മരിക്കുമ്പോൾ ദണ്ഡനസ്ഥലത്തേക്കല്ല പ്രത്യുത കർത്താവിന്റെ സന്നിധിയിലേക്കാണ് പോകുന്നത്. അത് സ്വർഗ്ഗീയ സന്തോഷം പ്രദാനം ചെയ്യും. ക്രൂശിൽ കിടന്ന കള്ളൻ ക്രിസ്തുവിൽ വിശ്വസിക്ക മാത്രം ചെയ്തു. രക്ഷയ്ക്ക് അടിസ്ഥാനമായിരിക്കുന്നത് ക്രിസ്തുവിലുള്ള വിശ്വാസം മാത്രമാണ്.

### 4. ക്രിസ്തുവിന്റെ മരണവിധം

കർത്താവ് ക്രൂശിൽ ആറ് മണിക്കൂർ നേരം കഷ്ടം അനുഭവിച്ചു. ഏകദേശം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെ. ക്രിസ്തു കഷ്ടം അനുഭവിച്ചതുപോലെ മറ്റൊരുത്തരും കഷ്ടം അനുഭവിച്ചിട്ടില്ല. നാം പാപത്തിന്റെ ഫലമായി ശാപവും കഷ്ടവും സഹിക്കുന്നു. എന്നാൽ ക്രിസ്തു ദൈവപുത്രനും പാപരഹിതനും ആകുന്നു. അവൻ പാപം അറിഞ്ഞിട്ടില്ല (2 കൊരി. 5:21). അവൻ പാപം ചെയ്തിട്ടില്ല (1 പത്രൊ. 2:22). അവനിൽ പാപമില്ല (1 യോഹ. 3:6).

എങ്കിലും അവൻ നമുക്കുവേണ്ടി പാപമാക്കപ്പെട്ടു. മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്ന നമ്മെ വിടുവിക്കാൻ ക്രിസ്തു മനുഷ്യനായി അവതരിച്ചു. നമ്മെ ദൈവമക്കൾ ആക്കുവാൻ നമ്മുടെ രക്ഷാനായകൻ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായി (എബ്രാ. 2:10-15).

ദൈവപുത്രൻ തച്ചന്റെ മകൻ എന്ന് വിളിക്കപ്പെട്ടു. ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്ന് അവൻ അറിയപ്പെട്ടു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം അവനെ മരണത്തിന് ഏൽപ്പിച്ചു. ഒരു ഭക്തൻ പാടിയത് ക്രിസ്തുവിന്റെ ദണ്ഡനങ്ങളുടെ കാഠിന്യം വ്യക്തമാക്കുന്നു:

"വർണ്ണ്യമല്ല ദേവാ, തവ ദണ്ഡനങ്ങൾ ഭൂഭാഷയിൽ
പൂർണ്ണമായി ഗ്രഹിപ്പാനുമീ മന്നിലില്ലയാരും ദൃഢം."

അവസാനത്തെ മൂന്നു മണിക്കൂറുകളിൽ കർത്താവ് അനുഭവിച്ച വ്യഥ അതിഭയങ്കരമായിരുന്നു. ഏകദേശം ഉച്ചയ്ക്ക് 12 മണി മുതൽ 3 മണി നേരം വരെ ദേശത്ത് ഒക്കെയും അന്ധകാരം വ്യാപിച്ചു. പിതാവ് പുത്രനെ മറന്ന മണിക്കൂറുകൾ ആയിരുന്നു അത്. യെഹൂദന്മാരുടെ ദൈവാലയത്തിലെ തിരശ്ശീല നടുവേ ചീന്തിപ്പോയി. ഇത് ചൂണ്ടിക്കാണിക്കുന്നത് ദൈവസന്നിധിയിലേക്കുള്ള പ്രവേശനം ക്രിസ്തു തുറന്നുതന്നിരിക്കുന്നു എന്നത്രെ. മതത്തിന്റെ ആചാരങ്ങളും ചടങ്ങുകളും അതിന് ഇനിയും ആവശ്യമില്ല. ലോകത്തിന്റെ പാപം ക്രിസ്തു ചുമന്ന മണിക്കൂറുകൾ ആയിരുന്നു അത്. ക്രിസ്തു അവിടെ കിടന്നുകൊണ്ട് "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്" എന്നപേക്ഷിച്ചു. എന്നാൽ അതിന് സ്വർഗ്ഗത്തിൽനിന്നും മറുപടി ഉണ്ടായില്ല. ഒടുവിൽ യേശു അത്യുച്ചത്തിൽ "പിതാവേ, ഞാൻ എന്റെ ആത്മാ വിനെ തൃക്കയ്യിൽ ഏൽപ്പിക്കുന്നു"വെന്ന് നിലവിളിച്ചുപറഞ്ഞു. അങ്ങനെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുള്ളതെല്ലാം നിവർത്തിച്ച ശേഷം ക്രിസ്തു പ്രാണനെ വിട്ടു. ക്രൂശിൽ മരിക്കുമ്പോഴും കർത്താവ് അധികാരം ഉള്ളവൻ ആയിരുന്നു. ഇത് കണ്ട ശതാധിപൻ "ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു"വെന്ന് സാക്ഷിച്ചു. ക്രിസ്തുവിന്റെ മരണംപോലെ ഒരു മരണം ഉണ്ടായിട്ടില്ല. ക്രൂശിൽ കർത്താവ് സർവ്വലോകത്തിന്റെയും പാപത്തിനുള്ള ശിക്ഷ സഹിച്ചു. ദൈവസ്നേഹം പാപിയുടെ നേർക്ക് ചിറപ്പൊട്ടിയൊഴുകിയ മണിക്കൂറുകൾ ആയിരുന്നു അത്.

### 5. ക്രിസ്തുവിന്റെ അടക്കം

ക്രിസ്തുവിന് അനേകം ശിഷ്യന്മാർ ഉണ്ടായിരുന്നു. അവരിൽ ഒരുവനായിരുന്നു അരിമഥ്യയിലെ യോസേഫ്. അവൻ നല്ലവനും നീതിമാനും ദൈവരാജ്യത്തെ കാത്തിരുന്നവനുമായ ഒരു മന്ത്രിയായിരുന്നു. ക്രിസ്തുവിന്റെ രഹസ്യശിഷ്യനായിട്ടാണ് ഇതുവരെ കഴിഞ്ഞത്. ന്യായാധിപസംഘത്തിന്റെ തീരുമാനങ്ങളോട് അവനു യോജിപ്പില്ലായിരുന്നു. അവൻ പീലാത്തൊസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. തന്റെ ഗുരുവിന് മാന്യമായ ഒരു സംസ്കാരം നല്കുവാൻ അവന്റെ ഹൃദയം തുടിച്ചു. പീലാത്തൊസ് അനുവാദം നല്കി. യോസേഫ് യേശുവിന്റെ ശരീരം ക്രൂശിൽനിന്നും ഇറക്കി ഒരു ശീലയിൽ പൊതിഞ്ഞു. മറ്റൊരു ശിഷ്യനായിരുന്ന നിക്കൊദേമൊസ് ഏകദേശം നൂറ് റാത്തൽ മൂറും അകിലും കൊണ്ടുള്ള സുഗന്ധവർഗ്ഗം കൊണ്ടുവന്നു. അവർ യേശുവിന്റെ ശരീരം ബഹുമാനപുരസ്സരം അതിൽ പൊതിഞ്ഞു കെട്ടി. ആരെയും വെച്ചിട്ടില്ലാത്ത പുതിയ കല്ലറയിൽ യേശുവിന്റെ ശരീരം അടക്കി. ഗലീലയിൽനിന്നുള്ള സ്ത്രീകൾ അതിന് സാക്ഷിനിന്നു. മതനേതാക്കളുടെ ആവശ്യപ്രകാരം കല്ലറയ്ക്ക് മുദ്രവെക്കുകയും കാവൽ കൂട്ടത്തെ നിറുത്തി ഉറപ്പാക്കുകയും ചെയ്തു.

### 6. ക്രിസ്തുവിന്റെ ക്രൂശുമരണം നിസ്തുല്യമാകുന്നു

പാപത്തിന്റെ ശിക്ഷയാകുന്നു മരണം. ക്രിസ്തു പാപരഹിതൻ ആകയാൽ മരിക്കേണ്ട ആവശ്യം ഇല്ല. എന്നാൽ ലോകത്തിന്റെ പാപത്തിന് പരിഹാരം വരുത്തുവാൻ ജനിച്ച ക്രിസ്തു ലോകസ്ഥാപനത്തിന് മുൻപേ അറുക്കപ്പെട്ട കുഞ്ഞാടാണ്. അവൻ ജനിച്ചത് നമുക്കുവേണ്ടി മരിക്കുവാനാണ്. "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമർ 5:8). ആ സ്നേഹത്തിന്റെ മുൻപിൽ നമ്മുടെ തലകളെ വണക്കാം.

### 7. ക്രിസ്തുവിന് നീതിയുള്ള വിചാരണ ലഭിച്ചില്ല

ക്രിസ്തുവിന്റെ അറസ്റ്റിലും വിചാരണയിലും യെഹൂദനിയമങ്ങൾ ലംഘിച്ചിരുന്നു എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

1. മരണശിക്ഷയ്ക്ക് അറസ്റ്റ് ചെയ്യുന്നത് രാത്രിയിൽ ആയിരിക്കരുത്.
2. അറസ്റ്റ് ചെയ്യുന്നത് തെളിവിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം.
3. സാക്ഷികളുടെ മുമ്പാകെ വിചാരണ ചെയ്ത ശേഷം രണ്ട് ദിവസങ്ങൾ കഴിഞ്ഞു മാത്രമേ വിധി പ്രസ്താവിക്കാവൂ.
4. ന്യായാധിപസംഘത്തിലുള്ള എല്ലാവരും സമ്മതിച്ചു മാത്രമേ വിധി പ്രസ്താവിക്കാവൂ.

നമ്മുടെ കർത്താവിന്റെ വിചാരണയിൽ ഈ നിയമങ്ങളെല്ലാം ലംഘിച്ചിരുന്നു. അവൻ പാപികളാലുള്ള വിരോധം അങ്ങനെ നമുക്കുവേണ്ടി സഹിച്ചു.

## 8. ക്രിസ്തുവിന്റെ മരണം പ്രവചനനിവൃത്തിയായിരുന്നു

1. ക്രിസ്തു അതിക്രമക്കാരോട് കൂടെ എണ്ണപ്പെട്ടു മരിച്ചു. അവൻ രണ്ടു കള്ളന്മാരുടെ മദ്ധ്യേ മരിച്ചു (യെശ. 53:12).
2. അവന്റെ മരണത്തിൽ ക്രിസ്തു സമ്പന്നന്മാരോട് കൂടെ ആയിരുന്നു (യെശ. 53:9). ക്രിസ്തുവിനെ അടക്കിയത് പാറയിൽ വെട്ടിയിരുന്നതും ആരെയും ഒരിക്കലും വച്ചിട്ടില്ലാത്തതുമായ കല്ലറയിൽ ആയിരുന്നു.
3. അവന്റെ അസ്ഥികൾ ഒന്നും ഒടിഞ്ഞുപോകയില്ല (സങ്കീ. 34:20). പടയാളികൾ യേശു മരിച്ചുപോയി എന്ന് കാൺകയാൽ അവന്റെ കാൽ ഒടിച്ചില്ല (യോഹ. 19:33).

ക്രൂശുമരണം ശ്വാസം മുട്ടിയുള്ള മരണം ആയിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. യേശുവിന്റെ കാലുകൾ ആണികൊണ്ട് ക്രൂശിൽ തറയ്ക്കപ്പെട്ടിരുന്നു. നമ്മുടെ കർത്താവ് ശ്വാസോച്ഛ്വാസം ചെയ്യുവാൻ കാലിൽ ബലം പ്രയോഗിച്ചിരുന്നു. തൽഫലമായി അവൻ ക്ഷീണിതനായി തീർന്നു. ബലം നഷ്ടപ്പെടുമ്പോൾ ശ്വാസോച്ഛ്വാസം ചെയ്യാൻ കഴിയാതെ വരും. അങ്ങനെ സംഭവിക്കുകയാണ് പതിവ്. കാൽ ഒടിക്കുന്നതിന്റെ ഫലമായി അങ്ങനെ സംഭവിക്കും. അതിനായിട്ടാണ് പടയാളികൾ വന്നത്. എന്നാൽ കർത്താവ് അതിനുമുമ്പായി മരിച്ചുകഴിഞ്ഞിരുന്നു. എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. ക്രിസ്തു താൻ മരിച്ചാലും ഉയിർത്തെഴുന്നേൽക്കും എന്ന് പ്രവചിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് താൻ മരിച്ചു എന്നുറപ്പുവരുത്തുവാൻ പടയാളികൾ അവന്റെ വിലാപ്പുറത്ത് കുത്തി. അവന്റെ വിശുദ്ധ രക്തം നമ്മുടെ വീണ്ടെടുപ്പിന്റെ വിലയാകുന്നു. കർത്താവിന്റെ ആണിപ്പാടുള്ള കരങ്ങളും തുളയ്ക്കപ്പെട്ട വിലാപ്പുറവും കാണുന്ന നമുക്ക് അവനെ എങ്ങനെ സ്നേഹിക്കാതിരിക്കുവാൻ കഴിയും?

****